ഇരുപതാം ശതകത്തിന്റെ ആദ്യ ദശകങ്ങളിൽ കേരളത്തിലെ സാഹിത്യ - സാമൂഹിക - രാഷ്ട്രീയ രംഗങ്ങളിൽ പ്രമുഖ പങ്കു വഹിച്ച ഒരു പ്രതിഭാശാലിയാണ് **സാഹിത്യ പഞ്ചാനനൻ പി. കെ. നാരായണപിള്ള (1878 - 1938).** ശ്രീമൂലം പ്രജാസഭയിൽ രണ്ടു പ്രാവശ്യവും പിന്നീട് പരിഷ്കരിച്ച നിയമസഭയിൽ രണ്ടു പ്രാവശ്യവും തിരഞ്ഞെടുക്കപ്പെട്ട സാമാജികനായിരുന്ന അദ്ദേഹം തന്റെ പാണ്ഡിത്യവും നിയമ വിജ്ഞാനവും നിയമ നിർമ്മാണ രംഗത്തും ഭരണ വിമർശന രംഗത്തും സമർത്ഥമായി വിനിയോഗിച്ചു. ഗദ്യകാരൻ, കവി, വൈയാകരണൻ, വിമർശകൻ, പ്രഭാഷകൻ എന്നീ പഞ്ചാനനങ്ങളിൽ (അഞ്ചു മുഖങ്ങളിൽ) തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ഒരു അപൂർവ്വ പ്രതിഭാശാലിയായിരുന്നു സാഹിത്യ പഞ്ചാനനൻ പി. കെ. നാരായണപിള്ള.


പതിനഞ്ചദ്ധ്യായങ്ങളിലായി രചിക്കപ്പെട്ട ഈ ലഘുജീവചരിത്രത്തിൽ സാഹിത്യ പഞ്ചാനനന്റെ വൈവിദ്ധ്യമാർന്ന വ്യക്തിത്വത്തെ സവിസ്തരം വർണ്ണിച്ചിരിക്കുന്നു.

**ഡോ. എം. ഗോപാലകൃഷ്ണൻ നായർ** തിരുവനന്തപുരത്ത് നേമം സ്വദേശി. ജനനം 1948 ആഗസ്റ്റ് മാസത്തിൽ. ഏറത്തു വീട്ടിൽ പരേതയായ രുഗ്മിണി അമ്മയുടേയും മാധവൻ പിള്ളയുടേയും പുത്രൻ. തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി കോളജിൽ നിന്ന് 1972-ൽ പ്രശസ്തമായ നിലയിൽ മലയാള സാഹിത്യത്തിൽ എം. എ ബിരുദം നേടി. കേരളാ സർവ്വകലാശാലയിൽ നിന്ന് എം. ഫിൽ ബിരുദവും പി.എച്ച്.ഡി ബിരുദവും നേടിയിട്ടുണ്ട്. സാഹിത്യ പഞ്ചാനനന്റെ സംഭാവനകളായിരുന്നു ഗവേഷണ വിഷയം. സാഹിത്യ പഞ്ചാനനന്റെ കൃതികൾ കണ്ടെടുത്ത് സമാഹരിച്ച് എഡിറ്റു ചെയ്തിട്ടുണ്ട്. ഗവേഷണ - വിമർശന സ്വഭാവമുള്ള കുറേ ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ കോട്ടയം ജില്ലയിലുള്ള പാലാ സെൻറ് തോമസ്സ് കോളേജിലെ മലയാളവിഭാഗത്തിൽ അദ്ധ്യാപകനായി ജോലി നോക്കുന്നു.

*Sahitya Panchananan P.K.Narayana Pillai* Malayalam
ISBN : 81-260-1639-6 Rs.25

# സാഹിത്യപഞ്ചാനനൻ
# പി. കെ. നാരായണപിള്ള

എം. ഗോപാലകൃഷ്ണൻ നായർ



ഭാരതീയ
സാഹിത്യ
ശില്പികൾ

സാഹിത്യപഞ്ചാനനൻ

പി. കെ. നാരായണപിള്ള

പുറം ചട്ടയ്ക്കും അകം ചട്ടയ്ക്കും ഉള്ളിൽ എടുത്തു ചേർത്തിരിക്കുന്ന ശില്പത്തിന്റെ ഛായാചിത്രം ബുദ്ധമാതാവായ മായാദേവിയുടെ സ്വപ്നത്തെ മൂന്നു ദൈവജ്ഞന്മാർ ശുദ്ധോദനമഹാരാജാവിനു വ്യാഖ്യാനിച്ചു കൊടുക്കുന്ന ദൃശ്യം ആവിഷ്കരിക്കുന്നു. അവർക്കു താഴെ ആ വ്യാഖ്യാനം രേഖപ്പെടുത്തുന്ന എഴുത്തുകാരൻ ഇരിക്കുന്നു. ലേഖനവിദ്യയെ സംബന്ധിച്ച് ഭാരതത്തിൽ ലഭ്യമായ ആദ്യത്തെ ചിത്രീകൃതരേഖ ഒരുപക്ഷേ ഇതാകാം.

(നാഗാർജുനകൊണ്ടയിൽ നിന്നു ലഭിച്ചത്. എ.ഡി. രണ്ടാം നൂറ്റാണ്ട്. കടപ്പാട് : നാഷണൽ മ്യൂസിയം, ന്യൂഡൽഹി)

ഭാരതീയ സാഹിത്യ ശില്പികൾ

# സാഹിത്യപഞ്ചാനനൻ
# പി. കെ. നാരായണപിള്ള

എം. ഗോപാലകൃഷ്ണൻ നായർ

സാഹിത്യ അക്കാദമി

*Sahitya Panchananan P.K. Narayana Pillai* : Monograph in Malayalam by M. Gopalakrishnan Nair, Sahitya Akademi, New Delhi, 2003, Rs. 25

സാഹിത്യ അക്കാദമി

രബീന്ദ്ര ഭവൻ, 35, ഫെറോസ്ഷാ റോഡ്, ന്യൂഡൽഹി 110 001

വിതരണം: 'സ്വാതി', മന്ദിർ മാർഗ്, ന്യൂഡൽഹി 110 001

23A/44 X, ജീവൻ താരാ ബിൽഡിംഗ്, ഡയമണ്ട് ഹാർബർ റോഡ്,
കൊൽക്കത്ത 700 053

172, മുംബൈ മറാത്തി ഗ്രന്ഥ സംഗ്രഹാലയ മാർഗ്, ദാദർ,
മുംബൈ 400 014

സെൻട്രൽ കോളേജ് കാമ്പസ്,
ഡോ. ബി.ആർ. അംബേദ്കർ വീഥി, ബാംഗ്ലൂർ 560 001

സി.ഐ.ടി. കാമ്പസ്, ടി.ടി.ടി.ഐ. പോസ്റ്റ്,
തരമണി, ചെന്നൈ 600 113

ISBN : 81-260-1639-6

© സാഹിത്യ അക്കാദമി

ആദ്യ പ്രസിദ്ധീകരണം 2003

Rs. 25

Laser Typesetting by M/s Omega Lasertech, Bangalore and printed at The Nellai Printers, Chennai - 81.

# വിഷയവിവരം

| | | |
|---|---|---|
| 1. | ആമുഖം | 7 |
| 2. | അനൗദ്യോഗിക ബിരുദങ്ങൾ | 11 |
| 3. | മാതാപിതാക്കൾ – ബാല്യകാലസാഹചര്യങ്ങൾ | 13 |
| 4. | വിദ്യാഭ്യാസം | 17 |
| 5. | ഔദ്യോഗിക രംഗം | 22 |
| 6. | രാഷ്ട്രീയ-സാംസ്കാരിക -സാമുദായിക പ്രവർത്തനങ്ങൾ | 30 |
| 7. | ആനുകാലിക പ്രസിദ്ധീകരണങ്ങളും പി. കെ. യും | 43 |
| 8. | സാഹിത്യ വിമർശകൻ | 46 |
| 9. | ഗവേഷകൻ | 57 |
| 10. | വൈയാകരണൻ - ഗദ്യകാരൻ | 58 |
| 11. | കവി | 64 |
| 12. | പ്രസംഗകൻ | 70 |
| 13. | ഗൃഹസ്ഥാശ്രമി | 72 |
| 14. | ഉപസംഹാരം | 76 |
| 15. | തിരഞ്ഞെടുക്കപ്പെട്ട ഗ്രന്ഥസൂചി | 79 |

# 1

## ആമുഖം

ഇരുപതാംശതകത്തിന്റെ ആദ്യദശകങ്ങളിൽ കേരളത്തിലെ സാഹിത്യ-സാമൂഹിക-രാഷ്ട്രീയ രംഗങ്ങളിൽ സജീവമായി വ്യാപരിച്ചുകൊണ്ട്, സമൂഹത്തിന് മുന്നോട്ടുള്ള വഴികാട്ടിക്കൊടുക്കുന്നതിൽ പ്രമുഖ പങ്കു വഹിച്ച ഒരു പ്രതിഭാശാലിയാണ് സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള. (1878-1938) പത്തൊൻപതാം ശതകാന്ത്യവും ഇരുപതാം ശതകാരംഭവും കേരളത്തെ സംബന്ധിച്ചിടത്തോളം നവോത്ഥാനത്തിന്റെ കാലഘട്ടമാണ്. എല്ലാ രംഗങ്ങളിലും സാർവ്വത്രികമായ ഒരു ഉണർവ്വ് ആ കാലഘട്ടത്തിൽ പ്രത്യക്ഷപ്പെട്ടു. പത്തൊൻപതാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ വ്യാപിച്ചു വന്ന ഇംഗ്ലീഷ് വിദ്യാഭ്യാസവും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വൻതോതിലുള്ള പ്രചാരവും വാർത്താവിനിമയം, യാത്രാസൗകര്യം തുടങ്ങിയ മേഖലകളിലുണ്ടായ അഭിവൃദ്ധിയും ഒക്കെ ഈ നവോത്ഥാനത്തിനു പശ്ചാത്തലം ഒരുക്കിയ ഘടകങ്ങളാണ്. അതിപ്രാചീനമായ ഒരു പാരമ്പര്യത്തിനും സംസ്കാരത്തിനും ഉടമകളായതുകൊണ്ടു തന്നെ ആവാം ഭാരതത്തിൽ പൊതുവേ ഈ നവോത്ഥാന പ്രവണതകൾ സ്വന്തം സംസ്കാരത്തിന്റെ സമ്പൂർണ്ണ തിരസ്കാരത്തിൽ ചെന്നെത്തിയില്ല. കാലഗതിയിൽപെട്ട് വന്നുചേർന്ന ജീർണ്ണതകളെ പരിഹരിച്ച് ആരോഗ്യകരമായ ഒരു നവീകരണം നാനാരംഗങ്ങളിലും സമൂഹത്തിനുണ്ടാക്കുക മാത്രമാണ് നവോത്ഥാനം ചെയ്തത്. ഭാരതീയർ പൊതുവേ തന്നെ മാതൃഭാഷയെ ഉപേക്ഷിക്കുകയോ ആർഷസംസ്കാരത്തെ തിരസ്കരിക്കുകയോ ചെയ്തില്ല. അവയുടെ വളർച്ചയും അവയോടുള്ള പ്രതിപത്തിയും നവോത്ഥാന കാലഘട്ടത്തിൽ വർദ്ധിക്കുകയാണുണ്ടായത്. കേരളത്തിന്റെ സ്ഥിതിയും ഇതിൽ നിന്നു ഭിന്നമല്ല. ആത്മാഭിമാനവും സ്വാതന്ത്ര്യബോധവും ഇക്കാലത്ത് ജനമനസ്സുകളിൽ മുമ്പെന്നത്തേക്കാൾ ശക്തമായി.

സമൂഹത്തിന്റെ തുടിപ്പുകൾ ഉൾക്കൊള്ളുന്നതിൽ സാഹിത്യം എന്നും മുൻപന്തിയിലാണ്. കാല്പനിക പ്രവണതകൾ അക്കാലത്ത് അതിവേഗം

സാഹിത്യരംഗത്തു വ്യാപിച്ചു. ഗദ്യസാഹിത്യം അസാമാന്യമായി വികാസം ആർജ്ജിച്ചു. നോവൽ, ചെറുകഥ, നാടകം, വിമർശനം, ഉപന്യാസം തുടങ്ങിയ ഗദ്യസാഹിത്യശാഖകൾ ഈ കാലഘട്ടത്തിൽ വളർന്നു വികസിച്ചു. പദ്യസാഹിത്യവും സാമ്പ്രദായിക രീതികളെ ഗണ്യമായിത്തന്നെ തിരസ്കരിച്ച് പുതിയ രൂപഭാവങ്ങളാർജ്ജിച്ചു. പ്രസംഗ സമ്പ്രദായവും വളർച്ച നേടി.

സംസ്കൃതത്തിലും ആംഗലഭാഷയിലും ഒന്നുപോലെ പ്രവീണരായിരുന്നു അന്നത്തെ പ്രഗല്ഭസാഹിത്യകാരന്മാരിലേറെയും. പൗരസ്ത്യരീതിയ്ക്കും പാശ്ചാത്യരീതിയ്ക്കും ഉള്ള വിദ്യാഭ്യാസം നേടാൻ സാധിച്ചവരായിരുന്നു അവർ. ബഹുമുഖപ്രതിഭകളെന്നവരെ വിശേഷിപ്പിക്കാം. കേരളവർമ്മ വലിയകോയിത്തമ്പുരാൻ, ഏ. ആർ. രാജരാജവർമ്മ, ഒ. ചന്തുമേനോൻ, സി. വി. രാമൻപിള്ള, കുമാരനാശാൻ, ഉള്ളൂർ എസ്. പരമേശ്വരയ്യർ, സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള തുടങ്ങിയവർ അവരിൽ ചിലരാണ്. പക്ഷേ പി. കെ. യെപ്പോലെ പൊതുപ്രവർത്തകൻ, സമുദായ പരിഷ്കർത്താവ്, സാഹിത്യ വിമർശകൻ, സാഹിത്യ ഗവേഷകൻ, ഉപന്യാസകാരൻ, കവി, പ്രസംഗകൻ എന്നിങ്ങനെ വിവിധ തലങ്ങളിൽ ഒന്നുപോലെ വ്യക്തിമുദ്ര പതിപ്പിക്കാൻ ഇവരിലേറെപ്പേർക്കു സാധിച്ചിട്ടില്ല.

നവോത്ഥാന കാലഘട്ടത്തിൽ കേരളത്തിന്റെ സാംസ്കാരിക രംഗത്ത് വിപുലമായ പരിവർത്തനങ്ങളുണ്ടായി. ചട്ടമ്പിസ്വാമികൾ (1853-1924), നാരായണഗുരു സ്വാമികൾ (1854-1928) എന്നീ ബ്രാഹ്മണേതരരായ രണ്ടു സന്ന്യാസി ശ്രേഷ്ഠന്മാരുടെ ആവിർഭാവം ഒട്ടനവധി സാംസ്കാരിക പരിവർത്തനങ്ങൾക്കു വഴിതെളിച്ചു. വേദാധികാരം ബ്രാഹ്മണർക്കു മാത്രമെന്ന ചിരന്തനവിശ്വാസം ചോദ്യം ചെയ്യപ്പെട്ടു. ജാതീയമായ ഉച്ചനീചത്വങ്ങൾക്കും അയിത്തത്തിനും ക്ഷേത്രപ്രവേശനനിരോധനത്തിനും സഞ്ചാരസ്വാതന്ത്ര്യമില്ലായ്മയ്ക്കും എതിരേ ഉള്ള പ്രക്ഷോഭണങ്ങൾ നാടെങ്ങും വ്യാപിച്ചു. ശ്രീനാരായണ ധർമ്മ പരിപാലനസംഘം (1903) സാധുജനപരിപാലനസംഘം (1907) യോഗക്ഷേമസഭ (1908) നായർ സർവ്വീസ് സൊസൈറ്റി (1915) തുടങ്ങിയ സംഘടനകൾ സ്ഥാപിതമായി. സാമൂഹികമായ അവശതകൾക്കെതിരെയുള്ള സംഘടിതമായ പോരാട്ടം ഇതോടെ ആരംഭിച്ചു. സങ്കുചിതമായ സമുദായ താത്പര്യങ്ങൾക്ക് ഉപരിയായി കുറെയൊക്കെ പ്രവർത്തിക്കാനും അക്കാലത്ത് ഈ സംഘടനകൾക്കു കഴിഞ്ഞു. ടി. കെ. മാധവൻ, കുമാരനാശാൻ, അയ്യൻകാളി, വി. ടി. ഭട്ടതിരിപ്പാട്, ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, മന്നത്തു പത്മനാഭൻ തുടങ്ങി അനവധി



നേതാക്കൾ ആ കാലഘട്ടത്തിൽ മാറ്റങ്ങൾക്കുവേണ്ടി വാദിച്ചുകൊണ്ട് പൊതുരംഗത്തു സജീവമായി പ്രവർത്തിച്ചിരുന്നു. ഇക്കൂട്ടത്തിൽ അഗണ്യമല്ലാത്ത ഒരു സ്ഥാനം പി. കെ. യ്ക്കുമുണ്ട്. സഞ്ചാരസ്വാതന്ത്ര്യത്തിനും ആചാരപരിഷ്കാരത്തിനും വേണ്ടി വാദിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രബന്ധങ്ങളും പ്രസംഗങ്ങളും നിയമസഭാപ്രവർത്തനങ്ങളും ഈ സാംസ്കാരിക പരിവർത്തനത്തെ കുറച്ചൊന്നുമല്ല സഹായിച്ചത്. സ്മൃതിശാസ്ത്രാദികളുടെ വെളിച്ചത്തിൽ തന്നെ നിലവിലുള്ള സമ്പ്രദായങ്ങളുടെ അനാശാസ്യത വ്യക്തമാക്കാൻ സംസ്കൃത പണ്ഡിതനായ അദ്ദേഹത്തിനു സാധിച്ചു. സിംഹത്തെ അതിന്റെ ഗുഹയിൽ കടന്നെതിർക്കുകയാണ് അദ്ദേഹം ചെയ്തത്.

സമുദായസംഘടനകൾ അന്ന് അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുന്നതോടൊപ്പം സ്വയം പരിഷ്കരണത്തിനും പ്രത്യേകം ശ്രദ്ധ വച്ചിരുന്നു. അതിനു സഹായകമായി വെവ്വേറെ പത്രമാസികകളും മിക്ക സമുദായങ്ങൾക്കും അന്നുണ്ടായിരുന്നു. മരുമക്കത്തായമെന്ന ദായക്രമ വ്യവസ്ഥ പിന്തുടർന്നിരുന്ന സമുദായങ്ങളിലെ ഉത്പതിഷ്ണുക്കൾ മക്കത്തായ വ്യവസ്ഥയിലേയ്ക്ക് മാറുന്നതിന് ഉൽക്കടമായി ആഗ്രഹിച്ചു. നായർ സമുദായം ഇക്കൂട്ടത്തിലുള്ള ഒന്നാണ്. ദായക്രമമാറ്റത്തിനനുസൃതമായി കൂട്ടുകുടുംബ വ്യവസ്ഥിതി അവസാനിപ്പിക്കുകയും കുടുംബസ്വത്ത് വിഭജിക്കുകയും ചെയ്യേണ്ടതുണ്ട്. ഇത് നായർ സമുദായത്തിന്റെ ഒരു വലിയ പ്രശ്നമായിരുന്നു. നൂറ്റാണ്ടുകളായി പാലിച്ചു വരുന്ന ഒരു പിന്തുടർച്ചാവകാശക്രമത്തെ മാറ്റിമറിയ്ക്കുകയെന്നത് ക്ഷിപ്രസാദ്ധ്യമായ ഒന്നല്ല. ഒട്ടനവധി എതിർപ്പുകളും തിരിച്ചടികളും അങ്ങനെയൊരു നീക്കത്തിന് നേരിടേണ്ടിവരും. സമൂഹത്തിൽ നിലവിലുള്ള ആചാരങ്ങളേയും ഇതോടനുബന്ധിച്ച് മാറ്റേണ്ടതായിവരും. സമർത്ഥമായ ഒരു സമുദായനേതൃത്വത്തിനു മാത്രമേ ഈ വൈതരണി തരണം ചെയ്യാനാവൂ. സ്വസമുദായത്തിനുള്ളിൽ നടന്നുവന്ന ഈ പരിവർത്തനവാഞ്ഛയ്ക്ക് പി. കെ. സ്വന്തം പ്രബന്ധങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും മറ്റും ആവശ്യമായ താത്വിക പിൻബലം നല്കുകയും ഈ പരിഷ്കരണശ്രമങ്ങളെ പരമാവധി പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണം ഇന്നത്തെ കേരളത്തിന്റെ ഭാഗമായ അന്നത്തെ തിരുവിതാംകൂറിലുണ്ടായിരുന്നില്ല. അവരുടെ മേൽക്കോയ്മയിൻ കീഴിൽ നാട്ടുരാജാവാണ് ഈ പ്രദേശം ഭരിച്ചുകൊണ്ടിരുന്നത്. പ്രജകൾ പൊതുവേ രാജഭക്തരും സമാധാനപ്രിയരും ആണ്. ഈ സാഹചര്യത്തിൽ വിപുലമായ രാഷ്ട്രീയ പ്രക്ഷോഭണങ്ങൾക്കൊന്നും 20-ാം ശതകാ

രംഭത്തിൽ തിരുവിതാംകൂറിൽ സാദ്ധ്യതയുണ്ടായിരുന്നില്ല. പൊതുവേ വിശാലമനസ്കരായ തിരുവിതാംകൂർ രാജാക്കന്മാർ പ്രജാഹിതൈഷികളും കൂടിയായിരുന്നു. 1888-ൽ തന്നെ അന്നത്തെ തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീമൂലം തിരുനാൾ ലെജിസ്ലേറ്റീവ് കൗൺസിൽ സ്ഥാപിക്കുകയും നിയമനിർമ്മാണത്തിൽ ജനകീയ പങ്കാളിത്തം അനുവദിക്കുകയും ചെയ്തു. തുടർന്ന് സ്വാതന്ത്ര്യലബ്ധിവരെയും ഉദ്യോഗസ്ഥാനുദ്യോഗസ്ഥാംഗങ്ങളുൾപ്പെട്ടതും ജനകീയ സ്വഭാവമുള്ളതുമായ നിയമനിർമ്മാണ സഭ തിരുവിതാംകൂറിൽ നിലനിന്നിരുന്നു. സാമൂഹിക പരിഷ്കരണവും വിവിധ ജനവിഭാഗങ്ങളുടെ ഉന്നമനവും ലക്ഷ്യംവച്ചുള്ള ഒട്ടനവധി നിയമങ്ങൾ ഈ സഭകൾ നിർമ്മിച്ചിട്ടുണ്ട്. ശ്രീമൂലം പ്രജാസഭയിൽ രണ്ടുപ്രാവശ്യവും പിന്നീട് പരിഷ്കരിച്ച നിയമസഭയിൽ രണ്ടുപ്രാവശ്യവും പി. കെ. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പുരോഗമനേച്ഛുവായ ഒരു മിതവാദിയുടെ സ്വരമാണ് അദ്ദേഹത്തിൽ നിന്നും നിയമസഭാവേദിയിൽ ഉയർന്നു കേട്ടത്. തന്റെ പാണ്ഡിത്യവും നിയമവിജ്ഞാനവും നിയമനിർമ്മാണരംഗത്തും ഭരണവിമർശന രംഗത്തും സമർത്ഥമായി വിനിയോഗിക്കാൻ അദ്ദേഹത്തിനു സാധിച്ചു. സമൂഹപുരോഗതിയെ ഈ യത്നങ്ങൾ കുറച്ചൊന്നുമല്ല സഹായിച്ചത്. ഇവയുടെയൊക്കെ വിശദവിവരങ്ങൾ തുടർന്നുള്ള അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. അദ്ധ്യാപകൻ, അഭിഭാഷകൻ, ന്യായാധിപൻ എന്നീ നിലകളിൽ പ്രവർത്തിച്ച് വിജയം വരിച്ചതിനു പുറമേ മേൽ പ്രതിപാദിച്ച വിവിധ രംഗങ്ങളിലും സജീവമായിത്തന്നെ വ്യാപരിച്ച് വ്യക്തിമുദ്ര പതിപ്പിക്കാൻ സാധിച്ച ഒരു അപൂർവ്വ പ്രതിഭാശാലിയാണ് സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള.

# 2

# അനൗദ്യോഗിക ബിരുദങ്ങൾ

**പി.** കെ. നാരായണപിള്ള എന്ന പേരിൽ ഇനിഷ്യലായ 'പി' പടിഞ്ഞാറേ ആലപ്പാട്ട് എന്ന ഗൃഹനാമത്തിന്റെ ആദ്യാക്ഷരത്തേയും 'കെ' അമ്മാവനായ കേശവപിള്ളയുടെ പേരിന്റെ ആദ്യക്ഷരത്തേയും കുറിക്കുന്നു. സാഹിത്യപഞ്ചാനനൻ എന്ന വിശേഷണം പില്ക്കാലത്തു ലഭിച്ചതാണ്. അദ്ദേഹത്തിന്റെ യോഗ്യതകളെ നന്നായി പ്രതിഫലിപ്പിക്കാനുതകുന്നതുമാണ്. അതിന്റെ ആഗമചരിത്രം ഇങ്ങനെയാണ്: കേരളീയർക്കു സമാരാദ്ധ്യനും വലിയ പണ്ഡിതനും സന്ന്യാസശ്രേഷ്ഠനുമായിരുന്ന ശ്രീ നീലകണ്ഠ തീർത്ഥപാദസ്വാമികൾ ശിഷ്യന്മാരോടൊപ്പം പി. കെ. യുടെ ഏതോ ഒരു പ്രബന്ധം വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ പ്രബന്ധത്തിലെ യുക്തിയുക്തമായ സമീപനരീതിയും പ്രതിവാദഖണ്ഡന ചാതുര്യവും സാഹിത്യരസപ്രാചുര്യവും കൈക സ്വാമിയെ അസാമാന്യമായി ആഹ്ലാദിപ്പിച്ചു. പെട്ടെന്ന് 'അയം സാഹിത്യപഞ്ചാനനഃ' എന്ന സംസ്കൃതവാക്കുകൾ അദ്ദേഹത്തിൽ നിന്നു പുറപ്പെട്ടു. ആ ആത്മീയ ജ്യോതിസ്സിൽ നിന്ന് അറിയാതെ ഉദ്ഗതമായ ഈ വാക്കുകൾ സ്വാമിയുടെ ശിഷ്യന്മാരിലൂടെ നാടെമ്പാടും പ്രചരിച്ചു. സ്വശക്തിയുള്ള ഒരു സത്യവചനമായതുകൊണ്ടു തന്നെ അതൊരു ബിരുദമായി പി. കെ. യുടെ പേരിനോടു ചേർന്നു. അദ്ദേഹം അത് സസന്തോഷം സ്വീകരിക്കുകയും ചെയ്തു. പി. കെ. യ്ക്കുള്ള പൊതുജനസമ്മിതിക്ക് ഒരു തെളിവുമാണിത്. 'പഞ്ചാനന' ശബ്ദത്തിന് സിംഹമെന്നർത്ഥം. സാഹിത്യസിംഹം എന്നാണു വിവക്ഷയെങ്കിലും അതിന് അർത്ഥാന്തരങ്ങൾ ഇല്ലാതെയല്ല. സാഹിത്യത്തിൽ 'അഞ്ചു മുഖമുള്ളവൻ' എന്ന അർത്ഥ കല്പനയും പൊരുത്തപ്പെടും. ഗദ്യകാരൻ, കവി, വൈയാകരണൻ, വിമർശകൻ, പ്രഭാഷകൻ എന്നീ നിലകളിലുള്ള യോഗ്യതയെ ഉൾക്കൊള്ളാനും ആ പദം പര്യാപ്തമാണ്.

ഇതിനു പുറമേ 'കേരള തിലകൻ' എന്നൊരു കീർത്തിമുദ്രയും പി. കെ. യ്ക്കു ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ബഹുമുഖമായ പ്രവർത്തനങ്ങളുടെ അംഗീകാരമെന്ന നിലയിലാണിതു നല്കപ്പെട്ടത്. പ്രത്യേകിച്ചും റവന്യൂ-

ദേവസ്വം വിഭജനക്കമ്മിറ്റിയിലെ അംഗമെന്ന നിലയിലുള്ള പ്രവർത്തനത്തെ പരിഗണിച്ചും കമ്മിറ്റിയുടെ ഭൂരിപക്ഷ റിപ്പോർട്ടിൽ നിന്നു വ്യതിചലിച്ച് വളരെ മൗലികസ്വഭാവമുള്ള ഒരു ഭിന്നാഭിപ്രായ റിപ്പോർട്ട് സമർപ്പിച്ചതു വഴി ഹിന്ദുസമൂഹത്തിനു നല്കിയ സേവനത്തിനുള്ള അംഗീകാരമെന്ന നിലയിലും നല്കിയതാണീ കീർത്തിമുദ്ര. 1921-ൽ (1097 ME) നമ്പൂതിരി യോഗക്ഷേമസഭയോണ് ഈ കീർത്തി മുദ്ര സമ്മാനിച്ചത്. പി. കെ. യ്ക്കുമുൻപ് കെ. പി. കേശവമേനോനും പി. കെ. യ്ക്കുശേഷം മഹാകവി ഉള്ളൂർ പരമേശ്വരയ്യർക്കും മാത്രമേ 'കേരള തിലക' മുദ്ര ലഭിച്ചിട്ടുള്ളൂ.

---

# 3

# മാതാപിതാക്കൾ – ബാല്യകാലസാഹചര്യങ്ങൾ

കേരളത്തിൽ ഇപ്പോഴത്തെ ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിന് കുറച്ചു കിഴക്കുമാറിയുള്ള കടമ്മാട്ടു വീട്ടിൽ 1878-ലാണ് പി. കെ. നാരായണപിള്ള ഭൂജാതനായത്. നായർ സമുദായത്തിൽ മരുമക്കത്തായ വ്യവസ്ഥിതി നിലനിന്നിരുന്ന അക്കാലത്ത് മാതൃഗൃഹത്തെയാണ് സ്വന്തം കുടുംബവീടായി ഗണിച്ചിരുന്നത്. കഥാ നായകന്റെ ജനനകാലത്തു കടമ്മാട്ടുഭവനം ക്ഷയോന്മുഖമായിരുന്നെങ്കിലും ഭേദപ്പെട്ട ഒരു പുരാതന ചരിത്രം ആ കുടുംബത്തിനുണ്ടായിരുന്നു. കടമ്മാട്ടു തേവി അമ്മയുടെ അഞ്ചാമത്തെ മകളായ കുഞ്ഞുലക്ഷ്മിയമ്മയാണ് പി. കെ. യുടെ മാതാവ്. സാമാന്യ വിദ്യാഭ്യാസം മാത്രമേ സിദ്ധിച്ചിരുന്നു ള്ളുവെങ്കിലും അസാമാന്യമായ സൗന്ദര്യവും കാര്യപ്രാപ്തിയും ലോകപരി ജ്ഞാനവും അവർക്കുണ്ടായിരുന്നു. ആലപ്പുഴ പറവൂരിൽ പൊഴിച്ചേരി മഠമെന്ന പുരാതന സമ്പന്ന കുടുംബത്തിലെ അംഗമായ ദാമോദരൻ പ്ലാപ്പള്ളിയാണ് പി. കെ. യുടെ പിതാവ്. ഭ്രഷ്ട് കല്പിച്ച് നമ്പൂതിരി സമുദായത്തിൽ നിന്നു പിന്തള്ളിയ പുരാതനരായ പാഴൂർ നമ്പൂതിരിമാരു ടെ പിന്മുറക്കാരാണ് പ്ലാപ്പള്ളിമാർ. പാഴൂർ നമ്പൂതിരിമാർക്ക് ചെമ്പകശ്ശേരി രാജാക്കന്മാരുമായി വലിയ അടുപ്പമുണ്ടായിരുന്നു. (1753-നു മുൻപ് നിലവിലിരുന്ന ഒരു നാട്ടുരാജ്യമാണ് ചെമ്പകശ്ശേരി) അവരുടെ പുരോഹിത സ്ഥാനം ഉണ്ടായിരുന്നവരാണ് പാഴൂർ നമ്പൂതിരിമാർ. രാജധാനിയിൽ അസാമാന്യ സ്വാധീനശക്തി ഉണ്ടായിരുന്ന സമ്പന്നമായ ഈ കുടുംബ ത്തോട് മറ്റു നമ്പൂതിരിമാർ അസൂയാലുക്കളായി. തത്ഫലമായി അവർ സംഘടിപ്പിച്ച ഉപജാപങ്ങളാണ് പാഴൂർ നമ്പൂതിരിയുടെ ഭ്രഷ്ടിൽ കലാശിച്ച തെന്നാണ് ഐതിഹ്യം. ബലാൽ തള്ളിയവൻ എന്നത് പറഞ്ഞുപറഞ്ഞ് പ്ലാപ്പള്ളി ആയി എന്നു പറയപ്പെടുന്നു. നമ്പൂതിരിമാരിൽ നിന്നും അല്പം താഴ്ന്ന ഒരു വിഭാഗമായി മാറി പിന്നീടിവർ. ഈ കുടുംബത്തിലെ പുരുഷന്മാർ നായർ സ്ത്രീകളെ വിവാഹം കഴിച്ചു വന്നിരുന്നു. ഇവിടുത്തെ

സ്ത്രീകളെ ബ്രാഹ്മണരാണ് വിവാഹം കഴിച്ചു വന്നിരുന്നത്. ഈ കുടുംബത്തിലെ അംഗവും പി. കെ. യുടെ പിതാവുമായ ദാമോദരൻ പ്ലാപ്പള്ളി തെക്കേടത്തു മനയ്ക്കലേയും പിന്നീട് പൊവ്വൂർ മനയ്ക്കലേയും (രണ്ടു പ്രസിദ്ധ ബ്രാഹ്മണകുടുംബങ്ങൾ) കാര്യസ്ഥനായിരുന്നു. തുടർന്ന് തിരുവിതാംകൂർ മഹാരാജാവായിരുന്ന (1861-1880) ആയില്യം തിരുനാളിന്റെ പ്രത്യേക സ്നേഹത്തിനു പാത്രമായി കൊട്ടാരത്തിലെ ഒരു രായസക്കാരനായി കഴിഞ്ഞുകൂടി. സ്വകാര്യമായി പല ദൗത്യങ്ങളും വിശ്വസ്തനായ ഇദ്ദേഹത്തെ മഹാരാജാവ് ഏല്പിച്ചു വന്നു. ആയില്യം തിരുനാൾ മഹാരാജാവിന്റെ പ്രത്യേക പ്രീതിക്കു പാത്രമായിരുന്നതുകൊണ്ടു തന്നെ പിന്തുടർച്ചക്കാരനായ വിശാഖം തിരുനാൾ മഹാരാജാവിന്റെ (1880-1885) അപ്രീതിയ്ക്കും ഇദ്ദേഹം പാത്രമായിത്തീർന്നുവെന്നാണ് പറയപ്പെടുന്നത്. ഈ ചരിത്രം പുത്രനായ പി. കെ. നാരായണപിള്ള തന്റെ ആത്മകഥയായ **സ്മരണമണ്ഡലത്തിൽ** (മലയാളത്തിലെ ആദ്യകാല ആത്മകഥകളിൽ ഒന്നാണിത്) ഇപ്രകാരം വിവരിച്ചിട്ടുണ്ട്. "അച്ഛന്റെ പേരിൽ ഉണ്ടായിരുന്ന കഠിനമായ അപരാധം ആയില്യം തിരുനാൾ തിരുമനസ്സുകൊണ്ട് ആലസ്യമായിക്കിടന്നിരുന്നപ്പോൾ തിരുമനസ്സിലെ അഭിപ്രായമനുസരിച്ച് പാഴൂർ കണിയാന്റെ വാസസ്ഥലത്തു ചെന്ന് രോഗനിവൃത്തിയെ സംബന്ധിച്ച് ഗൂഢമായി പ്രശ്നം വയ്പിക്കാൻ പോയി എന്നുള്ളതാണ്. മീനച്ചിൽ തഹസീൽദാർക്കും മൂവാറ്റുപുഴ തഹസീൽദാർക്കും രഹസ്യമായി എഴുത്തുംകൊണ്ടു പുറപ്പെട്ട ദൂതനുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കണമെന്ന് കൊട്ടാരം സർവ്വാധികാര്യക്കാർ ഏർപ്പാടുകൾ ചെയ്ത് അയയ്ക്കുകയാണുണ്ടായത്. അക്കാലത്ത് കൊച്ചുരാമൻ (എന്നാണു പേരെന്നു തോന്നുന്നു) എന്ന പ്രസിദ്ധനായ ഗണകൻ പാഴൂർ ഗണകന്മാരുടെ വംശപ്രസിദ്ധി അത്യുച്ചദശയെ പ്രാപിപ്പിച്ചു പരിലസിച്ചിരുന്നു. പ്രശ്നത്തിന് ഇന്ന സംഗതിയെന്നും അതിന്റെ സാദ്ധ്യാസാദ്ധ്യങ്ങൾ എങ്ങനെയെന്നും ഒന്നും പറയാതെയാണ് പ്രശ്നം ആരംഭിച്ചത്. പടിപ്പുരപ്രശ്നമാണ് പാഴൂർ പ്രധാനമായി വച്ചിരുന്നത്. ഇന്നകാര്യം പ്രമാണിച്ചാണ് വന്നത് എന്നു ഗണകൻ തന്നെ പറയണമെന്ന് അച്ഛൻ സിദ്ധാന്തിച്ചു. അവിടെയുള്ള പ്രതിഷ്ഠയിൽ ദത്ത ദൃഷ്ടിയായിരുന്ന ഗണകൻ ഒടുവിൽ എഴുന്നേറ്റു മണിയടിക്കുകയും തൊഴുകയും എല്ലാം കഴിഞ്ഞ് ചിന്താമഗ്നനായി ഇരുന്നശേഷം ഒരു രോഗം സംബന്ധിച്ച പ്രശ്നത്തിനാണ് വന്നത് എന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ ആരുടെ രോഗമാണ് എന്നു ചോദിച്ചതിന് മറ്റാരുടേയും അല്ല, നാടുവാഴുന്ന തമ്പുരാന്റെ തന്നെയാണ് എന്ന് ആ മഹാജൗതിഷികൻ ഉത്തരം പറഞ്ഞു.



തിരുമനസ്സിലേക്ക് ആലസ്യമാണെങ്കിൽ രോഗത്തിൽ നിന്നു നിവർത്തനം ഉണ്ടാകുമോ ഇല്ലയോ എന്നു ചോദ്യം തുടർന്നു. നിവർത്തനം ഉണ്ടാവുകയില്ലെന്നായിരുന്നു മറുപടി. അച്ഛൻ ഈ ദൗത്യവഹിച്ച് ആലപ്പുഴയിലെത്തിയപ്പോൾ തിരുമനസ്സുകൊണ്ട് നാടുനീങ്ങിയതുകൊണ്ട് നാട്ടുവാലായ്മ ആചരിക്കുന്നതിനുവേണ്ട രാജശാസന പുറപ്പെട്ടു കഴിഞ്ഞു. കണ്ണീർപ്പുഴ ഒഴുക്കിക്കൊണ്ട് അച്ഛൻ ആലപ്പുഴ തന്നെ താമസം ഉറപ്പിച്ചു. പിന്നീട് മൂലംതിരുനാൾ മഹാരാജാവ് തിരുമനസ്സുകൊണ്ട് രാജ്യഭാരം ഏറ്റു കഴിഞ്ഞ ശേഷമാണ് അച്ഛൻ തിരുവനന്തപുരത്തു വരികയും മുഖം കാണിക്കുകയും ചെയ്തത്. തിരുവനന്തപുരം വിട്ടുപോയിട്ട് വളരെയായിരുന്നു എങ്കിലും ഒരു ചെറിയ പെൻഷൻ തിരുമനസ്സുകൊണ്ട് ദയവായി അനുവദിച്ചു കൊടുത്തു." (**സ്മരണമണ്ഡലം - ഒന്നാം അദ്ധ്യായം**)

കൊട്ടാരത്തിലെ ഉദ്യോഗം ഒഴിഞ്ഞശേഷം ഗൃഹകാര്യങ്ങളും കൃഷിയുമായിട്ടാണ് ദാമോദരൻ പ്ലാപ്പള്ളി കഴിഞ്ഞുകൂടിയത്. പി. കെ. കോളേജു ക്ലാസ്സുകളിൽ പ്രവേശിച്ചതോടെ പിതാവ് മരണപ്പെടുകയും ചെയ്തു.

ദാമോദരൻ പ്ലാപ്പള്ളിയുടെയും കടമ്മാട്ട് കുഞ്ഞുലക്ഷ്മി അമ്മയുടെയും സീമന്തപുത്രനാണ് പി. കെ. നാരായണപിള്ള. രണ്ടു പുരുഷന്മാരും മൂന്നു സ്ത്രീകളുമായി അഞ്ചു സഹോദരങ്ങൾകൂടി അദ്ദേഹത്തിനുണ്ടായിരുന്നു. അച്ഛന്റേയും അമ്മയുടേയും സ്നേഹവാത്സല്യങ്ങൾ അനുഭവിച്ചുകൊണ്ട് ആനന്ദപ്രദമായ രീതിയിലാണ് പി. കെ. ബാല്യകാലം കഴിച്ചുകൂട്ടിയത്.

ബാല്യകാല സാഹചര്യങ്ങൾ പി. കെ. യുടെ വ്യക്തിത്വവികസനത്തിനും സർഗ്ഗശക്തിയുടെ പോഷണത്തിനും ഉതകുന്നവയായിരുന്നു. ഏതു കലയുടേയും അടിസ്ഥാനഘടകമായ താളബോധം മനസ്സിൽ വേരുറയ്ക്കുന്നതിനു സഹായകമായ ഒരന്തരീക്ഷം ബാല്യത്തിൽ പി. കെ. യ്ക്കു ലഭിച്ചു. കുട്ടിക്കാലത്ത് അദ്ദേഹത്തിന് ഏറ്റവും ഇഷ്ടപ്പെട്ട വിനോദം വള്ളംകളിയായിരുന്നു. താളാധിഷ്ഠിതമാണ് ഈ വിനോദം. ജലതരംഗങ്ങൾക്കനുസരണമായി പൊങ്ങുകയും താഴുകയും ചെയ്യുന്ന വള്ളത്തിനു തന്നെ ഒരു പ്രത്യേക താളമുണ്ട്. തോണി തുഴയുന്നതിനുമുണ്ട് ഒരു പ്രത്യേക താളം. ഈ വിനോദത്തോടനുബന്ധിച്ച് വികാസം പ്രാപിച്ച വഞ്ചിപ്പാട്ടുകളാകട്ടെ അങ്ങേയറ്റം താളാത്മകങ്ങളുമാണ്.

വള്ളംകളിയോടൊപ്പം പി. കെ. യെ സ്വാധീനിച്ച മറ്റൊന്ന് സംഗീതമാണ്. ഈ കലയുമായി ഗാഢബന്ധം സ്ഥാപിക്കാനുള്ള അവസരങ്ങൾ ബാല്യത്തിലേ തന്നെ അദ്ദേഹത്തിനു ലഭ്യമായി. അമ്പലപ്പുഴ ക്ഷേത്രത്തിലെ ഉത്സവകാലങ്ങളിൽ പ്രഗല്ഭരായ നാഗസ്വരക്കാരുടെ കീർത്തനാലാപങ്ങൾ നിരന്തരം കേൾക്കാനുള്ള അവസരം അദ്ദേഹത്തിനുണ്ടാ

യിരുന്നു. തിരുവാതിരക്കളി നാടെമ്പാടും പ്രചാരത്തിലുണ്ടായിരുന്ന കാലമാണത്. അതും സംഗീതവാസനയേയും താളബോധത്തേയും പരിപുഷ്ടമാക്കാൻ സഹായകമാണ്. അതിനുപുറമേ വൈക്കത്തു കുട്ടപ്പ പണിക്കർ എന്ന പ്രസിദ്ധ നാഗസ്വരക്കാരനും സംഗീതജ്ഞരായ ഭാര്യാപുത്രാദികളും പി. കെ. യുടെ അയൽവാസികളായിരുന്നു. അവരുടെ മഹനീയമായ സംഗീതപ്രയോഗം വീട്ടിലിരുന്നു തന്നെ കേൾക്കാൻ കഴിയുമെന്ന് **സ്മരണമണ്ഡല**ത്തിൽ പി. കെ. തന്നെ പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ സഹചരനായി ഒരു ശങ്കര ഭാഗവതരും ഉണ്ടായിരുന്നു. ഫോർത്തു ഫോറത്തിൽ പഠിക്കുമ്പോൾ തന്നെ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ **കാന്താവൃത്ത**മെന്ന പുസ്തകം വാങ്ങി പഠിച്ച് സാധാരണ പ്രചാരത്തിലുള്ള വൃത്തങ്ങളൊക്കെ സ്വായത്തമാക്കാൻ കഴിഞ്ഞുവെന്നും അദ്ദേഹം **സ്മരണമണ്ഡലത്തിൽ** രേഖപ്പെടുത്തുന്നു. ബാല്യത്തിലേ താളബോധമുറച്ചുവെന്നതിന്റെ പ്രകടമായ തെളിവാണത്. തത്ഫലമായി നന്നേ ചെറുപ്പത്തിൽ തന്നെ കവിതയെഴുതാനുള്ള കെല്പും അദ്ദേഹത്തിനുണ്ടായി.

കഥകളി, ചാക്യാർകൂത്ത്, പാഠകം, മോഹിനിയാട്ടം, കംസനാടകം എന്നിങ്ങനെ വിവിധ പ്രകാരത്തിലുള്ള കലാരൂപങ്ങൾ അമ്പലപ്പുഴ ക്ഷേത്രത്തിൽ ഉത്സവകാലത്ത് അവതരിപ്പിക്കാറുണ്ടായിരുന്നു. ചുറ്റുപാടുമുള്ള മറ്റു ക്ഷേത്രങ്ങളിൽ തുള്ളലുകളും നടത്താറുണ്ട്. ഈ കലാരൂപങ്ങൾ മിക്കതും വ്യവസ്ഥാപിതവും ഒരുതരം ക്ലാസിക്കൽ സ്വഭാവം വച്ചു പുലർത്തുന്നവയുമാണ്. പ്രേക്ഷകരെ വികാരപാരമ്യത്തിൽ എത്തിക്കുന്നതിനുപരി അവരുടെ സൗന്ദര്യബോധത്തേയും ഭാവനാശക്തിയേയും ഉന്മിഷത്താക്കാൻ പര്യാപ്തമായവയാണ് ഈ കലാരൂപങ്ങൾ. നിയന്ത്രിതമായ വികാരവും ഉന്നതചിന്തയും പരിപക്വമായ സൗന്ദര്യാസ്വാദനക്ഷമതയും പ്രസാദപൂർണ്ണമായ ജീവിതവീക്ഷണവും ഉള്ള ഒരു വ്യക്തിത്വം രൂപപ്പെടുത്തിയെടുക്കാൻ പി. കെ. യെ ഈ കലാരൂപങ്ങൾ നല്ലൊരളവു സഹായിച്ചിട്ടുണ്ടായിരിക്കണം. ഇവയിൽ ചിലതിനെക്കുറിച്ച് പില്ക്കാലത്ത് ഗഹനമായ പഠനങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്.

ജന്മായത്തമായ വാസനാവിശേഷത്തെ പരിപുഷ്ടമാക്കാൻ അങ്ങേയറ്റം സഹായകമായ ബാല്യകാല സാഹചര്യങ്ങളാണ് പി. കെ. യ്ക്കുണ്ടായിരുന്നത് എന്നു വ്യക്തം.

# 4

# വിദ്യാഭ്യാസം

പൗരസ്ത്യരീതിയ്ക്കും പാശ്ചാത്യരീതിയ്ക്കും ഉള്ള വിദ്യാഭ്യാസം പി. കെ. യ്ക്കു ലഭിച്ചിട്ടുണ്ട്. പഴയ സമ്പ്രദായപ്രകാരം ഏക ഉപാദ്ധ്യായനാൽ നടത്തപ്പെട്ടു വന്ന കുടിപ്പള്ളിക്കൂടത്തിലെ തന്റെ വിദ്യാഭ്യാസത്തെയും അവിടത്തെ ആചാര്യനായിരുന്ന ചാമിപ്പിള്ള ആശാനെയും പറ്റി പി. കെ. **സ്മരണമണ്ഡലത്തിൽ** സരസമായി വർണ്ണിച്ചിട്ടുണ്ട്. അതിനുശേഷം അനന്തകൃഷ്ണയ്യൻ എന്ന പ്രധാന അദ്ധ്യാപകന്റെ കീഴിൽ കളർകോട്ടുകരയിൽ നടത്തിയിരുന്ന വിദ്യാലയത്തിൽ നിന്ന് പാരമ്പര്യരീതിയ്ക്കുള്ള എഴുത്തും വായനയും പ്രായോഗികാവശ്യത്തിനുതകുന്ന കണക്കും മറ്റും അഭ്യസിച്ചു. പൗരസ്ത്യരീതിയ്ക്കുള്ള തുടർവിദ്യാഭ്യാസം സംസ്കൃതാഭ്യസനമാണ്. സംസ്കൃതകാവ്യങ്ങൾ കുറച്ചൊക്കെ ഗുരുമുഖത്തു നിന്നും ബാക്കി സ്വയമേവയും പി. കെ. അഭ്യസിച്ചു. **മാഘ**ത്തിലും **രഘുവംശ**ത്തിലും കുറേ ഭാഗവും, **യുധിഷ്ഠിരവിജയ**വും ഗുരുമുഖത്തു നിന്നഭ്യസിച്ചു. "യമകമയമായ **യുധിഷ്ഠിരവിജയം** പിന്നീട് എനിക്ക് ശബ്ദവിഷയകമായ അഭിരുചിയെ ഉപേക്ഷിക്കാൻ മേലാത്ത വിധത്തിൽ ഗാഢമായി ജനിപ്പിച്ചുവെന്നു ഞാൻ വിചാരിക്കുന്നു." എന്ന് പി. കെ. പില്ക്കാലത്തു രേഖപ്പെടുത്തിയിട്ടുണ്ട്. (**സ്മരണമണ്ഡലം** അദ്ധ്യായം 5) **കുമാരസംഭവം, നൈഷധം, ഭാരതചമ്പു, ഭോജചമ്പു, ശാകുന്തളം** മുതലായ കൃതികൾ സ്വയമേ അഭ്യസിച്ചവയാണ്. ചിലതൊക്കെ കൈക്കുളങ്ങര രാമവാര്യരുടെ വ്യാഖ്യാനത്തിന്റെ സഹായത്തോടെയും. ഇങ്ങനെ വിപുലമായ പരിചയം സംസ്കൃത സാഹിത്യത്തിൽ അദ്ദേഹം ആർജ്ജിച്ചു. സംസ്കൃതവ്യാകരണത്തിലും ഗഹനമായ പാണ്ഡിത്യം അദ്ദേഹത്തിനുണ്ടായിരുന്നു. ആലപ്പുഴ പള്ളിക്കൂടത്തിലെ അദ്ധ്യാപകനായിരുന്ന ഹരിഹരസുബ്രഹ്മണ്യ ശാസ്ത്രിയാണ് സംസ്കൃത വ്യാകരണത്തോട് തനിക്ക് അഭിരുചിയുണ്ടാക്കിയതെന്ന് പി. കെ. പ്രസ്താവിച്ചിട്ടുണ്ട് (**സ്മരണമണ്ഡലം** അദ്ധ്യായം 5) പാണിനീയം മുതലായ വ്യാകരണ ഗ്രന്ഥങ്ങൾ സ്വയമേവയും പില്ക്കാലത്ത് ഏ.ആർ. രാജരാജവർമ്മ, കേരളവർമ്മ

വലിയകോയിത്തമ്പുരാൻ മുതലായവരുടെ സഹായത്തോടെയും അഭ്യസിച്ചു. വ്യാകരണം എന്നും അദ്ദേഹത്തിന്റെ ഇഷ്ടവിഷയമായിരുന്നു. ഉറക്കമൊഴിഞ്ഞിരുന്ന് **അഷ്ടാദ്ധ്യായി** വായിച്ചു രസിക്കുന്ന ആളായിരുന്നു പി. കെ. സ്മൃതികൾ, ഉപനിഷത്തുകൾ, പുരാണങ്ങൾ തുടങ്ങിയവയിലെല്ലാം തന്നെ ഗാഢമായ പരിചയം അദ്ദേഹത്തിനുണ്ടായിരുന്നു. **കേരളാചാരനാഡീപരീക്ഷ** (അവർണ്ണർക്ക് ക്ഷേത്രപ്രവേശനം അനുവദിക്കണമെന്ന് ശക്തമായി ആവശ്യപ്പെട്ടുകൊണ്ട് പി. കെ. എഴുതിയ കൃതി) പോലുള്ള പ്രബന്ധങ്ങളിൽ നിന്ന് ഇക്കാര്യം വ്യക്തമാകും. ധർമ്മശാസ്ത്രാദികളിൽ നേടിയ അവഗാഹം അഭിഭാഷകവൃത്തിയിലും നിയമസഭാ സാമാജികവൃത്തിയിലും പി. കെ. യെ സഹായിച്ചിട്ടുണ്ട്.

ആലപ്പുഴയിലെ ലണ്ടൻമിഷൻ സൊസൈറ്റിക്കാർ അവിടെ അടുത്തു 'തേവലപ്പുറത്തു വെളി'യിൽ നടത്തി വന്നിരുന്ന സ്കൂളിൽ വച്ചാണ് പി. കെ. ഇംഗ്ലീഷ് അഭ്യസനം ആരംഭിക്കുന്നത്. മലയാളം വിഭാഗത്തിൽ നിന്നും ഇംഗ്ലീഷു വിഭാഗത്തിലേക്ക് മാറിയതും ആ സ്കൂളിൽ വച്ചാണ്. തുടർന്ന് അമ്പലപ്പുഴ ഡിസ്ട്രിക് ഇംഗ്ലീഷ് സ്കൂളും, ആലപ്പുഴ ഇംഗ്ലീഷ് ഹൈസ്കൂളും എന്നിവിടങ്ങളിൽ ആംഗലഭാഷാ പഠനം തുടർന്നു. പാശ്ചാത്യരീതിയ്ക്കുള്ള നവീനശാസ്ത്രവിഷയങ്ങളും അവിടെവച്ചഭ്യസിച്ചു. ക്ലാസ്സിലെ മിടുക്കനായ വിദ്യാർത്ഥി എന്ന സല്പേരും അദ്ദേഹത്തിനു നിലനിർത്താനായി. 1896-ാമാണ്ടത്തെ മെട്രിക്കുലേഷൻ പരീക്ഷയിൽ ആലപ്പുഴ സ്കൂളിൽ നിന്നും ആകെ ജയിച്ച രണ്ടു വിദ്യാർത്ഥികളിൽ ഒരാൾ പി. കെ. ആയിരുന്നു.

തുടർന്ന് ആ വർഷം തിരുവനന്തപുരം മഹാരാജാസ് കോളേജിൽ എഫ്. എ. യ്ക്കു ചേർന്നു. അച്ഛന്റെ പെൻഷൻ തുകയുടെ തണലിലാണ് വിദ്യാഭ്യാസം ആരംഭിച്ചത്. പക്ഷേ ജൂണിയർ എഫ്. എ. ക്ലാസ്സു കഴിഞ്ഞതോടെ പിതാവു നിര്യാതനായി. തുടർന്നു വിദ്യാഭ്യാസച്ചിലവുകൾ സ്വയം കണ്ടെത്തേണ്ടതായി വന്നു. വർത്തമാനപ്പത്രങ്ങൾക്കും മാസികകൾക്കും ലേഖനങ്ങളയച്ചും പത്രാധിപത്യം വഹിച്ചും കിട്ടുന്ന പ്രതിഫലം കൊണ്ടാണ് അനന്തരമുള്ള കലാലയ വിദ്യാഭ്യാസം പൂർത്തിയാക്കിയത്.

രസതന്ത്രം ഐച്ഛിക വിഷയമായെടുത്താണ് അദ്ദേഹം ബി. എ. യ്ക്കു ചേർന്നത്. പക്ഷേ രസതന്ത്ര പഠനത്തേക്കാൾ പി. കെ. യെ കൂടുതൽ സ്വാധീനിച്ചത് ഇംഗ്ലീഷും മലയാളവുമാണെന്നു തോന്നുന്നു. ഭാഗ്യവശാൽ പ്രഗൽഭരായ അദ്ധ്യാപകരുടെ കീഴിൽ തന്നെ പഠിക്കാനുള്ള അവസരം ലഭിച്ചു. കോളേജു പ്രിൻസിപ്പൽ ഡോക്ടർ മിച്ചൽ എന്ന യൂറോപ്യനായിരുന്നു. വിദ്യാഭ്യാസത്തോട് പ്രത്യേക പ്രതിബദ്ധതയുള്ള വ്യക്തി



യായിരുന്നു ഡോക്ടർ മിച്ചൽ. അദ്ധ്യാപകർ അർപ്പണ ബുദ്ധിയുള്ളവരായിരിക്കണമെന്നും അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. ഇംഗ്ലീഷദ്ധ്യാപകരായ ബായിൽ, ലബ്ഷഡീയർ എന്നിവരും യൂറോപ്യന്മാരായിരുന്നു. ബായിൽ സായിപ്പിന്റെ അദ്ധ്യാപനം പി. കെ. യുടെ സാഹിത്യവാസനയേയും വിമർശനബുദ്ധിയേയും ഏറെ വളർത്തിയിട്ടുണ്ട്. ആംഗലസാഹിത്യവുമായി നല്ല പരിചയം നേടിയെടുക്കാനും അതു സഹായകമായി. വിദ്യാഭ്യാസ കാലഘട്ടത്തിലും തുടർന്ന് അദ്ധ്യാപകനായി തിരുവനന്തപുരത്തു സേവനമനുഷ്ഠിച്ചിരുന്ന കാലഘട്ടത്തിലും പബ്ലിക്ക് ലൈബ്രറിയിലെ ഒരു നിത്യസന്ദർശകനായിരുന്നു പി. കെ. പ്രാചീനരും സമകാലികരുമായ യൂറോപ്യൻ സാഹിത്യകാരന്മാരുടെ കൃതികൾ അദ്ദേഹം നന്നായി അഭ്യസിച്ചിരുന്നു. പാശ്ചാത്യ ആനുകാലികങ്ങളും ശ്രദ്ധിച്ചിരുന്നു.

മലയാളം പഠിപ്പിച്ചിരുന്നത് രാമക്കുറുപ്പു മുൻഷിയും അദ്ദേഹത്തിനു ശേഷം പ്രധാനമായും ഏ. ആർ. രാജരാജവർമ്മയുമായിരുന്നു. **ചക്കീചങ്കരം** എന്ന പരിഹാസ നാടകത്തിന്റെ കർത്താവായ രാമക്കുറുപ്പു മുൻഷി സാഹിത്യവിമർശനത്തിന് പ്രത്യേക പാടവമുള്ള ഒരദ്ധ്യാപകനായിരുന്നു. സാഹിത്യകൃതിയെ സൂക്ഷ്മമായി നിരീക്ഷിച്ച് അന്തർഹിതമായ ആശയങ്ങൾ കണ്ടെത്താനും ഗുണദോഷവിവേചനം നടത്താനും ഉള്ള കഴിവ് രാമക്കുറുപ്പു മുൻഷിയുമായുള്ള പരിചയം കൊണ്ട് കൂടുതൽ വികസിച്ചു. സമകാലിക സാഹിത്യത്തിന്റെ ന്യൂനതകൾ ഗാഢമായി പി. കെ. യുടെ മനസ്സിൽ പതിഞ്ഞതും അവയോടു വലിയ ബഹുമാനമില്ലാതായതും ഒരു പക്ഷേ രാമക്കുറുപ്പിന്റെ സമ്പർക്കഫലവും കൂടിയാകാം. രാമക്കുറുപ്പു മുൻഷിയുമായുള്ള സമ്പർക്കത്തേക്കാൾ വിപുലവും ഗാഢവുമായിരുന്നു പ്രൊഫ. ഏ. ആർ. രാജരാജവർമ്മയുമായുള്ള പരിചയം. 1899 മുതൽ (1074 ME) 1908 (1084 ME) വരെ ഏതാണ്ടു പത്തുവർഷക്കാലം വിദ്യാർത്ഥിയെന്ന നിലയിലും സഹപ്രവർത്തകനെന്ന നിലയിലും ഉള്ള ഗാഢബന്ധം ഏ. ആറുമായി പി. കെ. യ്ക്കുണ്ടായിരുന്നു. അന്നത്തെ സാഹിത്യനായകത്വം വഹിച്ചിരുന്ന വലിയകോയിത്തമ്പുരാന്റെ ഭാഗിനേയനും ശിഷ്യാഗ്രഗണ്യനും എന്നതിനു പുറമേ അന്യൂനവും അവിതർക്കിതവുമായ പാണ്ഡിത്യത്തിന്റെ ഉടമയും കൂടിയായിരുന്നു ഏ. ആർ. കവിത്വവും പാണ്ഡിത്യവും ഒന്നുപോലെ അദ്ദേഹത്തിൽ മേളിച്ചിരുന്നു. സംസ്കൃതസാഹിത്യത്തിനും വ്യാകരണശാസ്ത്രത്തിനും പുറമേ ഇതരവിജ്ഞാനശാഖകളിലും അദ്ദേഹത്തിനു പാണ്ഡിത്യമുണ്ടായിരുന്നു. രസതന്ത്രം ഐച്ഛികമായെടുത്ത് ബി. എ. പരീക്ഷയും സംസ്കൃതം ഐച്ഛികമായെടുത്ത് എം. എ. പരീക്ഷയും പാസ്സായ അദ്ദേഹം പാശ്ചാത്യസാഹിത്യ

ത്തിലും ശാസ്ത്രത്തിലും പണ്ഡിതനുമായിരുന്നു. ആംഗലസാമ്രാജ്യമെന്ന മഹാകാവ്യത്തിന്റെ കർത്താവെന്ന നിലയിൽ സംസ്കൃതസാഹിത്യ ലോകത്ത് അദ്ദേഹം പരിചിതനാണ്. ഈ മഹാനുഭാവന്റെ പ്രത്യേക വാത്സല്യത്തിനു പാത്രമായിരുന്ന ശിഷ്യനാണ് പി. കെ. സ്വതേ മിതഭാഷിയായിരുന്ന ഏ. ആറിനെ ചോദ്യശരങ്ങൾ കൊണ്ടിളക്കി വിജ്ഞാന സമ്പാദനം നിർവ്വഹിച്ചിരുന്ന വിദ്യാർത്ഥിയുമായിരുന്നു. ശിഷ്യന്റെ പാണ്ഡിത്യവും സാഹിത്യാഭിരുചിയും ശരിയ്ക്കു മനസ്സിലാക്കിയിരുന്ന ആ ഗുരുനാഥൻ മുൻകൈയെടുത്ത് പി. കെ. യെ സ്വന്തം സഹപ്രവർത്തകനായി നിയമിക്കാൻ വേണ്ട ഏർപ്പാടുകൾ പില്ക്കാലത്തു ചെയ്തു. ഈ ഗുരുനാഥനോടുള്ള കടപ്പാടും സ്നേഹ ബഹുമാനാദികളും പി. അനന്തൻ പിള്ളയുടെ **കേരളപാണിനി**യെന്ന ഗ്രന്ഥത്തിനെഴുതിയ ആമുഖത്തിലും **സ്മരണമണ്ഡല**ത്തിലും പി. കെ. രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ധ്യാപകനെന്ന നിലയിലും സഹപ്രവർത്തകനെന്ന നിലയിലും ഏ. ആറുമായുണ്ടായിരുന്ന ഗാഢബന്ധം അദ്ദേഹത്തിന് പലപ്രകാരത്തിലും ഉപകാരകമായിത്തീർന്നിട്ടുണ്ട്. ഏ. ആറിനുവേണ്ടി, മറ്റു പല പണ്ഡിതന്മാരുമായുള്ള എഴുത്തുകുത്തുകൾ നടത്തിവന്നിരുന്നത് അദ്ദേഹമാണ്. ഇത് തന്റെ പരിചയസീമ വിപുലമാക്കുന്നതിനും അന്വേഷണപഠനനിരൂപണങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും പി. കെ. യെ സഹായിച്ചു. പൊതു വിജ്ഞാനപരമായ ലേഖനങ്ങൾ ധാരാളമായി രചിക്കുന്നതിനും ഒരുപക്ഷേ ഏ. ആറിന്റെ പ്രേരണ ഉണ്ടായിരുന്നിരിക്കണം. ആധുനിക ശാസ്ത്ര വിഷയങ്ങളെ മലയാള ഭാഷയിൽ അവതരിപ്പിക്കണമെന്ന് പ്രത്യേക താത്പര്യമെടുത്തയാളാണ് ഏ. ആർ.

കോളേജ് വിദ്യാഭ്യാസ കാലഘട്ടത്തിൽ ലഘുകഥകളും, പദ്യരൂപത്തിലുള്ള കത്തുകളും ചെറുകഥകളും, നാനാപ്രകാരേണയുള്ള ലേഖനങ്ങളും പി. കെ. രചിച്ചിട്ടുണ്ട്. കോളേജിലെ തന്നെ വാദപ്രതിവാദസംഘം (Debating Society), മലയാളസമാജം എന്നിങ്ങനെയുള്ള സംഘങ്ങളിലും സജീവ പ്രവർത്തകനായിരുന്നു. ആദ്യത്തേതിലെ നടപടികൾ ഇംഗ്ലീഷിൽ ആയിരുന്നു. ഈ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും നടത്തിയ പ്രസംഗങ്ങളിൽ പലതും പൊതുജനശ്രദ്ധയെ ആകർഷിച്ചിട്ടുണ്ട്. 'ഓണം ഡേ' പോലെയുള്ള വാർഷികാഘോഷ പരിപാടികളിലും പി. കെ. സജീവമായി പങ്കെടുത്തിട്ടുണ്ട്. കായികവിനോദാദികൾ ഇതിന്റെ മുഖ്യഭാഗമായിരുന്നു.

1901-ാമാണ്ടോടെ (ME 1076) ബി. എ. പഠനം പൂർത്തിയായി. നിർഭാഗ്യവശാൽ അക്കൊല്ലം മഹാരാജാസ് കോളേജിൽ നിന്ന് രസതന്ത്രം ഐച്ഛികമായി ബി. എ. പരീക്ഷയെഴുതിയ ആരും തന്നെ ജയിച്ചില്ല. മദ്രാസ്സിൽ രസതന്ത്രാദ്ധ്യക്ഷനായിരുന്ന ഡോക്ടർ വിത്സന്റെ കർക്കശതയാലാണ് ഇങ്ങനെ സംഭവിച്ചതെന്നാണ് പറയുന്നത്. ഇക്കൂട്ടത്തിൽ പി. കെ. യും ആദ്യമായി പരാജയത്തിന്റെ രുചിയറിഞ്ഞു. കോളേജിൽ നിന്ന് പിരിഞ്ഞ് ഏതാനും മാസത്തിനകം തന്നെ ഏ. ആർ. രാജരാജവർമ്മയുടെ ശുപാർശ പ്രകാരം പ്രിൻസിപ്പൽ ഡോക്ടർ മിച്ചൽ അദ്ദേഹത്തെ തിരുവനന്തപുരത്തു ഹൈസ്കൂളിൽ മുൻഷിയായി നിയമിച്ചു. കോളേജിൽ ചെന്ന് രസതന്ത്രം അഭ്യസിക്കുന്നതിനുള്ള അനുവാദവും നല്കി. അടുത്തവർഷം വീണ്ടും പരീക്ഷ എഴുതി ബി. എ. ജയിക്കുകയും ചെയ്തു.



പി. കെ. യുടെ വിദ്യാർത്ഥി ജീവിതം ഇതുകൊണ്ടവസാനിക്കുന്നില്ല. യോഗ്യതാനുസരണമുള്ള ശമ്പളവർദ്ധനവ് സർക്കാർ സർവ്വീസിൽ ലഭിക്കില്ലെന്ന അറിവ് ആ ഉൽക്കർഷേച്ഛുവിനെ മറ്റു ജീവിതോപാധികൾ തേടാൻ പ്രേരിപ്പിച്ചു. നിയമപരീക്ഷാപഠനമാണ് മുന്നിൽ കണ്ട മാർഗ്ഗം. പക്ഷേ നിയമപരീക്ഷകളോട് ശക്തമായ വൈമുഖ്യം പ്രിൻസിപ്പലായിരുന്ന മിച്ചലിനുണ്ടായിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ അപ്രീതിയ്ക്കു പാത്രമാകുമെന്ന ഭീതി പി. കെ. യെ ബാധിച്ചു. അതുകൊണ്ട് പ്രച്ഛന്നരീതിയിൽ ലോകോളേജിൽ പഠിച്ചു തുടങ്ങി. തത്ക്കാലം കോഴ്സ് പൂർത്തിയാക്കുകയെന്ന ലക്ഷ്യമേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് പഠനം കാര്യമായി നിർവ്വഹിച്ചില്ല. ഔദ്യോഗിക ജോലികളുടെ തിരക്കിൽ പഠിക്കാൻ സാധിച്ചതുമില്ല. പിന്നീട് പ്രിൻസിപ്പൽ ഡോക്ടർ മിച്ചൽ അവധിയെടുത്ത് യൂറോപ്പിൽ പോയ അവസരം നോക്കി പി. കെ. യും നാലഞ്ചുമാസത്തെ അവധിയെടുത്ത് മദ്രാസ്സിൽ പോയി താമസിച്ച് പഠിച്ച് ബി. എൽ. ജയിക്കുകയാണുണ്ടായത്. എഫ്. എൽ. പരീക്ഷയ്ക്ക് ഒരു വർഷവും ബി. എൽ. പരീക്ഷയ്ക്ക് മൂന്നുവർഷവും തോറ്റതിൽ പിന്നെയാണ് ഈ വിജയം. 1908-ാമാണ്ടോടെ ജോലി രാജിവെച്ച് ആലപ്പുഴ ജില്ലാക്കോടതിയിൽ അഭിഭാഷകനായി ചേരുകയും ചെയ്തു.

# 5

# ഔദ്യോഗിക രംഗം

തങ്ങൾ വ്യാപരിക്കുന്ന ജീവിതരംഗങ്ങളിലൊക്കെയും വിജയശ്രീലാളിതരാകാൻ കഴിയുന്ന പ്രതിഭാശാലികൾ അപൂർവ്വമായി മാത്രമേ ഉണ്ടാവൂ. അക്കൂട്ടത്തിലൊരാളാണ് പി. കെ. നാരായണപിള്ള. 1901-ാമാണ്ടോടെ ബി. എ. പഠനം കഴിഞ്ഞ് കോളേജ് വിട്ടതോടെ ഉപജീവനാർത്ഥം ഒരു ജോലി തേടിപ്പിടിക്കുന്നതിലായി ശ്രദ്ധ. മാതുലസ്ഥാനീയനും കൊല്ലം ഡിവിഷൻ കച്ചേരിയിലെ രായസംപിള്ളയുമായിരുന്ന അപ്പുപിള്ളയുടെ സഹായത്തോടെ ഡിവിഷൻ കച്ചേരിയിലെ റയിൽവേ ക്ലാർക്കുദ്യോഗത്തിൽ 12 രൂപ ശമ്പളത്തിൽ പി. കെ. നിയമിതനായി. റയിൽവേ സംബന്ധമായ ജോലികൾക്കു പുറമേ പേഷ്ക്കാരുടെ പേഴ്സണൽ ക്ലാർക്കിന്റെ ജോലിയും അദ്ദേഹത്തെ ഏല്പിച്ചു. ഓഫീസ് ജോലികൾക്ക് തടസ്സം വരാത്ത രീതിയിൽ മെട്രിക്കുലേഷനു പഠിച്ചുകൊണ്ടിരുന്ന ഒരു വിദ്യാർത്ഥിനിയെ രസതന്ത്രവും ക്ഷേത്രഗണിതവും അഭ്യസിപ്പിക്കുന്ന ജോലിയും അദ്ദേഹം സമർത്ഥമായി നിർവ്വഹിച്ചിരുന്നു. കാനേഷുമാരി (സെൻസസ്) സംബന്ധമായി പേഷ്ക്കാർ ഒപ്പിട്ടയയ്ക്കേണ്ട കെട്ടു കണക്കിനു ഫോറങ്ങളുടെ കൂട്ടത്തിൽ നിന്നും തെറ്റുവന്ന ഒരു ഫോറം, ഒപ്പിടുന്ന സന്ദർഭത്തിൽ കണ്ടെത്തി, പേഴ്സണൽ ക്ലാർക്കായ താൻ മാറ്റി വച്ചതു കണ്ട് തന്റെ സൂക്ഷ്മതയിലും ജോലിയിലുള്ള ജാഗ്രതയിലും പേഷ്ക്കാർ ഏറെ സംതൃപ്തനായതായി **സ്മരണമണ്ഡല**ത്തിൽ പി. കെ. തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ജോലിയിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽതന്നെ മേലധികാരിയുടെ പ്രശംസയ്ക്ക് പാത്രമാവാൻ അദ്ദേഹത്തിനു സാധിച്ചുവെന്നു ചുരുക്കം.

പക്ഷേ, ഈ ജോലിയിൽ ഏറെക്കാലം തുടരേണ്ടി വന്നില്ല. ഒരു മാസമായതോടെ തന്നെ തിരുവനന്തപുരത്തു ഹൈസ്ക്കൂളിൽ മലയാള അദ്ധ്യാപകനായി നിയമനം കിട്ടി. മഹാരാജാസ് കോളേജ് പ്രിൻസിപ്പൽ മിച്ചൽ സായിപ്പിന്റേയും ഏ. ആർ. രാജരാജവർമ്മയുടേയും താത്പര്യപ്രകാരമാണ് ഈ നിയമനമെന്ന് നേരത്തെ സൂചിപ്പിച്ചല്ലൊ. 20 രൂപയാ



യിരുന്നു മാസശമ്പളം. പി. കെ. യെ സംബന്ധിച്ചിടത്തോളം ഹൈസ്ക്കൂൾ ക്ലാസ്സുകളിലെ മലയാളാദ്ധ്യാപനം വളരെ ലഘുവായ ഒരു ജോലിയായിരുന്നു. വായനയ്ക്കും പഠനത്തിനും ധാരാളം സമയം കിട്ടി. ബി. എ. പരീക്ഷ പൂർത്തിയാക്കുന്നതിനും സാധിച്ചു. സ്തുത്യർഹമായ രീതിയിൽ അദ്ധ്യാപനം നിർവ്വഹിച്ചുവെങ്കിലും ഇച്ഛാഭംഗകരമായ ചില കാര്യങ്ങൾ ഉണ്ടാകാതെയിരുന്നില്ല. 40 രൂപ ശമ്പളത്തിൽ സ്ക്കൂളിൽ ഒഴിവു വന്ന രസതന്ത്രാദ്ധ്യാപകന്റെ ജോലി യോഗ്യതകളെല്ലാമുണ്ടായിരുന്നിട്ടും പി. കെ. യ്ക്കു ലഭിച്ചില്ല. യോഗ്യതാനുസരണം ശമ്പളം വർദ്ധിപ്പിച്ചുകൊടുക്കാൻ അധികാരികൾ തയ്യാറായതുമില്ല. രണ്ടുമൂന്നു കൊല്ലക്കാലത്തെ ഹൈസ്ക്കൂൾ അദ്ധ്യാപനം ആയപ്പോഴേയ്ക്കും മഹാരാജാസ് കോളേജിൽ ചില മാറ്റങ്ങൾ ഉണ്ടായി. ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ മാതൃഭാഷാ സൂപ്രണ്ടായി. പി. കെ. യെ അദ്ദേഹത്തിന്റെ മലയാളം അസിസ്റ്റന്റായും നിയോഗിച്ചു. ശമ്പളവർദ്ധനവും ലഭിച്ചു. ഹൈസ്ക്കൂളിലും കോളേജിലുമായി ഏഴുവർഷത്തോളം അദ്ദേഹം അദ്ധ്യാപകനായിരുന്നു. ആ അദ്ധ്യാപകവൃത്തി ഉജ്ജ്വല വിജയവുമായിരുന്നു. അതികഠിനമായ വിഷയങ്ങൾ പോലും സരസമായി വിദ്യാർത്ഥികളെ അഭ്യസിപ്പിക്കുന്നതിനുള്ള പ്രത്യേക സാമർത്ഥ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഏ. ആർ. തന്റെ കൃതിയായ **കേരളപാണിനീയ**മെന്ന വ്യാകരണഗ്രന്ഥം പഠിപ്പിക്കാൻ പി. കെ. യെയാണു ചുമതലപ്പെടുത്തിയത്. മറ്റൊരാൾ പഠിപ്പിച്ചെങ്കിലേ സ്വതന്ത്രവും വിമർശനാത്മകവുമായ വിലയിരുത്തൽ ആ കൃതിയുടെ കാര്യത്തിൽ സാദ്ധ്യമാവൂ എന്നായിരുന്നു ഏ. ആറിന്റെ അഭിപ്രായം. ആ ഗ്രന്ഥത്തിന്റെ പരിഷ്കരിച്ചു വിപുലപ്പെടുത്തിയ രണ്ടാംപതിപ്പിന് തന്റെ ശിഷ്യനും സഹപ്രവർത്തകനുമായ പി. കെ. യെകൊണ്ടാണ് ഏ. ആർ. അവതാരിക എഴുതിച്ചതും. അനന്തരകാലത്ത്, **കേരളപാണിനീയ**ത്തിനു പുറമേ, മലയാളത്തിലെ പ്രാമാണിക ഗ്രന്ഥങ്ങളായി മാറിയ **ഭാഷാഭൂഷണം, വൃത്തമഞ്ജരി** എന്നിവയുടെ നിർമ്മിതിയിലും പി. കെ. യുടെ സഹായം ഏ. ആറിനുണ്ടായിരുന്നു. വിമർശനപരമായ പല അഭിപ്രായങ്ങളും പി. കെ. പുറപ്പെടുവിക്കുകയും ചിലതൊക്കെ ഏ. ആർ. സ്വീകരിക്കുകയും മറ്റു ചിലവ പിന്നീടു പരിഗണിക്കാമെന്നു മാറ്റിവെയ്ക്കുകയും ചെയ്തിട്ടുണ്ട്. വ്യാകരണ പുസ്തകങ്ങളായാലും സാഹിത്യഗ്രന്ഥങ്ങളായാലും പി. കെ. യുടെ അദ്ധ്യാപനം ഏറെ ഹൃദ്യമായിട്ടാണ് വിദ്യാർത്ഥികൾക്കനുഭവപ്പെട്ടത്. സംസ്കൃത വിഭാഗത്തിൽ നിന്നു പോലും പലപ്പോഴും വിദ്യാർത്ഥികൾ അദ്ദേഹത്തിന്റെ രസനീയമായ ക്ലാസ്സുകളിൽ വന്നിരിക്കാറുണ്ടായിരുന്നു. യുക്തി, പാണ്ഡിത്യം, നർമ്മ

ബോധം, പ്രതിപാദന വൈചിത്ര്യം, വാഗ്മിത തുടങ്ങി അദ്ധ്യാപനത്തെ വിജയിപ്പിക്കുന്ന നാനാഘടകങ്ങളുടേയും സാന്നിദ്ധ്യം കൊണ്ടു സജീവമായിരുന്നു പി. കെ. യുടെ ക്ലാസ്സുകൾ. കേരളപാണിനിയെപ്പറ്റി പി. അനന്തൻപിള്ള എഴുതിയ ജീവചരിത്രത്തിലും സാഹിത്യപഞ്ചാനനനെപ്പറ്റി പി. കെ. പരമേശ്വരൻ നായർ എഴുതിയ ജീവചരിത്രത്തിലും നിന്ന് ഈ വസ്തുതകൾ മനസ്സിലാക്കാനാകും.

കലാലയ നിലവാരത്തിൽ മലയാളം പാഠ്യവിഷയമായി അംഗീകരിക്കപ്പെട്ടിട്ട് അന്ന് ഏറെക്കാലമായിരുന്നില്ല. പ്രാരംഭദശയിൽ അനുഭവിക്കേണ്ടി വന്ന ബുദ്ധിമുട്ടുകൾ കുറച്ചൊന്നുമായിരുന്നില്ല. മലയാളത്തിൽ ഗദ്യസാഹിത്യം വളർച്ചയുടെ ആദ്യ പടവുകളിലായിരുന്നു. പദ്യസാഹിത്യകൃതികൾ ഏറെ ഉണ്ടായിരുന്നെങ്കിലും പാഠ്യവിഷയമാക്കുന്നതിന് ഏറെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നു. പതിനൊന്ന്-പന്ത്രണ്ടു ശതകങ്ങൾ മുതലുള്ള സാഹിത്യകൃതികൾ മലയാളത്തിലുണ്ടായിരുന്നെങ്കിലും ഇവയിൽ പലതും താളിയോലകളിൽ നിദ്ര കൊള്ളുകയായിരുന്നു. പാട്ട്, മണിപ്രവാളം എന്നീ വിഭാഗങ്ങളിലുൾപ്പെടുന്ന പ്രാചീനകൃതികൾ അച്ചടിയ്ക്കപ്പെടുകയോ, അർത്ഥബോധക്ഷമമായ രീതിയിൽ വ്യാഖ്യാനിക്കപ്പെടുകയോ ചെയ്തിരുന്നില്ല. തുഞ്ചത്തെഴുത്തച്ഛന്റെ (16-ാം ശതകം) കാലം മുതലുണ്ടായിട്ടുള്ള കൃതികളിൽ കുറേ ഒക്കെ അച്ചടിച്ചരൂപത്തിൽ അന്ന് ലഭ്യമായിരുന്നെങ്കിലും അവയിൽ പലതും അപപാഠങ്ങൾകൊണ്ടു ദൂഷിതമായിരുന്നു. പൊതുവേ അജ്ഞാതകർത്തൃകങ്ങളും അപപാഠദൂഷിതങ്ങളും രചനാകാലം നിർണ്ണയിക്കപ്പെട്ടിട്ടില്ലാത്തവയും ആയിരുന്നു. (ചുരുക്കം ചില അപവാദങ്ങൾ ഒഴികെ) ലഭ്യമായ കൃതികൾ. അനുയോജ്യമായ ഒരു സാഹിത്യചരിത്രമോ ഭാഷാചരിത്രമോ അന്നെഴുതപ്പെട്ടിരുന്നില്ല. സർവ്വകലാശാലാ നിലവാരത്തിന് യോജിച്ച പാഠപുസ്തകമായി ചൂണ്ടിക്കാണിക്കാൻ പോരുന്ന വ്യാകരണഗ്രന്ഥമോ അലങ്കാരശാസ്ത്രഗ്രന്ഥമോ വൃത്തശാസ്ത്രഗ്രന്ഥമോ അന്നു പ്രാബല്യത്തിൽ വന്നിരുന്നില്ല. ഈ സാഹചര്യത്തിലാണ് ഏ. ആർ. രാജരാജവർമ്മയുടെ നേതൃത്വത്തിലുള്ള പൗരസ്ത്യഭാഷാശാഖ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ പ്രവർത്തനമാരംഭിച്ചത്.

വ്യാകരണം, അലങ്കാരശാസ്ത്രം, വൃത്തശാസ്ത്രം എന്നീ വിഷയങ്ങളിലെ പാഠ്യഗ്രന്ഥങ്ങൾ സഹപ്രവർത്തകരുടെ സഹായത്തോടെ ഏ. ആർ. തന്നെ രചിച്ചു. ഇന്നും അവ മലയാളത്തിലെ മാതൃകാപാഠ്യഗ്രന്ഥങ്ങളായി നിലകൊള്ളുന്നു.

1. താളിയോലഗ്രന്ഥങ്ങൾ കണ്ടെടുത്ത് പ്രസിദ്ധപ്പെടുത്തുക.
2. കൃതിയുടെ കർത്തൃകാലാദികളെ ഗവേഷണം വഴി നിർണ്ണയിക്കുക.



3. അപപാഠങ്ങളെ ദൂരീകരിച്ച് പ്രാചീന കൃതികളുടെ ശുദ്ധപാഠങ്ങൾ കണ്ടെത്തുക.
4. പ്രാചീന കൃതികളുടെ ആശയം മനസ്സിലാക്കുന്നതിന് ഉതകത്തക്ക രീതിയിലുള്ള വ്യാഖ്യാനങ്ങൾ രചിക്കുക.
5. ഒരു സാഹിത്യചരിത്രം നിർമ്മിക്കുക.
6. നവീനങ്ങളായ ഗദ്യ-പദ്യ സാഹിത്യകൃതികൾ ചമയ്ക്കുക.

ഇത്യാദി ആയിരുന്നു മലയാളഭാഷാഭിവൃദ്ധിയ്ക്ക് ഉടനേ ചെയ്യേണ്ടിയിരുന്ന കാര്യങ്ങൾ. അന്നത്തെ കേരളീയ പണ്ഡിതന്മാർ ഇക്കാര്യം ഗൗരവമായിത്തന്നെ എടുത്തു. അവർ നാടിന്റെ നാനാഭാഗത്തു നിന്നും പ്രാചീന ഗ്രന്ഥങ്ങൾ കണ്ടെടുത്തു പ്രകാശിപ്പിക്കുകയും നൂതനഗവേഷണ യത്നങ്ങളിലേർപ്പെടുകയും ചെയ്തു. പി. കെ. യും ഈ മഹാപ്രക്രിയയിൽ സജീവമായ പങ്കാളിത്തം വഹിച്ചിട്ടുണ്ട്. പല തുള്ളൽ കൃതികളും അദ്ദേഹം കണ്ടെടുത്ത് പ്രകാശിപ്പിച്ചു. ഭാഗവതം കിളിപ്പാട്ടിന്റെ ശുദ്ധപാഠം നിർണ്ണയിച്ചു. ഇരുപത്തിനാലു വൃത്തത്തിൽ കുറേ ഭാഗത്തിനു വ്യാഖ്യാനവും ശുദ്ധപാഠനിർണ്ണയവും നടത്തി. പല പ്രാചീന കവികളെപ്പറ്റിയും അവരുടെ കൃതികളെപ്പറ്റിയും ഗവേഷണപഠനങ്ങൾ നടത്തി. ഗവേഷണപഠനസ്വഭാവമുള്ള അനവധി ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി. ഇപ്രകാരം വിദ്യാഭ്യാസ രംഗത്ത് പി. കെ. നിർവ്വഹിച്ച സേവനങ്ങൾ അനവധിയാണ്. അദ്ധ്യാപനരംഗം വിട്ടുപോയ ശേഷവും ഈ സാഹിത്യ താത്പര്യം അദ്ദേഹം ഉപേക്ഷിച്ചില്ല. അന്ത്യകാലംവരേയും അതു തുടർന്നുപോയി.

പ്രൊഫ. ഏ. ആർ. രാജരാജവർമ്മയോടൊപ്പം തിരുവനന്തപുരത്തു കഴിച്ചു കൂട്ടിയ കാലഘട്ടം മറ്റു പല പ്രകാരത്തിലും പി. കെ. യുടെ ഉത്ക്കർഷത്തിന് സഹായകമായിത്തീർന്നു. മഹാരാജാസ് കോളേജിലെ അദ്ധ്യാപക പദവിയും വ്യാപകമായ സാഹിത്യ പ്രവർത്തനവും പ്രഭാഷണ ചാതുര്യവും പി. കെ. യെ പ്രശസ്തനാക്കി മാറ്റി. കേരളത്തിലെ പല പ്രമുഖ പണ്ഡിതന്മാരുമായും സാഹിത്യകാരന്മാരുമായും സമ്പർക്കത്തിലേർപ്പെടാനുള്ള അവസരവും കൈവന്നു. പല പണ്ഡിതന്മാരും ഭാഷാസാഹിത്യസംബന്ധമായ സംശയങ്ങൾ തീർക്കുന്നതിനും സാഹിത്യാഭിവൃദ്ധിയെ ലക്ഷ്യം വച്ചുള്ള മറ്റു പല കാര്യങ്ങളിലും മഹാരാജാസ് കോളേജ് പ്രൊഫസറായ ഏ. ആർ. രാജരാജവർമ്മയുടെ അഭിപ്രായം ആരാഞ്ഞിരുന്നു. ഏ. ആറിനുവേണ്ടി ഇവരിൽ പലർക്കും മറുപടി എഴുതുന്ന ജോലി പി. കെ. യ്ക്കായിരുന്നു. ഇതുവഴി അനവധി വ്യക്തികളുമായി പരിചയം സ്ഥാപിക്കാൻ അദ്ദേഹത്തിനു സാധിച്ചു. തലസ്ഥാനത്തു തന്നെയു

ണ്ടായിരുന്ന സി. വി. രാമൻപിള്ള, കേരളവർമ്മ വലിയകോയിത്തമ്പുരാൻ തുടങ്ങിയ പ്രഗല്ഭമതികളുടെ സ്നേഹവാത്സല്യങ്ങൾക്കും പാത്രമായി. സാഹിത്യ സംബന്ധമായ ചില വാദങ്ങളിൽ ഇക്കാലത്ത് ഏർപ്പെടുകയും ചെയ്തു. ഇങ്ങനെ അദ്ധ്യാപകവൃത്തിയും അതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളും പി. കെ. യെ സാമാന്യം പ്രശസ്തനാക്കി.

ഈ പ്രശസ്തിയുടെ പിൻബലത്തോടെയാണ്, കണ്ണീരോടെയാണെങ്കിലും ഏ. ആർ. രാജരാജവർമ്മയോടു വിട പറഞ്ഞു കൊണ്ട് 1908-ാമാണ്ടോടെ പി. കെ. ആലപ്പുഴ ജില്ലാക്കോടതിയിൽ അഭിഭാഷകനായി ചേർന്നത്. ഈ തൊഴിലിലും തനിയ്ക്കു താൻപോരിമ അദ്ദേഹം പ്രകടിപ്പിക്കുന്നു. പുതിയ ആളുകൾ മുതിർന്ന അഭിഭാഷകരുടെ കീഴിൽ അല്പകാലം പരിശീലനം നേടുന്ന സമ്പ്രദായം നിലവിലുണ്ട്. പി. കെ. യുടെ കാര്യത്തിൽ അങ്ങനെ പ്രത്യേകം ഒരു പരിശീലനം ഉണ്ടായിട്ടില്ല. പല വിശിഷ്ട വ്യക്തികളുമായി ഉണ്ടായിരുന്ന പരിചയവും അനവധി സദസ്സുകളിൽ പ്രസംഗിച്ചും വാദപ്രതിവാദം നടത്തിയുമുള്ള ശീലവും ഒക്കെ അഭിഭാഷക ജീവിതത്തിലെ പ്രാരംഭബുദ്ധിമുട്ടുകളെ ഒരു പരിധിവരെ അതിജീവിക്കുന്നതിന് സഹായകമായി. നിയമശാസ്ത്രത്തിൽ അഗാധവും വിപുലവുമായ ജ്ഞാനം ആർജ്ജിക്കുകയായിരുന്നു തുടർന്നുവേണ്ടിയിരുന്നത്. ഒന്നുരണ്ടു വർഷക്കാലം ഇതരമണ്ഡലങ്ങളിൽ വ്യാപരിക്കാതെ അഭിഭാഷകവൃത്തിയിലും നിയമപഠനത്തിലും മാത്രം ശ്രദ്ധിച്ചു കഴിഞ്ഞുകൂടിയതോടെ അതും സാദ്ധ്യമായി. തുടർന്ന് അഭിഭാഷകജീവിതത്തിൽ ഗംഭീര വിജയം നേടാനും കഴിഞ്ഞു.

കോളേജിൽ നിന്നു പിരിയുന്ന അവസരത്തിൽ 60 രൂപയായിരുന്നു ശമ്പളം. ആ തുക ആദ്യത്തെ കേസിൽതന്നെ ഫീസായി കിട്ടി. ഇതദ്ദേഹത്തെ ഏറെ സന്തോഷിപ്പിച്ചു. പി. കെ. യെ സംബന്ധിച്ച് പലപ്പോഴും ചൂണ്ടിക്കാട്ടപ്പെട്ടിട്ടുള്ള ഒരു ദോഷവും ഇവിടെ സ്മരണീയമാണ്. ഫീസിന്റെ കാര്യത്തിൽ കക്ഷികളോട് ഒരു ദാക്ഷിണ്യമനോഭാവവും അദ്ദേഹം വച്ചുപുലർത്തിയിരുന്നില്ല. ശരിയായ വിധത്തിലുള്ള ഫീസ് ഒന്നായി ആദ്യമേ കിട്ടണമെന്ന താത്പര്യം അദ്ദേഹത്തിനുണ്ടായിരുന്നു. വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിൽ അനുഭവിക്കേണ്ടി വന്ന ധനപരമായ ബുദ്ധിമുട്ടുകൾ ഒരുപക്ഷേ ധനസംരേണ വ്യഗ്രതയേയും ലുബ്ധിനേയും വർദ്ധിപ്പിച്ചിരുന്നിരിക്കാം. പക്ഷേ അന്യായമായ ധനാർജ്ജനത്തിന് അദ്ദേഹം മുതിർന്നിരുന്നില്ല. മാത്രമല്ല, നായർ സർവ്വീസ് സൊസൈറ്റിയുടെ ഒരു വിപുലമായ കേസ് ഫീസ് കൂടാതെ തന്നെ നടത്തിയതായി ആ സംഘടനയുടെ ഭാരവാഹിയായിരുന്ന മന്നത്തു പത്മനാഭൻ പ്രസ്താവിച്ചിട്ടുമുണ്ട്.



ഇതിൽ നിന്നും അർഹിക്കുന്നിടത്ത് വേണ്ട സൗജന്യം ചെയ്യാൻ പി. കെ. യ്ക്കു മടിയില്ലായിരുന്നുവെന്നാണല്ലോ കരുതേണ്ടത്. ഏതായാലും അഭിഭാഷകവൃത്തി പി. കെ. യുടെ സാമ്പത്തിക സ്ഥിതിയെ വളരെ മെച്ചപ്പെടുത്തി. ആരംഭത്തിൽ തന്നെ നാനൂറ് അഞ്ഞൂറ് രൂപ ഫീസായി കിട്ടത്തക്കവണ്ണമുള്ള കേസ്സുകൾ ആലപ്പുഴയിൽ അദ്ദേഹത്തിനുണ്ടായിരുന്നു. ഇരുപതാം ശതകത്തിന്റെ ആദ്യദശകത്തിൽ ലഭിച്ച തുകയാണിത്. ആദ്യമാദ്യം ക്രിമിനൽ കേസ്സുകളാണ് കൂടുതൽ ഉണ്ടായിരുന്നതെങ്കിലും ക്രമേണ സിവിൽക്കേസ്സുകളും ധാരാളമായി കൈകാര്യം ചെയ്തു.

1910-ാമാണ്ടിൽ കോട്ടയത്ത് പുതിയ ജില്ലാക്കോടതി സ്ഥാപിതമായി. അതോടെ ആലപ്പുഴക്കോടതിയുടെ അധികാരപരിധിയിലുള്ള പല സ്ഥലങ്ങളും പുതിയ കോടതിയുടെ പരിധിയിലായി. പല പ്രഗല്ഭരായ അഭിഭാഷകരും അങ്ങോട്ടു മാറി. അചിരേണ പി. കെ. യും കോട്ടയത്തേയ്ക്കു മാറി. പ്രസിദ്ധങ്ങളായ ചില ക്രിമിനൽ കേസ്സുകളോടൊപ്പം വലിയ നിയമപ്രശ്നങ്ങൾ അന്തർഭവിക്കുന്ന വിപുലമായ സിവിൽ കേസ്സുകളും പി. കെ. വാദിച്ചു ജയിച്ചിട്ടുണ്ട്. പ്രസിദ്ധരായ പല ജന്മിമാരും, പഴയ നാടുവാഴികളും, ചില കമ്പനിക്കാരും പി. കെ. യുടെ കക്ഷികളുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. ശുഷ്കാന്തിയോടെയും കാര്യക്ഷമമായും കേസ്സുകൾ നടത്തിക്കൊണ്ടുപോകാൻ അദ്ദേഹത്തിനു സാധിച്ചു. സ്മൃതികളെപ്പോലുള്ള പ്രാചീന ഹിന്ദുനിയമങ്ങളിലെ അവഗാഹം, വിപുലമായ സംസ്കൃതപരിജ്ഞാനം, മനഃശാസ്ത്രാവബോധം, ഫലിതപ്രയോഗപാടവം, വാഗ്വൈഭവം തുടങ്ങി ഒട്ടനവധി ഘടകങ്ങൾ അഭിഭാഷകവൃത്തിയിലെ വിജയത്തിനു നിദാനമായിട്ടുണ്ട്. നിയമശാസ്ത്രത്തിൽ അഗാധവും വ്യാപകവുമായ പരിജ്ഞാനം നേടിയെടുത്തിരുന്നു. ശാസ്ത്രബുദ്ധിയും കലാരസികത്വവും ഒന്നുപോലെ മേളിച്ചിരുന്ന പ്രതിഭാസമ്പന്നനായിരുന്നു. ഈ സവിശേഷതകൾ അഭിഭാഷകവൃത്തിയിൽ നേട്ടങ്ങളുണ്ടാക്കിയതോടൊപ്പം ഇതര ജീവിത രംഗങ്ങളിലും അദ്ദേഹത്തെ വിജയിപ്പിച്ചു. അഭിഭാഷക ജീവിതത്തോടൊപ്പം തന്നെ സാഹിത്യപ്രവർത്തനം, രാഷ്ട്രീയ പ്രവർത്തനം, സമുദായപ്രവർത്തനം തുടങ്ങിയ വിവിധ മേഖലകളിൽ സജീവമായി തന്നെ വ്യാപരിക്കാൻ സാധിച്ചത് ശാസ്ത്രബുദ്ധിയും കലാരസികത്വവും തുല്യനിലയിൽ ആ വ്യക്തിത്വത്തിൽ മേളിച്ചിരുന്നതുകൊണ്ടാണ്.

ഏതാണ്ട് പതിമൂന്ന് വർഷക്കാലം കോട്ടയത്ത് അഭിഭാഷകജീവിതം നയിച്ചശേഷം തിരുവനന്തപുരത്ത് ഹൈക്കോടതിയിലേക്ക് മാറി. കോട്ടയത്തേക്കാൾ മെച്ചപ്പെട്ട വരുമാനം തിരുവനന്തപുരത്തു നിന്നും അദ്ദേഹ

ത്തിനു ലഭിച്ചു. കോട്ടയത്തുനിന്നു തന്നെയുള്ള ഒട്ടനവധി അപ്പീൽ കേസ്സുകളും ലഭിച്ചു. തലസ്ഥാനത്ത് കുറേക്കൂടി വിശാലമായ ഒരു പ്രവൃത്തിമണ്ഡലവും അദ്ദേഹത്തിനു തുറന്നു കിട്ടി. ഇത് ഭാവിശ്രേയസ്സിനെ ഗണ്യമായി സ്വാധീനിച്ചു. പൊതുപ്രവർത്തനത്തിൽ കൂടുതൽ ഭാഗഭാക്കാകാനും സാധിച്ചു.

1929-ൽ (1104 ME) സർ എം. വിശ്വേശ്വരയ്യയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്തുവച്ചു നടന്ന ദക്ഷിണേന്ത്യൻ നാട്ടുരാജ്യ പ്രജാസമ്മേളനത്തിന്റെ നിർവ്വഹണ നേതൃത്വം പി. കെ. യ്ക്കായിരുന്നു. സ്വാഗതസംഘാദ്ധ്യക്ഷനും അദ്ദേഹമായിരുന്നു. അന്നദ്ദേഹം ചെയ്ത പ്രസംഗം ഒരാധികാരിക ചരിത്ര-പഠന രേഖയാണ്. ഈ സമ്മേളനാനന്തരം ഏറെക്കഴിയുന്നതിനു മുൻപു തന്നെ പി. കെ. ഹൈക്കോടതിയിലെ ന്യായാധിപ സ്ഥാനത്തേയ്ക്കു നിയമിക്കപ്പെട്ടു. 1933 വരെ അദ്ദേഹം ആ പദവിയിൽ തുടർന്നു. പ്രസിദ്ധമായ പല കേസ്സുകൾക്കും അദ്ദേഹം വിധിയെഴുതിയിട്ടുണ്ട്. പ്രാചീന ഭാരതീയ നിയമസംഹിതകളിലും മറ്റും ഉണ്ടായിരുന്ന അവഗാഹത്തെ സമൂഹത്തിന്റെ പുരോഗമനോന്മുഖമായ പോക്കിന് പ്രോത്സാഹകമായ രീതിയിൽ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള വിധിതീർപ്പുകൾ പി. കെ. യിൽ നിന്നുണ്ടായിട്ടുണ്ട്. ചില അവർണ്ണർ ക്ഷേത്രം അശുദ്ധമാക്കിയെന്നതു സംബന്ധിച്ചുള്ള ഒരു കേസ്സിൽ സ്മൃതിനിയമാദികളുടെ പിൻബലത്തോടെ തന്നെ അവർണ്ണർക്കനുകൂലമായി പ്രസ്താവിച്ച വിധി ആ വിഷയത്തിലെ പ്രാമാണിക രേഖയായി നിലകൊള്ളുകയാണ്. പി. കെ. യുടെ വിധിന്യായങ്ങളെക്കുറിച്ച് തിരുവിതാംകൂർ ലാ ജേർണലിലെ ഒരു പത്രാധിപക്കുറിപ്പ് ജീവചരിത്രകാരനായ പി. കെ. പരമേശ്വരൻ നായർ ഉദ്ധരിക്കുന്നുണ്ട്. അതിങ്ങനെയാണ്:

“അദ്ദേഹത്തിന്റെ ജഡ്ജുമെന്റുകൾ നിയമശാസ്ത്ര വിജ്ഞാനത്തേയും വൈദുഷ്യത്തേയും പ്രകടമാക്കുന്നതിനു പുറമേ പൂർവ്വിക സാഹിത്യസമുച്ചയത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന അത്ഭുതകരമായ അവഗാഹത്തിൽ നിന്നും ഉണ്ടായിട്ടുള്ളതെന്നു നിസ്സംശയം പറയാവുന്ന ഒരു പ്രത്യേക വ്യക്തിത്വം കൂടി ഉൾക്കൊള്ളുകയും ചെയ്യുന്നു.” (സാഹിത്യ പഞ്ചാനനൻ 43-ാം അദ്ധ്യായം).

പക്ഷേ, പി. കെ. യുടെ വിധിന്യായങ്ങൾ സർവ്വഥാ നിർദ്ദോഷമെന്നു പറയാനാവില്ല. സാഹിത്യപ്രണയി ആയതുകൊണ്ടു തന്നെ ആ വിധിന്യായങ്ങൾ പൊതുവേ സരസവും ഹൃദയംഗമവുമാണ്. വൈകാരികതയുടെ സ്പർശമുള്ള വിധിതീർപ്പുകളും ഇല്ലാതെയല്ല. കേസരിയുടെ പത്രാധിപരായിരുന്നു ബാലകൃഷ്ണപിള്ളയെ ശിക്ഷിച്ചുകൊണ്ടെഴുതിയ



വിധിന്യായത്തിലെ തീക്ഷ്ണത വിമർശന വിധേയമായിട്ടുണ്ട്. വികാരസ്പർശമില്ലാതെ ഋജുവും കാര്യമാത്രപ്രസക്തവുമായിരിക്കണം വിധിന്യായങ്ങളെന്ന സങ്കല്പവുമായി പൊരുത്തപ്പെടുന്നവയല്ല പി. കെ. യുടെ ചില വിധിന്യായങ്ങളെങ്കിലും.

ഹൈക്കോടതിയിൽ നിന്ന് വിരമിച്ച ശേഷം പി. കെ. ബാറിലെ അംഗമായി പല പ്രധാനപ്പെട്ട കേസ്സുകളും വാദിച്ചിട്ടുണ്ട്. എന്നാൽ ക്രമേണ അഭിഭാഷകവൃത്തിയിൽ നിന്നും പിരിഞ്ഞ് പൊതുപ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുകയാണുണ്ടായത്. ഗുമസ്തനിൽ തുടങ്ങി അദ്ധ്യാപകനിലൂടെയും അഭിഭാഷകനിലൂടെയും ഹൈക്കോടതി ജഡ്ജി പദവി വരെയെത്തിയ ഔദ്യോഗിക ജീവിതത്തിന്റെ ഒരു രേഖാചിത്രമാണ് ഈ ഖണ്ഡത്തിൽ അവതരിപ്പിച്ചത്.

# 6

# രാഷ്ട്രീയ-സാംസ്കാരിക-സാമുദായിക പ്രവർത്തനങ്ങൾ

ബഹുമുഖ പ്രതിഭയായ പി. കെ. യുടെ പ്രവൃത്തി മണ്ഡലങ്ങളും വൈവിദ്ധ്യമാർന്നവയാണ്. അദ്ദേഹത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങളും സമുദായിക-രാഷ്ട്രീയ പ്രവർത്തനങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. വികാരാധീനനാകാതെ സമചിത്തതയോടെ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുകയും അതുവഴി സമൂഹപുരോഗതിയ്ക്ക് വലിയ സംഭാവനകൾ നല്കുകയും ചെയ്തു. പരസ്പരബന്ധിതമായ ഈ പ്രവർത്തനങ്ങളെ ഒന്നിച്ചവലോകനം ചെയ്യുകയാണ് ഈ ഖണ്ഡത്തിൽ.

അഭിഭാഷക ജീവിതത്തിലേയ്ക്ക് കടന്നതോടെ പൊതുപ്രവർത്തനത്തിനുള്ള അവസരങ്ങളും വർദ്ധിച്ചു. ആലപ്പുഴയിൽ അഭിഭാഷകനായി ചേർന്ന് ഏറെക്കഴിയുന്നതിനു മുമ്പു തന്നെ 1910-ൽ (1085 ME), അദ്ദേഹം ശ്രീമൂലം പ്രജാസഭാ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നിന്ന് ജയിച്ചു. പ്രജാസഭാസമ്മേളനത്തിൽ അക്കൊല്ലം പി. കെ. ചെയ്ത പ്രസംഗം സാർവ്വത്രികമായി ശ്രദ്ധിക്കപ്പെടുകയും അഭിനന്ദിക്കപ്പെടുകയും ചെയ്തു. ഗവൺമെൻറിന്റെ വിദ്യാഭ്യാസ നയത്തെ വിമർശിച്ചുകൊണ്ടുള്ളതായിരുന്നു ആ പ്രസംഗം. ചില സർക്കാർ സ്ക്കൂളുകൾ നിർത്തലാക്കുവാനുള്ള നിർദ്ദേശത്തെ എതിർത്തു കൊണ്ടായിരുന്നു പ്രസംഗം. വിദ്യാഭ്യാസ മേഖലയിൽ നിന്നു സർക്കാർ പിൻവലിയണമെന്നും സ്വകാര്യ സ്ഥാപനങ്ങളെ ആ ചുമതല ഏല്പിക്കണമെന്നുമുള്ള ഒരു വാദഗതി ശക്തി പ്രാപിച്ചു വന്ന കാലഘട്ടമായിരുന്നു അത്. പി. കെ. യുടെ പ്രജാസഭാ പ്രസംഗം ഗവൺമെൻറിനെ തങ്ങളുടെ നയത്തിൽ നിന്നു പിൻതിരിപ്പിച്ചു. 1920-ാം (1096 ME) ആണ്ടോടെ കോട്ടയം നഗരസഭാ പ്രതിനിധിയെന്ന നിലയിൽ വീണ്ടും പ്രജാസഭാ മെമ്പറായി. സമുദായ പരിഷ്കരണ യത്നങ്ങൾക്ക് ഈ സ്ഥാനലബ്ധി കൂടുതൽ സഹായകമായി. പുതിയ നായർ റഗുലേഷൻ ഉണ്ടാവേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സർക്കാരിൽ നിവേദനം നടത്താൻ ഈ അവസരം പ്രയോജനപ്പെടുത്തി. അടുത്ത വർഷം നടന്ന പരിഷ്കരിച്ച



നിയമസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ നിന്നും ബഹുഭൂരിപക്ഷത്തോടെ പി. കെ. തിരഞ്ഞെടുക്കപ്പെട്ടു. ഈ കാലഘട്ടത്തിൽ ആർക്കിയോളജി വകുപ്പ് നിർത്തൽ ചെയ്യുവാൻ സർക്കാർ തുനിഞ്ഞപ്പോൾ അതിനെതിരേ പി. കെ. പ്രമേയം അവതരിപ്പിച്ചു; വലിയ ഭൂരിപക്ഷത്തോടെ അതു പാസ്സാകുകയും ചെയ്തു. അതോടെ ആ വകുപ്പ് സുരക്ഷിതമായി ഇന്നും നില നിന്നു വരുന്നു. അദ്ദേഹത്തിന്റെ നിയമസഭാ ജീവിതത്തിൽ ഏറ്റവും സംഭവബഹുലമായ കാലഘട്ടമാണിത്. നായർ റഗുലേഷൻ ഭേദഗതി ബിൽ, വർത്തമാനപ്പത്ര റഗുലേഷൻ, വൈക്കം സത്യാഗ്രഹം, സർക്കാർ സർവ്വീസിലെ സമുദായ പ്രാതിനിധ്യവാദം മുതലായ പ്രക്ഷോഭകങ്ങളായ സംഗതികൾ ആവിർഭവിച്ചത് ആ കാലഘട്ടത്തിലാണ്. ഇവ സംബന്ധമായി നിയമസഭയിൽ നടന്ന വാദങ്ങളിൽ സജീവ പങ്കാളിത്തം വഹിച്ച് സമചിത്തതയോടെയും നിർഭയമായും പുരോഗമനോന്മുഖമായ നിലപാട് പി. കെ. സ്വീകരിച്ചു. സംഭവബഹുലമായ ഈ കാലഘട്ടത്തിനുശേഷം അദ്ദേഹം പിന്നെ നിയമസഭയിൽ വരുന്നത് 1933-ൽ ആണ്. അത്തവണ പുതുതായി നിയമസഭയിൽ ആവിർഭവിച്ച ലിബറൽ കക്ഷിയുടെ നേതാവ് അദ്ദേഹമായിരുന്നു. പബ്ലിക്ക് സർവ്വീസിലെ സാമുദായിക പ്രാതിനിധ്യത്തെപ്പറ്റിയുള്ള വിവാദത്തിൽ വർഗ്ഗീയ താത്പര്യങ്ങളെക്കാൾ കാര്യക്ഷമതയ്ക്കാണു മുൻതൂക്കം നൽകേണ്ടതെന്നും ഒരു പ്രത്യേക സമുദായത്തിൽ ജനിച്ചുവെന്നത് ഉദ്യോഗലബ്ധിയെ ബാധിക്കുന്ന ഘടകമാകരുതെന്നുമുള്ള നിലപാടാണ് പി. കെ. കൈക്കൊണ്ടത്.

പി. കെ. യുടെ രാഷ്ട്രീയ പ്രവർത്തനം സമൂഹപുരോഗതിയെ ഏറെ സഹായിച്ചുവെങ്കിലും അതിന് മറ്റു ചില പരിമിതികൾ ഉള്ളതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. കക്ഷി മത്സരങ്ങളിൽ അദ്ദേഹം തത്പരനായിരുന്നില്ല. തനിയ്ക്കു പറയാനുള്ളത് സമചിത്തതയോടെയും നിർഭയമായും തുറന്നു പറയുന്ന രീതിയാണ് അവലംബിച്ചിരുന്നത്. ഈ രീതി ഒരു രാഷ്ട്രീയ പ്രവർത്തകനെ സംബന്ധിച്ചിടത്തോളം എല്ലായ്പ്പോഴും വിജയിച്ചുവെന്നു വരില്ല. പ്രകടമായ സമരമുറകളിലേർപ്പെട്ട് നിയമ നിഷേധത്തിനൊരുങ്ങാൻ അദ്ദേഹം തയ്യാറായിരുന്നില്ല. പ്രതിഷേധ പ്രകടനമെന്ന നിലയിലുള്ള വാക്കൗട്ടിനുപോലും അദ്ദേഹം തയ്യാറായിരുന്നില്ല. ത്യാഗസുരഭിലമായ ജീവിതം നയിച്ചയാൾ എന്നും അദ്ദേഹത്തെ വിശേഷിപ്പിക്കാനാവില്ല. ഈ സ്വഭാവവിശേഷം ജീവചരിത്രകാരനായ പി. കെ. പരമേശ്വരൻ നായർ ഇങ്ങനെ ചൂണ്ടിക്കാണിക്കുന്നു. "സ്വോൽക്കർഷത്തിനുള്ള പരിശ്രമങ്ങൾക്കു വിധേയമായല്ലാതെ, അവയെ ശിഥിലീകരിച്ചിട്ടുള്ള ഒരു

പൊതുക്കാര്യ ജീവിതം അദ്ദേഹം ഒരു കാലത്തും സ്വീകരിച്ചില്ലെന്നുള്ള പരമാർത്ഥം ഈ അവസരത്തിൽ വ്യക്തമാക്കിക്കൊള്ളട്ടെ. പൊതുക്കാര്യത്തിനു വേണ്ടി മുഴുവൻ സമയവും അർപ്പിച്ച ഒരു ത്യാഗിയായിരുന്നില്ല പി. കെ. വ്യക്തിമാഹാത്മ്യത്തെ വർദ്ധിപ്പിച്ച് സമുദായ സേവനത്തിനുള്ള കഴിവിനെ കഴിയുന്നതും വർദ്ധമാനമാക്കുക എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം.'' (സാഹിത്യപഞ്ചാനനൻ 33-ാം അദ്ധ്യായം)

പി. കെ. യുടെ രാഷ്ട്രീയ ജീവിതത്തെക്കുറിച്ച് പരാമർശിക്കുന്ന ഈ സന്ദർഭത്തിൽ ദേശീയ പ്രസ്ഥാനത്തോട് അദ്ദേഹത്തിന്റെ നിലപാട് എന്തായിരുന്നു എന്ന അന്വേഷണം കൗതുകപ്രദമാണ്. ബ്രിട്ടീഷുകാർ നേരിട്ടു ഭരിക്കുന്ന പ്രദേശങ്ങളെ അപേക്ഷിച്ച് നാട്ടുരാജ്യങ്ങളിൽ സ്വാതന്ത്ര്യ സമരം പൊതുവേ ദുർബ്ബലമായിരുന്നു. 1919-ൽ തിരുവനന്തപുരത്ത് കോൺഗ്രസ്സ് കമ്മിറ്റി സ്ഥാപിതമായെങ്കിലും അവരുടെ പ്രവർത്തനം വിദേശവസ്ത്രബഹിഷ്കരണത്തിൽ ഒതുങ്ങി നിന്നു. സ്വാതന്ത്ര്യ സമരത്തോട് താത്പര്യം കാണിക്കാത്ത ചില പ്രബല വിഭാഗങ്ങളും കേരളത്തിലുണ്ടായിരുന്നു. പ്രാദേശികതാത്പര്യങ്ങൾക്കതീതമായി വിശാലമായ ദേശീയ വീക്ഷണം വച്ചു പുലർത്തിയിരുന്ന ആളുകൾ അന്ന് തിരുവിതാംകൂറിൽ എണ്ണത്തിലധികമുണ്ടായിരുന്നുവെന്ന് പറയാനാവില്ല. ഈ പശ്ചാത്തലത്തിൽ വേണം പി. കെ. യുടെ നിലപാടന്വേഷിക്കേണ്ടത്.

നിയമലംഘനത്തിനോ അറസ്റ്റു വരിക്കുന്നതിനോ പി. കെ. പോയിട്ടില്ല. ബ്രിട്ടീഷുകാരെ എതിർക്കണമെന്നും മാതൃഭൂമിയുടെ സ്വാതന്ത്ര്യം വീണ്ടെടുക്കണമെന്നും പ്രകടമായി ഉദ്ബോധിപ്പിക്കുന്ന ലേഖനങ്ങൾ എഴുതിയതായും അറിവില്ല. (സ്വാതന്ത്ര്യലബ്ധിക്കു ഒൻപതു വർഷം മുൻപു തന്നെ അദ്ദേഹം അന്തരിച്ചുവെന്ന വസ്തുതയും വിസ്മരിക്കാനാവില്ല). പക്ഷേ, ദേശീയപ്രസ്ഥാനത്തോട് അങ്ങേഅറ്റത്തെ ആദരവും ജനായത്തഭരണത്തെക്കുറിച്ചുള്ള വ്യക്തമായ ഒരു സങ്കല്പവും അദ്ദേഹത്തിനുണ്ടായിരുന്നു.

ഗാന്ധിജിയെക്കുറിച്ച് ''എത്രലക്ഷം മനുഷ്യരുടെ ആരാധനാപാത്രമാണ് ആ പരിപാവനാത്മാവ്'' എന്നിങ്ങനെ 1922-ൽ സി. വി. രാമൻപിള്ളയെപ്പറ്റി എഴുതിയ ലേഖനത്തിൽ അനുഷംഗികമായി പ്രസ്താവിച്ചിരിക്കുന്നു. സ്വാതന്ത്ര്യലബ്ധിക്ക് 23 വർഷം മുൻപ്, 1924-ൽ നിയമസഭയിൽ വന്ന ഒരു പ്രമേയത്തെ പി. കെ. ഒരു ഭേദഗതിയോടുകൂടിയാണ് അനുകൂലിച്ചത്. ഭേദഗതിയുടെ ഒരു ഭാഗം ഇങ്ങനെയായിരുന്നു: ''സംസ്ഥാനത്തിലുള്ള എല്ലാ വിദ്യാലയങ്ങളിലും നൂൽനൂല്പ് കരതന്ത്രപരിശീലനത്തിന്റെ (Crafts) ശാഖയായി ഏർപ്പെടുത്തണമെന്നുള്ള പ്രമേയ ഭേദഗതി വരുത്തിക്കൊണ്ടു ഞാൻ അനുകൂലിക്കുന്നു.'' സർക്കാരിനെക്കൊണ്ട് ഗാന്ധിജിയുടെ സമരമാർഗ്ഗം പ്രാവർത്തികമാക്കിക്കുകയാണല്ലോ പി. കെ. ഇവിടെ ചെയ്യുന്നത്.



ബ്രിട്ടീഷ് ഗവൺമെൻറ് നാട്ടുരാജ്യങ്ങളോട് അനുവർത്തിച്ചു വരുന്ന നയത്തെ വിമർശിച്ചിട്ട് ബ്രിട്ടീഷുകാർ ഇന്ത്യയിൽ ആധിപത്യം ഉറപ്പിച്ചത് അവരുടെ ഗവൺമെന്റിന്റെ തന്നെ നയങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമായിട്ടായിരുന്നുവെന്ന് 'ഭാരതീയ നാട്ടുരാജ്യങ്ങൾ – ചില ചരിത്ര സാക്ഷ്യങ്ങൾ' എന്ന പേരിൽ 1929-ൽ എഴുതിയ ഒരു ലേഖനത്തിൽ വിശദമാക്കിയിട്ടുണ്ട്. 'സ്വാതന്ത്ര്യ സമ്പാദകന്മാർ' എന്ന മറ്റൊരു ലേഖനം സ്വാതന്ത്ര്യ സമരത്തിന്റെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ അങ്ങേഅറ്റം ദേശാഭിമാന പ്രചോദകമായ ഒന്നാണ്. സ്വാതന്ത്ര്യത്തിന്റെ മഹത്വം വ്യക്തമാക്കുകയും ലോകത്തിന്റെ നാനാഭാഗങ്ങളിലും ഉണ്ടായിട്ടുള്ള സ്വാതന്ത്ര്യ സമ്പാദന യത്നങ്ങളുടെ കീർത്തനീയതയും ത്യാഗോജ്ജ്വലതയും വിശദീകരിക്കുകയും ചെയ്യുന്നു. ലേഖനം അദ്ദേഹം ഇങ്ങനെ സമാപിപ്പിക്കുന്നു: ''സ്വദേശ സ്വാതന്ത്ര്യത്തിനുള്ള അഭിനിവേശം കൊണ്ട് ഏതു കഷ്ടപ്പാടും ക്ലേശവും അനുഭവിക്കാൻ ധീരന്മാരായ മഹാമനസ്കന്മാർ സന്നദ്ധരാകുന്നു. അങ്ങനെയുള്ളവർക്ക് പ്രബലങ്ങളായ രാജവംശങ്ങൾ പോലും തൃണങ്ങളാകുന്നു. ഫ്രാൻസിലും റഷ്യയിലും സ്വാതന്ത്ര്യപ്രാപ്തി പ്രയത്നത്തിൽ രാജവംശങ്ങൾ ഉന്മൂലിതങ്ങളായിപ്പോയി. ജീവിതത്തിൽ സ്വാതന്ത്ര്യം അത്ര മാത്രം കാംക്ഷണീയമാകുന്നു.'' പ്രകടമായും സ്വാതന്ത്ര്യസമ്പാദന യത്നത്തെ പ്രോത്സാഹിപ്പിക്കുകയും ആവേശം കൊള്ളിക്കുകയും ചെയ്യുന്ന വാക്കുകളാണല്ലോ ഇവ.

ഈ സ്വാതന്ത്ര്യാഭിവാഞ്ഛ ജനാധിപത്യസ്ഥാപനത്തേയും തുടർന്നുണ്ടാകേണ്ട മാറ്റങ്ങളേയും കുറിച്ചു ചിന്തിക്കുന്നതിനും പി. കെ. യെ പ്രേരിപ്പിച്ചിട്ടുണ്ട്. 1934-ൽ എഴുതിയ 'സ്വയംഭരണത്തിനു ചേരുന്ന വിദ്യാഭ്യാസം' എന്ന ലേഖനം ഇക്കാര്യം വ്യക്തമാക്കുന്നു. ഏകാധിപത്യത്തിന്റേയും ജനാധിപത്യത്തിന്റേയും നന്മതിന്മകൾ ചൂണ്ടിക്കാട്ടിയിട്ട് ജനാധിപത്യത്തിന്റെ മേന്മയ്ക്ക് ഊന്നൽ കൊടുക്കുന്നു. ജനാധിപത്യ വ്യവസ്ഥിതിയ്ക്കനുയോജ്യമായ വിദ്യാഭ്യാസമെങ്ങനെ ആയിരിക്കണമെന്നും അദ്ദേഹം വിചിന്തനം ചെയ്യുന്നു. പി. കെ. യുടെ ക്രാന്തദർശിത്വവും ദേശീയപ്രസ്ഥാനത്തോടുണ്ടായിരുന്ന അനുകൂലമനോഭാവവും ഈ ലേഖനത്തിൽ നിന്നു മനസ്സിലാക്കാനാകും. മിക്കവാറും ബ്രിട്ടീഷ് മാതൃകയിൽ രാജവാഴ്ചയെ നിലനിർത്തിക്കൊണ്ടുള്ള ജനാധിപത്യമായിരുന്നു പി. കെ. യുടെ സങ്കല്പമെന്ന് അനുമാനിക്കാം.

രാഷ്ട്രീയ പ്രവർത്തനങ്ങളേക്കാൾ വ്യാപ്തി പി. കെ. യുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്കുണ്ട്. സമൂഹത്തിന്റെ പുരോഗതിയെ ത്വരിപ്പിക്കുകയാണ് സാംസ്കാരിക പ്രവർത്തനങ്ങൾ, ദുർബ്ബലജനവിഭാഗങ്ങളുടെ ഉന്നമനം, ജീർണ്ണിച്ച ആചാരനടപടികളുടെ നിഷ്കാസനം, സ്ത്രീ-പുരുഷ വിവേചനത്തിനെതിരായ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ പുരോഗതിയെ ലക്ഷ്യംവച്ചുള്ള പ്രവർത്തനങ്ങൾ, സാമൂഹിക നീതിയ്ക്കു വേണ്ടിയുള്ള പരിശ്രമങ്ങൾ എന്നിവയൊക്കെ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഉൾപ്പെടും. ഈ വീക്ഷണഗതിവച്ചു നോക്കുമ്പോൾ കേരളത്തിന്റെ സാംസ്കാരികാഭിവൃദ്ധിക്ക് പി. കെ. യിൽ നിന്ന് ഗണ്യമായ സംഭാവനകൾ ഉണ്ടായിട്ടുണ്ടെന്ന് നിസ്സംശയമായി പറയാം.

ഇരുപതാം ശതകത്തിന്റെ ആദ്യദശകങ്ങൾ കേരളത്തെ സംബന്ധിച്ചിടത്തോളം നവോത്ഥാനത്തിന്റെ നാളുകളും കൂടിയായിരുന്നു. ഓരോ സമുദായവും അന്ന് ഉണർന്നെഴുന്നേല്ക്കുകയായിരുന്നു. സ്വാതന്ത്ര്യബോധം സാർവ്വത്രികമായിത്തന്നെ പ്രകടമായി. സഞ്ചാരസ്വാതന്ത്ര്യത്തിനും ക്ഷേത്രപ്രവേശനത്തിനും ദായക്രമമാറ്റത്തിനും ആചാരപരിഷ്കരണത്തിനും വേണ്ടിയുള്ള പ്രക്ഷോഭണങ്ങൾ പല കോണുകളിൽ നിന്നും ആവിർഭവിച്ചു. ആധുനിക വിദ്യാഭ്യാസം ലഭിച്ച യുവജനങ്ങൾ പൊതുവേ ഉത്പതിഷ്ണുക്കളുമായിരുന്നു. മാറ്റങ്ങൾക്കു വേണ്ടിയുള്ള ഈ വാദങ്ങളിൽ പി. കെ. ഭാഗഭാക്കാകുകയും സമകാലികരിൽ അധികമാർക്കും കഴിയാത്ത തരത്തിൽ യാഥാസ്ഥിതികർക്ക് അവരുടെ നാണയത്തിൽ തന്നെ മറുപടി നല്കുകയും ചെയ്തു. യാഥാസ്ഥിതികർ ആദരിക്കുകയും പിൻബലമായി ചൂണ്ടിക്കാട്ടുകയും ചെയ്യുന്ന സ്മൃതികളെപ്പോലുള്ള പ്രമാണങ്ങളുടെ പിൻബലത്തോടെ തന്നെ അവരുടെ നിലപാടിന്റെ അസാധുത്വത്തെ വ്യക്തമാക്കുകയാണ് അദ്ദേഹത്തിന്റെ സമ്പ്രദായം. ഇങ്ങനെ എഴുതിയ പ്രബന്ധങ്ങളും നടത്തിയ പ്രസംഗങ്ങളും സാമൂഹിക പരിഷ്കരണ യത്നങ്ങൾക്ക് ഒരു താത്ത്വികാടിസ്ഥാനം സജ്ജമാക്കിക്കൊടുത്തു. യാഥാസ്ഥിതികർക്ക് പിന്നെ പ്രമാണങ്ങളുടെ പിൻബലം നേടാൻ നിവൃത്തിയില്ലെന്ന സ്ഥിതി വന്നുകൂടി.

അവർണ്ണരുടെ സഞ്ചാരസ്വാതന്ത്ര്യത്തിനും അയിത്ത നിർമ്മാർജ്ജനത്തിനും വേണ്ടി നിയമസഭയ്ക്കുള്ളിൽ പി. കെ. ശക്തമായി വാദിച്ചിരുന്നു. വൈക്കം ക്ഷേത്ര റോഡുകളിൽ അവർണ്ണർക്കു പ്രവേശനം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു 1924-25 കാലഘട്ടത്തിൽ നടന്ന വൈക്കം സത്യാഗ്രഹം ചരിത്രപ്രസിദ്ധമാണ്. വൈക്കം ക്ഷേത്രറോഡുകൾ സർക്കാരധീനതയിൽ ഉള്ളവയാണ് എന്നും അവിടെ ആർക്കെങ്കിലും



പ്രവേശനം നിഷേധിക്കുന്നതു നീതിയല്ലെന്നുമുള്ള നിലപാടാണ് പി. കെ. യുടേത്. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പിന്നീട് പല നിയമസഭാസാമാജികരും ഉദ്ധരിച്ചിട്ടുമുണ്ട്. തന്റെ നിയമസഭാ പ്രസംഗത്തിൽ, ''ഹിന്ദുസമുദായം മുഴുവൻ ലജ്ജാഭാരം കൊണ്ട് തലകുനിക്കേണ്ടതായ ഒരു നില സംജാതമാക്കുന്നതുമായ അയിത്താചാരത്തെ ഉച്ചാടനം ചെയ്യണം'' എന്ന് ഉദ്ബോധിപ്പിച്ചുകൊണ്ട് യാഥാസ്ഥിതികരുടേയും സർക്കാർ ഭാഗത്തിന്റേയും നിലപാടുകളുടെ അർത്ഥശൂന്യത അദ്ദേഹം വ്യക്തമാക്കി. സഞ്ചാരസ്വാതന്ത്ര്യത്തിനുള്ള പ്രമേയം നിയമസഭയിൽ ഒറ്റവോട്ടിന്റെ കുറവിൽ പരാജയപ്പെട്ടു. അവർണ്ണ സമുദായാംഗവും ഡോ. പല്പുവിന്റെ സഹോദരനുമായ പരമേശ്വരൻ പ്രമേയത്തെ എതിർത്ത് വോട്ട് ചെയ്തു എന്നതാണ് ഏറെ വൈചിത്ര്യം. ഈ സ്ഥിതിവിശേഷം അക്കാലത്തു തന്നെ കേസരി പത്രാധിപരും പ്രസിദ്ധ വിമർശകനുമായിരുന്ന ഏ. ബാലകൃഷ്ണപിള്ള ഇങ്ങനെ ചൂണ്ടിക്കാട്ടിയിരിക്കുന്നു ''ആലോചിച്ചു നോക്കിയാൽ ഒരു വിചിത്രമായ സ്ഥിതിഗതി ഇവിടെ കാണാം. അധികൃതന്മാരുടെ സവർണ്ണ ചാർച്ചയും വേഴ്ചയും ഹേതുവായി അവരുടെ സേച്ഛാധികാരം വച്ചു പുലർത്തിക്കൊണ്ടു പോകണമെന്നു വാദിക്കേണ്ടവർ സവർണ്ണരും സേച്ഛാഭരണത്തെ മാറ്റി ഉത്തരവാദഭരണം സ്ഥാപിക്കണമെന്നു ഉച്ചത്തിൽ മുറവിളി കൂട്ടേണ്ടവർ സവർണ്ണേതരരായ വർഗ്ഗക്കാരുമാണ്. യഥാർത്ഥത്തിൽ നേരെ മറിച്ചാണ് ഇവിടത്തെ ഭരണപരിഷ്കാരപ്രക്ഷോഭഗതി.'' (കേസരി, മുഖപ്രസംഗം 1932 October). അന്നത്തെ ജനങ്ങളുടെ മനഃസ്ഥിതിയെയാണ് ഇതു വ്യക്തമാക്കുന്നത്; ഒപ്പം പി. കെ. യെപ്പോലുള്ള പരിവർത്തനവാദികളുടെ പുരോഗമനോന്മുഖമായ കാഴ്ച്ചപ്പാടും.

ക്ഷേത്രപ്രവേശനവാദമാണ് പി. കെ. യുടെ വ്യക്തിത്വത്തിന്റെ മാറ്റുരച്ചു നോക്കാനുള്ള മറ്റൊരു നികഷോപലം. വൈക്കം സത്യാഗ്രഹത്തെ തുടർന്നാണ് ക്ഷേത്രപ്രവേശനവാദം ശക്തമായത്. അതിനുമുൻപു തന്നെ 1922-ൽ അമ്പലപ്പുഴ വച്ചുനടന്ന നായർ സമ്മേളനത്തിൽ അവർണ്ണർക്ക് ക്ഷേത്രപ്രവേശനം അനുവദിക്കേണ്ടതാണെന്നുള്ള പ്രമേയം പി. കെ. അവതരിപ്പിച്ചു. ക്ഷേത്രപൂജയ്ക്കുകൂടി അവർണ്ണർക്കവസരം നല്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. 'പാചകനു പൂജകനാകാമെങ്കിൽ പണ്ഡിതനു ദർശകനെങ്കിലുമാകരുതോ' എന്നിങ്ങനെ സ്വതസിദ്ധമായ ശൈലിയിൽ പി. കെ. പറഞ്ഞ വാക്കുകൾ തിരുവിതാംകൂറിൽ അക്കാലത്ത് സാർവ്വത്രികമായി പ്രചരിച്ചു. അദ്ദേഹം അവതരിപ്പിച്ച പ്രമേയം നായർ സമ്മേളനം ഏകകണ്ഠമായി അംഗീകരിക്കുകയും ചെയ്തു. സവർണ്ണരുടെ ഒരു സമ്മേളനമാണതെന്നോർക്കണം. അവർണ്ണരുടെ ക്ഷേത്രപ്രവേശന

ത്തിനുംവണ്ടിയുള്ള വാദമുഖങ്ങൾ സ്മൃതികളെപ്പോലുള്ള പ്രാചീന നിയമ സംഹിതകളുടെ വെളിച്ചത്തിൽ അവതരിപ്പിച്ചുകൊണ്ട് പി. കെ. രചിച്ച പ്രൗഢപ്രബന്ധമാണ് **ക്ഷേത്രപ്രവേശനവാദം** അഥവാ **കേരളാചാര നാഡീപരീക്ഷ** അന്നത്തെ ഒരു പ്രമുഖ പുരോഗമനവാദിയും വൈക്കം സത്യാഗ്രഹത്തിലെ മുന്നണിപ്പോരാളിയും പി. കെ. യുടെ ശിഷ്യനും ആയിരുന്ന ടി. കെ. മാധവന്റെ അപേക്ഷാനുസരണമാണ് ഈ കൃതി രചിച്ചത്. 1926-ൽ (1102 ME) പ്രസിദ്ധപ്പെടുത്തി. ഹിന്ദുമതതത്ത്വങ്ങളുടെ വെളിച്ചത്തിൽ ഹിന്ദുക്കൾ തമ്മിലുള്ള അധരോത്തരാവസ്ഥയ്ക്ക് അവകാശ മില്ലെന്നു സ്ഥാപിച്ചിട്ട് ഉപക്രമമെന്ന നിലയിൽ ഈ അസ്പൃശ്യതയാണ് ഹിന്ദുമതത്തിന്റെ അധഃപതനത്തിനും വൈദേശിക മതങ്ങൾക്ക് ഇവിടെ ഉണ്ടായ വളർച്ചയ്ക്കും കാരണമെന്ന് കാനേഷുമാരി കണക്കുകളുടെ വെളിച്ചത്തിൽ ആദ്യം വിശദമാക്കുന്നു. യഥാർത്ഥ മതതത്ത്വങ്ങളുടെ വെളി ച്ചത്തിൽ ക്ഷേത്രപ്രവേശനനിരോധനത്തിനു നിലനില്പില്ലെന്നു തെളിയി ക്കുകയാണ് തുടർന്ന്. ഹിന്ദുക്കൾക്ക് സർവ്വപ്രാധാന്യം ധർമ്മമാണെന്നും ശ്രുതി, സ്മൃതി, ആചാരം എന്നിവയെ അടിസ്ഥാനമാക്കിയാണ് ധർമ്മ ത്തിന്റെ നിലനില്പെന്നും ഇവയിൽ ശ്രുതിക്കു പരമ പ്രാധാന്യവും ആചാരത്തിനു കുറഞ്ഞ പ്രാധാന്യവുമാണുള്ളതെന്നും വേദാർത്ഥം അനു മാനിക്കാൻ കഴിയുന്നവരുടെ നടപടി എന്ന നിലയേ ആചാരത്തിനുള്ളു വെന്നും വിശദീകരിക്കുന്നു. വർണ്ണാശ്രമധർമ്മങ്ങളെക്കുറിച്ചും വർണ്ണ വിഭജനത്തിലെ കുഴപ്പങ്ങളെക്കുറിച്ചും വിവരിച്ചിട്ട് ജനനത്തെ അടിസ്ഥാന പ്പെടുത്തി ജാതി നിർണ്ണയിക്കുന്നതിനെ പല ഉപനിഷത്തുകളും അംഗീകരി ക്കുന്നില്ലെന്നും ചൂണ്ടിക്കാട്ടുന്നു. ചണ്ഡാളരെ മാറ്റി നിർത്തുകയല്ല പരിഷ്കരിക്കുകയാണ് വേണ്ടതെന്നും ചണ്ഡാളർ ഉൾപ്പെടെയുള്ളവർ അനുഷ്ഠിക്കേണ്ട സാധാരണ ധർമ്മങ്ങളിലൊന്നാണ് ക്ഷേത്രഗമനമെന്നും ചില സ്മൃതികളുടെ വെളിച്ചത്തിൽ പി. കെ. ചൂണ്ടിക്കാട്ടുന്നു. ക്ഷേത്രപ്രവേശനത്തിനനുകൂലവും പ്രതികൂലവുമായ പ്രാചീനപ്രമാണ ങ്ങൾ പരിശോധിച്ചശേഷം ക്ഷേത്രപ്രവേശനനിരോധനം ചില ആചാരങ്ങ ളുടെ പ്രതിധ്വനികളാണെന്നും ആചാരം മാറ്റപ്പെടാവുന്നതാണെന്നും സ്ഥാപിക്കുന്നു. **വൃദ്ധഹാരീതസ്മൃതി, തന്ത്രസമുച്ചയം, മഹാദൈവത്യം, തന്ത്രപദ്ധതി, വിഷ്ണുസംഹിത** തുടങ്ങി ഒട്ടനവധി പ്രാമാണികഗ്രന്ഥ ങ്ങൾ പരിശോധിച്ചുകൊണ്ടാണ് പി. കെ. യുടെ വാദമുഖങ്ങൾ മുന്നേറുന്നത്. അവർണ്ണരുടെ ക്ഷേത്രപ്രവേശനനിരോധനത്തിനു തന്നെ ഭാരതത്തിൽ നിലനില്ക്കുന്ന വൈജാത്യങ്ങളും അബ്രാഹ്മണർ പൂജ നടത്തുന്ന ക്ഷേത്രങ്ങളും കോടതിവിധികളും ഒക്കെ പി. കെ. യുടെ



പരിചിന്തനത്തിനു വിഷയമായിട്ടുണ്ട്. യാഥാസ്ഥിതികർക്ക് അവരുടെ ഭാഷയിൽ തന്നെ മറുപടി നല്കുന്ന അതിപ്രൗഢമായ ഒരു പ്രബന്ധമാണ് **കേരളാചാരനാഡീപരീക്ഷ** പി. കെ. യെപ്പോലെ ഉത്പതിഷ്ണുവായ ഒരു വലിയ സംസ്കൃത പണ്ഡിതനു മാത്രമേ ഇത്തരമൊരു കൃതി രചിക്കാനാവൂ.

ഇതിനുപുറമേ പല പ്രസംഗങ്ങളിലും അധഃകൃതരോടുള്ള അവഗണ നയെ രൂക്ഷമായി വിമർശിക്കുകയും അവരുടെ ഉന്നമനത്തെ ഇതരമത സ്ഥരുടെ കടമയായി വിടുന്നത് ശരിയല്ലെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 1936-ലാണ് അവർണ്ണർക്ക് ക്ഷേത്രപ്രവേശനം അനുവദിച്ചു കൊണ്ട് തിരുവിതാംകൂർ മഹാരാജാവ് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി യത്. അതിന് ഒന്നര ദശകം മുൻപു തന്നെ സവർണ്ണനായ പി. കെ. ക്ഷേത്ര പ്രവേശനത്തിനു മാത്രമല്ല പൂജാകാര്യങ്ങൾ നിർവ്വഹിക്കുന്നതിനുപോലും അവർണ്ണർക്കവകാശമുണ്ടെന്നു പ്രഖ്യാപിച്ചു. ഇപ്രകാരമുള്ള വാദഗതികൾ മുന്നോട്ടു വയ്ക്കുന്നതിനുള്ള തന്റേടം അവർണ്ണ സമുദായാംഗങ്ങളിൽ തന്നെ വളരെക്കുറച്ചുപേർക്കെ ആ കാലഘട്ടത്തിൽ ഉണ്ടായിരുന്നുള്ളു വെന്നതും വിസ്മരിക്കാനാവില്ല. 1919-ൽ (ME 1094) ക്ഷേത്രപ്രവേശന പ്രമേയം ടി. കെ. മാധവൻ പ്രജാസഭയിൽ അവതരിപ്പിച്ച സന്ദർഭത്തിൽ 'നടക്കാത്തകാര്യം ചോദിക്കുന്നതു തന്നെ ലജ്ജാകരമാണെന്നും അതു കൊണ്ട് ഞങ്ങൾ പോകുന്നു'വെന്നും പറഞ്ഞ് അവർണ്ണ സമുദായാംഗങ്ങ ളായിരുന്ന രണ്ടു നിയമസഭാ സാമാജികന്മാർ പ്രജാസഭയിൽ നിന്നിറങ്ങി പ്പോയ കാലഘട്ടമായിരുന്നു അന്നത്തേതെന്ന് വിസ്മരിക്കാൻ പാടില്ല. പി. കെ. മാധവൻ എഴുതിയ ടി. കെ. മാധവന്റെ ജീവചരിത്രത്തിൽ ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്.

നവീന കാലഘട്ടത്തിൽ വികാസം പ്രാപിച്ച ഒന്നാണല്ലോ ഫെമിനിസം. സമൂഹത്തിൽ സ്ത്രീകളുടെ പദവിയേയും പ്രാധാന്യത്തേയും അവശത കളേയും കുറിച്ച് 20-ാം ശതകാരംഭത്തിൽ തന്നെ പി. കെ. ലേഖനങ്ങളെ ഴുതിയിട്ടുണ്ട്. സ്ത്രീകളുടെ സ്വാതന്ത്ര്യവ്യവഹാരം, സാമുദായിക ചിന്ത കൾ, സ്ത്രീകളെപ്പറ്റി ചില ഭാവനകൾ, കേരളികൾ എന്നിങ്ങനെ നാലു ലേഖനങ്ങളിലായി ഈ വിഷയത്തിന്റെ നാനാവശങ്ങളും അദ്ദേഹം ചർച്ച ചെയ്യുന്നു. പൂർവ്വകാലത്തെ സ്ഥിതിഗതികൾ, സമകാലികമായ അഭിപ്രായ ഭേദങ്ങൾ, ജീവശാസ്ത്രപരമായ ഭേദങ്ങൾ ഇവയൊക്കെ പരിശോധിച്ച ശേഷം സ്ത്രീസ്വാതന്ത്ര്യം അത്യന്താപേക്ഷിതമാണെന്ന നിഗമനത്തിലാണ് അദ്ദേഹം ചെന്നെത്തുന്നത്. പക്ഷേ വേണ്ടത്ര പുരോഗമനമുണ്ടായിട്ടില്ലാത്ത അന്നത്തെ സ്ഥിതിവിശേഷത്തിൽ പൂർണ്ണസ്വാതന്ത്ര്യം അനുവദിക്കുന്ന

തിനു മുൻപ് ആവശ്യമായ വിദ്യാഭ്യാസവും സന്മാർഗ്ഗനിഷ്ഠയും അവർക്ക് ആദ്യം നല്കുകയാണു വേണ്ടതെന്നും അതു സമൂഹത്തിന്റെ കർത്തവ്യമാണെന്നും അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. സ്ത്രീകൾ പൊതുവേ അനുഭവിച്ചു വരുന്ന യാതനകൾ വിവരിച്ചിട്ട് വിദ്യാഭ്യാസമില്ലായ്മയും പുരുഷന്മാർ സ്വേച്ഛാനുസരണം ഉണ്ടാക്കിയ നിയമങ്ങളുടെ തിക്തഫലങ്ങളും ആണിതിനു കാരണമെന്നദ്ദേഹം ചൂണ്ടിക്കാട്ടുന്നു. വിടത്വത്തെ കുലടാത്വത്തോടൊപ്പം ഗർഹണീയമായി കാണാത്ത മനഃസ്ഥിതിയും അദ്ദേഹം ശ്രദ്ധയിൽപ്പെടുത്തുന്നു. മരുമക്കത്തായ സമ്പ്രദായം സ്ത്രീക്ക് വരുത്തിവയ്ക്കുന്ന യാതനകളും ചിന്താവിഷയമായിട്ടുണ്ട്. 1930-ൽ തന്നെ ജനപ്പെരുപ്പത്തിന്റെ ദുഷ്ഫലങ്ങളേയും സന്താനനിയന്ത്രണത്തിന്റെ ആവശ്യകതയേയും കുറിച്ച് ഉദ്ബോധിപ്പിച്ചിട്ട് അതിനുള്ള ഒരു മാർഗ്ഗമായി അദ്ദേഹം നിർദ്ദേശിക്കുന്നത് സ്ത്രീകൾക്ക് സാമൂഹികമായും രാജ്യതന്ത്രവിഷയമായും വേണ്ട ചുമതലയുള്ള അധികാരങ്ങൾ നല്കപ്പെടുകയെന്നതാണ് (സ്ത്രീകളുടെ സ്വാതന്ത്ര്യവ്യവഹാരം) സന്താനാധിക്യപ്രശ്നത്തോടനുബന്ധിച്ചു തന്നെ ശിശുരക്ഷാ വിഷയത്തിൽ കാട്ടുന്ന ഉദാസീനതയും അദ്ദേഹത്തിന്റെ വിമർശനത്തിനു വിധേയമായിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയ്ക്ക് പി. കെ. യിൽ നിന്നുണ്ടായ സംഭാവനകളും അവഗണനീയമല്ല. വിദ്യാഭ്യാസത്തിന്റെ പ്രാചീനവും ആധുനികവുമായ സ്ഥിതിവിശേഷങ്ങളെക്കുറിച്ച് അദ്ദേഹം നന്നായി പഠിച്ചിരുന്നു. പ്രത്യേകിച്ചും കേരളത്തിലെ പ്രാചീന വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ച്. ചില ലേഖനങ്ങൾ തത്സംബന്ധമായി രചിച്ചിട്ടുമുണ്ട്. പൂർവ്വകാലത്ത് കേരളത്തിലെ വിദ്യാർത്ഥികളുടെ ജീവിതക്രമം, കേരളത്തിലെ രണശിക്ഷണം തുടങ്ങിയവ ഉദാഹരണം. വിദ്യാലയങ്ങളിലെ സാഹിത്യസമാജാദികളിൽ പങ്കെടുത്തു നടത്തിയ ഗവേഷണ സ്വഭാവമുള്ള പ്രൗഢ പ്രഭാഷണങ്ങൾ അനവധിയുണ്ട്. സംസ്കൃതകോളേജ് ഉപദേശകസമിതിയുടെ അദ്ധ്യക്ഷനെന്ന നിലയിൽ സംസ്കൃത വിദ്യാഭ്യാസത്തിന് പല സഹായങ്ങളും അദ്ദേഹത്തിൽ നിന്നുണ്ടായി. പൗരസ്ത്യഭാഷകളിലെ കൈയ്യെഴുത്തു ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം നിർവ്വഹിച്ചു വന്ന വകുപ്പിന്റെ ഉപദേശകസമിതിയിൽ അംഗമായിരുന്നുകൊണ്ട് ആ ഡിപ്പാർട്ടുമെന്റിന്റെ വികാസത്തിന് ഗണ്യമായ സംഭാവനകൾ നല്കി. അവിടെ നിന്നു പ്രസിദ്ധപ്പെടുത്തിയ നാരായണീയത്തിന്റെ അവതാരിക പി. കെ. യാണെഴുതിയിരിക്കുന്നത്. 1935-ൽ (1111 ME) മദിരാശി സർവ്വകലാശാലാ സെനറ്റിലെ അംഗമായി തിരഞ്ഞെടുക്കപ്പെട്ടതും മലയാളഭാഷയുടെ അഭിവൃദ്ധിയ്ക്കുവേണ്ടി പ്രവർത്തിക്കാൻ ഉള്ള അവസരമുണ്ടാക്കിക്കൊടുത്തു. 1924-ൽ കേരളത്തിന്



ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിന്റെ അഭിലഷണീയതയെപ്പറ്റി അന്വേഷിക്കുവാൻ നിയമിതമായ കമ്മറ്റിയിലേയ്ക്ക് നിയുക്തമായ നിയമസഭാ പ്രതിനിധികളിൽ ഒരാൾ പി. കെ. യായിരുന്നു. പിന്നീട് കേരള സർവ്വകലാശാല യാഥാർത്ഥ്യമാകുകയും ചെയ്തു.

പി. കെ. യുടെ മറ്റൊരു പ്രധാന സേവനം സർക്കാർ നിയോഗിച്ച ദേവസ്വം വിഭജന കമ്മിറ്റിയിലെ അംഗമെന്ന നിലയിലുള്ള പ്രവർത്തനമാണ്. തിരുവിതാംകൂറിൽ റസിഡന്റായിരുന്ന കർണ്ണൽ മൺട്രോ എന്ന യൂറോപ്യൻ 1812-ൽ (987 ME) പുറപ്പെടുവിച്ച രണ്ടുത്തരവുകൾ മുഖാന്തിരം 348 മേജർ ദേവസ്വങ്ങളേയും 1123 മൈനർ ദേവസ്വങ്ങളേയും അവയുടെ വസ്തുവകകൾ ഉൾപ്പെടെ സ്റ്റേറ്റിന്റെ ഭരണാധികാരത്തിൻ കീഴിലാക്കി. ഈ സ്ഥിതി ക്രമേണ ദേവസ്വം വസ്തുക്കൾ ഇതര വസ്തുക്കളുമായി കൂടിക്കലരുന്നതിനും ഹൈന്ദവേതരരുടെ ഉടമസ്ഥതയിൽ ആകുന്നതിനും വഴി തെളിച്ചു. ക്ഷേത്രം വക വിപുലമായ സ്വത്തുക്കൾ സർക്കാരധീനതയിൽ ആയിത്തീർന്നത് ഹൈന്ദവരുടേയും ഹൈന്ദവേതരരുടേയും ആശങ്കകൾക്ക് കാരണമായി. ആ വസ്തുക്കളിൽ നിന്നുള്ള മുതലെടുപ്പിനേക്കാൾ കൂടുതൽ തുക ഹിന്ദു ക്ഷേത്രങ്ങൾക്ക് സർക്കാർ നൽകുന്നുവെന്ന് ഇതരമതസ്ഥരും അർഹമായതു ലഭിക്കുന്നില്ലെന്ന് ഹൈന്ദവരും സംശയിച്ചു. ഈ സാഹചര്യത്തിൽ ദേവസ്വം വിഭജനത്തിന്റെ അഭിലക്ഷണീയതയെക്കുറിച്ചും അനുബന്ധവിഷയങ്ങളെക്കുറിച്ചും ഉള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ 1920 ഏപ്രിൽ, 3-ാം തീയതി സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചു. അതിലെ ഒരംഗം പി. കെ. ആയിരുന്നു. ഒൻപതുമാസക്കാലത്തെ വിപുലമായ അന്വേഷണത്തിനുശേഷം കമ്മിറ്റി റിപ്പോർട്ടു സമർപ്പിച്ചു. ദേവസ്വങ്ങളെ റവന്യൂവകുപ്പിൽ നിന്നു വേർതിരിക്കണമെന്ന് അവർ ഐക്യകണ്ഠ്യേന അഭിപ്രായപ്പെട്ടെങ്കിലും മറ്റു പ്രധാന പ്രശ്നങ്ങളിൽ പി. കെ. വിയോജന റിപ്പോർട്ടെഴുതുകയാണുണ്ടായത്. ദേവസ്വം വസ്തുക്കളും സ്റ്റേറ്റു വസ്തുക്കളും തമ്മിലുണ്ടായ സമ്മിശ്രണം സ്റ്റേറ്റിന്റെ പരമാധികാരമുപയോഗിച്ചു ചെയ്തതാണെന്നും ദേവസ്വം വസ്തുക്കളെ വേർപെടുത്തേണ്ടതായ ആവശ്യമില്ലെന്നും ഭൂരിപക്ഷം അഭിപ്രായപ്പെട്ടപ്പോൾ ക്ഷേത്രങ്ങളെ സംബന്ധിച്ചിടത്തോളം സർക്കാരിന് ട്രസ്റ്റികളെന്നുള്ള നില മാത്രമേയുള്ളുവെന്നും അതനുസരിച്ച് ക്ഷേത്രമുതലുകൾ പ്രത്യേകം പരിപാലിച്ച് ക്ഷേത്രങ്ങളുടെ ശ്രേയസ്സിനുവേണ്ടി വിനിയോഗിക്കുകയാണ് സർക്കാരിന്റെ കർത്തവ്യമെന്നുമാണ് പി. കെ. യുടെ അഭിപ്രായം. പി. കെ. എഴുതിയ ഭിന്നാഭിപ്രായറിപ്പോർട്ട് വ്യാപകമായി സ്വാഗതം ചെയ്യപ്പെട്ടു. ഭൂരിപക്ഷറിപ്പോർട്ട് ഹൈന്ദവവിരുദ്ധമെന്ന വിമർശ

നത്തിന് വിധേയമാകുകയും ചെയ്തു. തുടർന്ന് സർക്കാർ ദേവസ്വ ഭരണം റവന്യൂഭരണത്തിൽ നിന്നു വേർപെടുത്തി. കുടികലർന്നും അന്യമതസ്ഥരുടെ കൈവശമായും മാറിയ ദേവസ്വം വസ്തുക്കളെ വേർതിരിച്ചില്ലെങ്കിലും ദേവസ്വങ്ങളെ പരിരക്ഷിക്കുന്നതിനുള്ള ബാദ്ധ്യത സർക്കാരിനേറ്റെടുക്കേണ്ടി വന്നു. പി. കെ. യുടെ ഭിന്നാഭിപ്രായ റിപ്പോർട്ടിനെ അവഗണിക്കാൻ സർക്കാരിനു സാധിച്ചില്ല.

ദേവസ്വങ്ങളുടെ സ്ഥിതിയെപ്പറ്റി അന്ന് പി. കെ. നടത്തിയ അന്വേഷണ പഠനങ്ങൾ അവയുടെ ദുഃസ്ഥിതിയെക്കുറിച്ചുള്ള അവബോധം അദ്ദേഹത്തിൽ ഉറപ്പിച്ചു. പില്ക്കാലത്ത് ഹൈക്കോടതി ജഡ്ജി സ്ഥാനത്തു നിന്നു വിരമിച്ചശേഷം ഇതുസംബന്ധമായ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് അദ്ദേഹം പ്രവർത്തിച്ചിരുന്നു. 'ദേവസ്വം ലീഗ്' എന്ന പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടായും 'ഹിന്ദു'മിഷന്റെ അദ്ധ്യക്ഷസമിതിയിലൊരാളായും പ്രവർത്തിച്ചിട്ടുണ്ട്. ഹിന്ദുക്കളുടെ അധഃപതനം തടഞ്ഞ് അവരുടെ അവകാശങ്ങളുടെ പുനഃസ്ഥാപനത്തിനു വേണ്ടിയുള്ള പ്രവർത്തനമാണ് ഈ സംഘടനകളുടെ ലക്ഷ്യം. ആയുരന്ത്യംവരേയും അദ്ദേഹം നിയമവിധേയമായ രീതിയിൽ ഇമ്മാതിരി പ്രസ്ഥാനങ്ങളിൽ ഭാഗഭാഗിത്വം വഹിച്ചു പോന്നു.

സ്വസമുദായത്തിൽ നിലവിലിരുന്ന അനാചാരങ്ങളെ ദൂരീകരിക്കുന്നതിനും മരുമക്കത്തായ ദായക്രമത്തെ മാറ്റുന്നതിനും പി. കെ. നടത്തിയ ശ്രമങ്ങളേയും അഗണ്യമാക്കാനാവില്ല. നായർ സമുദായത്തിന്റെ ഉന്നമനത്തെ ലക്ഷ്യംവച്ചുകൊണ്ട് പ്രവർത്തിച്ചു വന്ന 'കേരളീയ നായർസമാജം' 1915-ാമാണ്ടോടെ പിളരുകയും അതിനടുത്ത കാലത്തു രൂപീകൃതമായ നായർ സർവ്വീസ് സൊസൈറ്റി ഇതിലൊരു വിഭാഗത്തോടു കൂടിച്ചേരുകയും ചെയ്തതോടെ സമുദായ താത്പര്യത്തിനുവേണ്ടി ഐക്യകണ്ഠ്യേന വാദിക്കാൻ ആരുമില്ലെന്നായി. കക്ഷി വഴക്കുകൾ പ്രാബല്യമാർജ്ജിച്ചു. ഈ സ്ഥിതിയിൽ ഇതിലേതെങ്കിലും ഒരു കക്ഷിയോട് ചേർന്നു നിന്നുകൊണ്ടു പ്രവർത്തിക്കാൻ പി. കെ. സജീവ താത്പര്യം കാണിച്ചില്ല. തന്റെ പാണ്ഡിത്യവും വാഗ്മിതയും പ്രയോജനപ്പെടുത്തിക്കൊണ്ട് പരിവർത്തനത്തിനു വേണ്ട താത്വികാടിത്തറ സജ്ജമാക്കുകയാണദ്ദേഹം ചെയ്തത്. സമുദായത്തിന്റെ പൊതു താത്പര്യത്തിനു വേണ്ടി എപ്പോഴും നിലകൊണ്ടിട്ടുമുണ്ട്. കക്ഷിവഴക്കുകളിൽ ഭാഗഭാഗിത്വം വഹിക്കാതെ 'നായർ സോഷ്യൽ റിഫോം ലീഗ്' എന്ന ഒരു പുതിയ പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷ പദവിയും അദ്ദേഹം വഹിച്ചുവന്നു. ഈ സംഘടന 'നായർ ബിൽ' രൂപപ്പെടുത്തുന്നതിൽ പ്രമുഖ പങ്കുവഹിച്ചു. സമുദായത്തിലെ



ദുരാചാരങ്ങളെ അവസാനിപ്പിക്കൽ, സ്മാർത്ത വിചാരത്തിന്റെ അനാശാസ്യത വ്യക്തമാക്കി അതിന്റെ അധികാര പരിധിയിൽ നിന്നും നായന്മാരെ വിമുക്തമാക്കൽ, മരുമക്കത്തായ ദായക്രമം മാറ്റി മക്കത്തായം നടപ്പാക്കൽ എന്നീ കാര്യങ്ങളിലൊക്കെ പി. കെ. ഗണ്യമായ സംഭാവനകൾ നല്കിയിട്ടുണ്ട്.

'ആചാരപരിഷ്കാരം' എന്ന പേരിൽ തന്നെ രണ്ടു ലേഖനങ്ങൾ പി. കെ. പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ശ്രുതിയ്ക്കാണ് പ്രാധാന്യം കല്പിക്കേണ്ടതെന്നും ആചാരങ്ങൾക്ക് താണ സ്ഥാനമേയുള്ളുവെന്നും സമൂഹപുരോഗതിയ്ക്ക് വിഘാതം സൃഷ്ടിക്കുന്ന ആചാരങ്ങളെ മാറ്റുന്നത് സ്മൃതി വാക്യങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ സാദ്ധ്യമാണെന്നും കേരളാചാരനാഡീപരീക്ഷയിലെപോലെ ഈ ലേഖനങ്ങളിലും സമർത്ഥിച്ചു. താലികെട്ടുകല്യാണത്തെപ്പോലുള്ള അടിയന്തിരങ്ങൾക്കെതിരായും മരണാനന്തരം ബ്രാഹ്മണാദികളിൽ നിന്നു വ്യത്യസ്തമായി 16 ദിവസത്തെ അശൗചം (പുല) അനുഷ്ഠിക്കുന്നതിനെതിരായും സമുദായ നേതാക്കന്മാർ നടത്തിവന്ന സമരത്തിന് പിൻബലമേകാൻ പി. കെ. യുടെ ഈ നിലപാട് സഹായകമായി.

ചാരിത്രദോഷം ആരോപിക്കപ്പെടുന്ന നമ്പൂതിരി സ്ത്രീയെ 'സ്മാർത്ത വിചാര'മെന്ന വിചാരണയ്ക്കു വിധേയമാക്കി സമുദായഭ്രഷ്ടു കല്പിച്ച് പുറത്താക്കുന്ന സമ്പ്രദായം കേരളത്തിൽ നില നിന്നിരുന്നു. സ്ത്രീയുടെ ചാരിത്രദൂഷണത്തിന് ഉത്തരവാദികളെന്നു കണ്ടെത്തുന്ന ഇതര സമുദായത്തിലെ പുരുഷന്മാരേയും സമുദായഭ്രഷ്ടിനു വിധേയരാക്കിയിരുന്നു. സ്മൃതികളും ഹിന്ദുനിയമങ്ങളും കേരളാചാരസംഹിതയും സ്മാർത്ത വിചാരത്തിന് അനുമതി നല്കുന്നില്ലെന്നു പി. കെ. കണ്ടെത്തി. കുറ്റവാളിയെ വിചാരണ ചെയ്യുന്നതിലെ പ്രാകൃതത്വവും നിസ്സഹായയും നിരാലംബയുമായ നമ്പൂതിരിയുവതിയെ പെരുവഴിയാധാരമാക്കുന്നതിലെ പൈശാചികതയും പി. കെ. ചൂണ്ടിക്കാട്ടി. സ്മാർത്തവിചാരം നടത്തി നമ്പൂതിരിമാർക്ക് നായന്മാരെ ശിക്ഷിക്കാനുള്ള അവകാശത്തെയും അദ്ദേഹം ചോദ്യം ചെയ്തു. 1911-ൽ (1086 ME) അരൂർ എന്ന സ്ഥലത്തുവെച്ചു കൂടിയ നായർ സമ്മേളനത്തിൽ അദ്ധ്യക്ഷന്റെ എതിർപ്പിനെ വകവയ്ക്കാതെ തന്നെ പി. കെ. വസ്തുതകൾ തുറന്നടിച്ചു. തുടർന്ന് സ്മാർത്ത വിചാരവും നായന്മാരും എന്ന പേരിൽ ഇത് പ്രബന്ധ രൂപത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. പക്ഷേ, നിർഭാഗ്യവശാൽ ഇന്ന് ആ പുസ്തകം ലഭ്യമല്ല. സ്മാർത്ത വിചാരമെന്ന നടപടിക്രമം തന്നെ അചിരേണ തിരോധാനം ചെയ്യുകയും ചെയ്തു.

ധർമ്മശാസ്ത്രത്തിന്റെ വെളിച്ചത്തിൽ മരുമക്കത്തായ സമ്പ്രദായത്തെ നിരൂപണം ചെയ്തുകൊണ്ടുള്ള പ്രബന്ധമാണ് **ധർമ്മശാസ്ത്രപ്രകാശത്തിൽ മരുമക്കത്തായ നിരൂപണം** ഈ ഗ്രന്ഥവും ഇന്നു ലഭ്യമല്ല. മരുമക്കത്തായ സമ്പ്രദായത്തിന്റെ അസ്വീകാര്യത വ്യക്തമാക്കുകയാണ് ഈ പ്രബന്ധത്തിൽ. മരുമക്കത്തായവും കൂട്ടുകുടുംബവ്യവസ്ഥിതിയും അവസാനിപ്പിക്കാനും കുടുംബസ്വത്തുക്കൾ, ഓരോരുത്തർക്കുമുള്ള ഓഹരി ക്രമത്തിൽ വീതം വയ്ക്കാനുമുള്ള വാദമുഖങ്ങൾ ക്രമേണ പ്രബലമായിത്തീർന്നു. മരുമക്കത്തായ നിർമ്മാർജ്ജനത്തോടെ അച്ഛന്റെ സ്വത്തിൽ മക്കൾക്കവകാശമുണ്ടെന്ന നിലവരും. അത് നായർ സമുദായത്തിലെ സ്ത്രീകളെ വിവാഹം കഴിയ്ക്കാറുണ്ടായിരുന്ന ബ്രാഹ്മണ-ക്ഷത്രിയ സമുദായങ്ങളിലെ പുരുഷന്മാരുടെ സ്വത്തിനെക്കൂടി സ്പർശിക്കുമെന്നു വന്നപ്പോൾ ഈ മരുമക്കത്തായ നിർമ്മാർജ്ജനം ശക്തമായ എതിർപ്പിനു വിധേയമായി. നിയമസഭയ്ക്കകത്തും പുറത്തും പുതിയ നിയമത്തിന്റെ ആവശ്യകതയെപ്പറ്റി പി. കെ. ശക്തമായി വാദിച്ചു. അചിരേണ മരുമക്കത്തായ വ്യവസ്ഥിതി അവസാനിക്കുകയും പുതിയ ദായക്രമം നായർ സമുദായത്തിൽ നടപ്പിൽ വരുകയും ചെയ്തു.

# 7

# ആനുകാലിക പ്രസിദ്ധീകരണങ്ങളും പി. കെ. യും

കവിത്വശക്തിയാൽ അനുഗൃഹീതനായിരുന്ന പി. കെ. നന്നേ ചെറുപ്പത്തിൽ തന്നെ കവിതകളും നാടകങ്ങളും എഴുതിയിരുന്നു. ആലപ്പുഴ സ്കൂളിലെ പഠനകാലത്ത് ഗദ്യത്തിന്റെ ശക്തിയും അദ്ദേഹം തിരിച്ചറിഞ്ഞു. സംസ്കൃതത്തിൽ നല്ല ജ്ഞാനമാർജ്ജിച്ചാൽ ഗദ്യരീതിയിലായാലും പദ്യരീതിയിലായാലും ശുദ്ധമായ ഭാഷ ഉപയോഗിക്കാനുള്ള കെല്പുണ്ടാകുമെന്നും അതുവഴി ഏതു വൻപനോടും ഒപ്പത്തിനൊപ്പം നില്ക്കാനാവുമെന്നും അദ്ദേഹം മനസ്സിലാക്കി, ക്രമേണ സംസ്കൃതത്തിലും ഇംഗ്ലീഷിലും നല്ല പാണ്ഡിത്യം ആർജ്ജിക്കുകയും പദ്യത്തെക്കാൾ കൂടുതൽ ഗദ്യത്തിൽ ശ്രദ്ധവയ്ക്കുകയും ചെയ്തു. പക്ഷേ കവിതാവാസന ഉറവ വറ്റാതെ ജീവിതാന്ത്യം വരെ നിലനിന്നുവെന്ന വസ്തുത വിസ്മരിക്കാനാവില്ല. സാഹിത്യലോകത്ത് ഗദ്യതാത്പര്യത്തെ വളർത്തുന്നതിന് സഹായകമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിൽ അക്കാലത്തെ ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് ഗണ്യമായ പങ്കുണ്ട്. നൂതന വിഷയങ്ങളെ സരസമായ രീതിയിൽ ജനമദ്ധ്യത്തിൽ എത്തിയ്ക്കുകയായിരുന്നു ആ പ്രസിദ്ധീകരണങ്ങളിൽ മിക്കവയുടെയും ലക്ഷ്യം. പാശ്ചാത്യ ഭാഷയും പാശ്ചാത്യ വിജ്ഞാനവുമായി പരിചയം സമ്പാദിച്ച ആളുകളുടെ ലേഖനങ്ങൾ പൊതുവേ സ്വാഗതം ചെയ്യപ്പെട്ടിരുന്നു. ആലപ്പുഴ കടപ്പുറത്തെ സെൻറ് ത്രേസ്യാ പ്രസ്സിൽ നിന്നും അച്ചടിച്ചിരുന്ന **സർവ്വത്രമിത്രം** എന്ന പത്രത്തിൽ ആലപ്പുഴ സ്കൂളിൽ വിദ്യാർത്ഥിയായിരുന്ന പി. കെ. പല ലേഖനങ്ങളും എഴുതിയിട്ടുണ്ടെന്നും അതുവഴിയാണ് ലേഖനമെഴുത്തിലെ താത്പര്യം വർദ്ധിച്ചു വന്നതെന്നും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. (**സാഹിത്യപഞ്ചാനനൻ** അദ്ധ്യായം 6). പക്ഷേ ആ പത്രത്തിന്റെ പ്രതികൾ ഇന്നു ലഭ്യമല്ല.

കോളേജിൽ സ്വയം പണമുണ്ടാക്കി പഠിക്കേണ്ടി വന്നതോടെ ഒരു ധനാഗമമാർഗ്ഗമെന്ന നിലയിലും ആനുകാലിക പ്രസിദ്ധീകരണങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു. കൊല്ലത്തു നിന്നു പ്രസിദ്ധപ്പെടുത്തി വന്ന

**മലയാളിയ്ക്കും** കോട്ടയത്തു നിന്നു പ്രസിദ്ധപ്പെടുത്തി വന്ന **മലയാള മനോരമയ്ക്കും** ലേഖനങ്ങളെഴുതി ധനപരമായ വൈഷമ്യം കുറെ ഒക്കെ പരിഹരിച്ചിട്ടുണ്ട്. **മലയാളി** പത്രത്തിന്റെ പത്രാധിപത്യം സുഹൃത്തായ കെ. ആർ. പത്മനാഭപിള്ളയുമൊത്ത് ഏറ്റെടുത്ത് കുറേക്കാലം നടത്തി. **മലയാള മനോരമ, കേരള താരക, ചന്ദ്രിക, മലയാളി** തുടങ്ങിയ പല പത്രമാസികകളിലും പി. കെ. അന്ന് ലേഖനങ്ങളും കഥകളും കവിതകളും എഴുതിയിരുന്നുവെന്നതിന് തെളിവുകളുണ്ട്. വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ പൊതുജനമദ്ധ്യത്തിൽ ശ്രദ്ധേയനായിത്തീരാൻ പി. കെ. യ്ക്ക് ഇതുകൊണ്ടു സാധിച്ചു. ആനുകാലിക പ്രസിദ്ധീകരണങ്ങളുമായുള്ള സജീവ ബന്ധം സാഹിത്യരംഗത്ത് നിരന്തരമായി വ്യാപരിക്കുന്നതിനും സമകാലിക സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങളെ ശ്രദ്ധയോടെ നിരീക്ഷിക്കുന്നതിനും അവയിൽ ഭാഗഭാഗിത്വം വഹിക്കുന്നതിനും ഒരു പരിധിവരെ സഹായകമായിത്തീർന്നു.

വിപുലമായ പഠന-ഗവേഷണങ്ങളിൽ മുഴുകുകയും കലാലയത്തിലെ അദ്ധ്യാപകനെന്ന നിലയിൽ പ്രശസ്തനാവുകയും ചെയ്തതോടെ ആനുകാലിക പ്രസിദ്ധീകരണങ്ങളുമായുള്ള ബന്ധം കുറേക്കൂടി ദൃഢമായി. **സുഭാഷിണി, നായർ, മലയാളി, ഭാഷാപോഷിണി, രസികരഞ്ജിനി** തുടങ്ങിയ പത്രമാസികളിലൊക്കെ പി. കെ. അക്കാലത്തെഴുതിയിട്ടുണ്ട്. അവയിൽ അദ്ദേഹം കൈകാര്യം ചെയ്തിരുന്ന ചില പംക്തികൾ പത്രത്തിന്റെ പ്രചാരത്തെ വർദ്ധിപ്പിച്ചിട്ടുമുണ്ട്.

അഭിഭാഷക വൃത്തിയിൽ ഏർപ്പെട്ട ആദ്യത്തെ രണ്ടു മൂന്നു കൊല്ലക്കാലം പി. കെ. സാഹിത്യപ്രവർത്തനങ്ങളിൽ നിന്നും അല്പമൊന്നു മാറി നിന്നു. അക്കാലത്ത് ആനുകാലിക പ്രസിദ്ധീകരണങ്ങളുമായി അധികം ബന്ധം പുലർത്തിക്കാണുന്നില്ല. കോട്ടയത്തേയ്ക്ക് പ്രാക്ടീസ് മാറ്റി അല്പകാലം കഴിഞ്ഞതോടെ പി. കെ. വീണ്ടും സാഹിത്യരംഗത്തേയ്ക്ക് സജീവമായിത്തന്നെ കടന്നുവന്നു. കൃഷ്ണഗാഥാ നിരൂപണത്തെപ്പോലുള്ള ചില പ്രൗഢ പ്രബന്ധങ്ങൾ ഇക്കാലത്താണെഴുതിയത്. **കവിതാവിലാസിനി, ദക്ഷിണദീപം, മംഗളോദയം, കേരളം** തുടങ്ങിയ മാസികകളിൽ 1911-12 കാലഘട്ടം മുതൽ അദ്ദേഹത്തിന്റെ ലേഖനങ്ങൾ ധാരാളമായി പ്രത്യക്ഷപ്പെടുന്നുണ്ട്. ഇക്കൂട്ടത്തിൽ **കേരളം** മാസികയുടെ പത്രാധിപരായും പ്രവർത്തിച്ചിട്ടുണ്ട്. **ഭാഷാപോഷിണി, ആത്മപോഷിണി, ഭാഷാശാരദ, മഹിള, ഗുരുനാഥൻ, കവനകൗമുദി, സാഹിത്യരസികൻ, മലയാളരാജ്യം, സഹൃദയ** തുടങ്ങി ഒട്ടനവധി പത്രമാസികകളിൽ പി. കെ. യുടെ ലേഖനങ്ങൾ അനന്തരകാലത്ത് ധാരാളമായി പ്രത്യക്ഷപ്പെടുന്നുണ്ട്. അവസാന



കാലം വരെയും ആനുകാലിക പ്രസിദ്ധീകരണങ്ങളോട് നിരന്തരബന്ധം അദ്ദേഹം പുലർത്തി വന്നു. പി. കെ. യുടെ സാന്നിദ്ധ്യം ഒഴിച്ചു കൂടാനാവാത്ത ഒന്നായിത്തന്നെ പത്രാധിപന്മാർ കരുതിയിരുന്നു. അല്പകാലം മുൻപു നടത്തിയ ഒരന്വേഷണത്തിൽ നിന്നും അക്കാലത്താരംഭിച്ച ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ 12 എണ്ണത്തിന്റെ ഒന്നാം ലക്കം പി. കെ. യുടെ മംഗളാശംസയോടോ കവിതയോടോ ലേഖനത്തോടോ കൂടിയാണ് പുറത്തു വന്നിരിക്കുന്നതെന്നു മനസ്സിലായി. **തത്വാന്വേഷിണി, കവിതാവിലാസിനി, സാഹിത്യദീപിക, കൗസ്തുഭം, കേരളപാണിനി, മഹിള, സരസ്വതി, ഭൂസുര കേസരി, കേരള കോകിലം, സാഹിത്യ വിനോദിനി, എം.എൻ. നായർ മാസിക, സഹൃദയ** എന്നിവയാണവ. **നായർ, ദക്ഷിണദീപം, ഭാഷാശാരദ, കോട്ടയം മാസിക** എന്നിവയുടെ രണ്ടാം ലക്കത്തിൽ പി. കെ. യുടെ സാന്നിദ്ധ്യം കാണാം. അൻപത്തിനാലോളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വിവിധ ലക്കങ്ങളിലായി അദ്ദേഹത്തിന്റെ തൊണ്ണൂറോളം ലേഖനങ്ങൾ കണ്ടെത്താനും കഴിഞ്ഞു. കവിതകളും മംഗളശ്ലോകങ്ങളും പുറമേയും. അക്കാലത്തു പ്രചരിച്ചിരുന്ന പത്രമാസികകളിൽ നല്ല പങ്കും ഇന്നു നഷ്ടപ്പെട്ടു പോയി. ദിനപ്പത്രങ്ങൾ ആകട്ടെ വളരെക്കുറച്ചു മാത്രമേ സൂക്ഷിക്കപ്പെട്ടിട്ടുള്ളൂ. ഇപ്പോൾ ലഭ്യമായവയിൽ നിന്നുള്ള കണക്കുകളാണ് മുകളിൽ കൊടുത്തത്. ആനുകാലിക പ്രസിദ്ധീകരണങ്ങളുമായുള്ള പി. കെ. യുടെ ബന്ധം ഈ കണക്കുകളിൽ നിന്ന് വെളിവാകുന്നതിലും എത്രയോ അധികമാണ്. അദ്ദേഹത്തിന്റെ ഒട്ടനവധി ലേഖനങ്ങളും കഥകളും ആ പ്രസിദ്ധീകരണങ്ങളുടെ താളുകളോടൊപ്പം മൺമറഞ്ഞുപോയ നിലയിലാണ്. ഈ വസ്തുതകളിൽ നിന്നും 20-ാം ശതകത്തിന്റെ ആദ്യത്തെ നാലുദശകങ്ങളിൽ മലയാള സാഹിത്യലോകത്തു സാർവാദൃതമായ ഒരു സ്ഥാനം സാഹിത്യപഞ്ചാനനനുണ്ടായിരുന്നുവെന്നു മനസ്സിലാക്കാനാകും.

# 8

# സാഹിത്യ വിമർശകൻ

ഒരു സാഹിത്യകാരനെന്ന നിലയിലാണ് പി. കെ. നാരായണപിള്ള ഇക്കാലത്ത് ഏറെ അറിയപ്പെടുന്നത്. അതിൽ തന്നെ വിമർശകനെന്ന ഖ്യാതിയാണ് ഏറെയുള്ളത്. ഇതിനുപുറമേ ഗവേഷകൻ, വൈയാകരണൻ, ഗദ്യകാരൻ, കവി, പ്രസംഗകൻ എന്നീ നിലകളിലും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ആളാണദ്ദേഹം. അന്തരിച്ചിട്ട് ആറു ശതാബ്ദത്തിലേറെ കഴിഞ്ഞെങ്കിലും അദ്ദേഹത്തിന്റെ വിമർശന-പഠന-ഗവേഷണങ്ങൾ അതതു വിഷയങ്ങളിൽ ഇന്നും ആധികാരിക ഗ്രന്ഥങ്ങളായി അനന്തര തലമുറയ്ക്ക് മാർഗ്ഗദർശനം ചെയ്തുകൊണ്ട് പരിലസിക്കുന്നു.

പ്രാചീന കവിത്രയത്തിൽ ഓരോരുത്തരെയും അവരുടെ കൃതികളെയും കേന്ദ്രീകരിച്ചു നടത്തിയ വിശദപഠനം മുതൽ ഒറ്റപ്പെട്ട ലേഖനങ്ങൾ വരെ ഉൾപ്പെടുന്ന വൈവിദ്ധ്യമാർന്ന ഒന്നാണ് അദ്ദേഹത്തിന്റെ വിമർശനലോകം. മലയാളത്തിലെ പ്രാചീന കവിത്രയത്തെക്കുറിച്ചുള്ള പി. കെ. യുടെ പ്രധാന പഠനങ്ങൾ പ്രൊഫസർ സുകുമാർ അഴീക്കോടിന്റെ സംശോധനത്തോടെ കേരള സാഹിത്യ അക്കാദമി 1980-ൽ പുനഃപ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ ഇതര കൃതികളും ലേഖനങ്ങളും ഈ ലേഖകൻ സമാഹരിക്കുകയും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 4 വാല്യങ്ങളായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. മലയാളത്തിലെ പ്രാചീന കവിത്രയം എന്നറിയപ്പെടുന്ന കുഞ്ചൻ നമ്പ്യാർ (18-ാം ശതകം) ചെറുശ്ശേരി (15-ാം ശതകം) തുഞ്ചത്തെഴുത്തച്ഛൻ (16-ാം ശതകം) എന്നീ കവികളേയും അവരുടെ കൃതികളേയും കുറിച്ചുള്ള ഗവേഷണ വിമർശന പഠനങ്ങൾ ഏറെ പ്രശസ്തങ്ങളാണ്. ഗവൺമെന്റ് ലക്ചർ കമ്മിറ്റി എന്ന പ്രസംഗ സമിതിയുടെ ക്ഷണമനുസരിച്ച് പി. കെ. നടത്തിയ ഒരു പ്രസംഗപരമ്പരയാണ്. **കുഞ്ചൻ നമ്പ്യാർ** എന്ന പേരിൽ 1906-ൽ പുസ്തക രൂപത്തിൽ പ്രസിദ്ധപ്പെടുത്തിയ കൃതി. തുള്ളൽപ്പാട്ടുകളുടെ ഉപജ്ഞാതാവായ കുഞ്ചൻ നമ്പ്യാരുടെ ജീവചരിത്രപരമായ വസ്തുതകൾ, അദ്ദേഹത്തിന്റെ കാലഘട്ടം, കൃതികൾ, കടപ്പാടുകൾ, സാഹിത്യമേന്മ തുടങ്ങി നാനാഘടകങ്ങളേയും വിപുലമായ അന്വേഷണത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുന്ന പ്രൗഢ പ്രബന്ധ



മാണിത്. ഈ ഗ്രന്ഥം സാർവ്വത്രികമായി അഭിനന്ദിക്കപ്പെട്ടു. പാഠപുസ്തക കമ്മിറ്റിയുടെ പ്രത്യേക ശുപാർശ കൂടാതെ തന്നെ വിദ്യാഭ്യാസവകുപ്പ് ഇതിനെ പാഠപുസ്തകമായി അംഗീകരിച്ചു. മലയാളത്തിലെ പ്രസിദ്ധ നിഘണ്ടുകാരനും സാഹിത്യകാരനുമായ ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള ഈ കൃതിയെ **കുഞ്ചൻനമ്പ്യാർ മണിപ്രവാളം** എന്ന പേരിൽ പദ്യവത്ക്കരിച്ചു. **കേരളസാഹിത്യചരിത്ര**മെന്ന വിഖ്യാതഗ്രന്ഥത്തിന്റെ കർത്താവും മഹാകവിയുമായ ഉള്ളൂർ എസ്. പരമേശ്വരയ്യർ, "പി. കെ. പ്രസ്തുത ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതുവരെ ഭാഷയിൽ ചില പത്രലേഖനങ്ങളല്ലാതെ പരിഗണനീയമായ നിലയിൽ യാതൊരു സാഹിത്യഗവേഷണവും സാഹിത്യനിരൂപണങ്ങളും ഉണ്ടായിരുന്നില്ല." എന്ന് ഈ ഗ്രന്ഥത്തെപ്പറ്റി അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു. (ഉള്ളൂർ സ്മാരകഗ്രന്ഥം, 'സാഹിത്യപഞ്ചാനനൻ'– ഗവേഷണസമിതി, ഓറിയൻറൽ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി, 1951, പു. 110-111) ഈ ഗ്രന്ഥത്തിനു പുറമേ കുഞ്ചൻ നമ്പ്യാരേയും അദ്ദേഹത്തിന്റെ കൃതികളേയും കുറിച്ച് മറ്റു ചില ലേഖനങ്ങളിലും തുള്ളൽകൃതികൾക്കെഴുതിയ അവതാരികകളിലും പി. കെ. പ്രത്യേക പഠനങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്.

**കൃഷ്ണഗാഥ**യെന്ന പ്രാചീന കൃതിയുടെ കർത്തൃത്വത്തെച്ചൊല്ലി അഭിപ്രായഭേദങ്ങൾ പൊന്തിവന്ന കാലഘട്ടത്തിൽ ആ കൃതിയുടെ കർത്തൃത്വത്തെയും കാലത്തെയും കൃതിയുടെ സ്വഭാവത്തേയും ആസ്പദമാക്കി പി. കെ. ഒരു പ്രഭാഷണം നടത്തി. 1921-ൽ ഇത് **കേരളം** മാസികയിലൂടെ ഖണ്ഡശഃ പ്രസിദ്ധം ചെയ്യാനാരംഭിച്ചുവെങ്കിലും മാസികയുടെ തുടർന്നുള്ള ലക്കങ്ങൾ ഉടനേ പുറത്തുവന്നില്ല. 1915-ൽ തന്നെ ഈ പ്രസംഗം പ്രത്യേക പുസ്തകമായും തുടർന്ന് **കൃഷ്ണ ഗാഥ**യുടെ ചില പതിപ്പുകളുടെ അവതാരികയായും പ്രത്യക്ഷപ്പെട്ടു. ഈ പഠനം വെളിയിൽ വന്നതോടെ കൃഷ്ണഗാഥാ കർത്തൃത്വത്തെക്കുറിച്ചുള്ള അഭിപ്രായാന്തരങ്ങൾക്ക് പ്രാബല്യം കുറയുകയും ചെറുശ്ശേരി നമ്പൂതിരിയാണ് അതിന്റെ കർത്താവെന്ന് സാർവ്വത്രികമായി അംഗീകരിക്കപ്പെടുകയും ചെയ്തു. ചരിത്രപരമായ അന്വേഷണത്തിനു പുറമേ സാഹിത്യസിദ്ധാന്തങ്ങളെ വിശദീകരിച്ചുകൊണ്ട് അതിന്റെ വെളിച്ചത്തിൽ കൃതിയുടെ രമണീയാംശങ്ങളെ വ്യക്തമാക്കിത്തരുന്ന തരത്തിലുള്ള കാവ്യവിമർശനവും ഈ കൃതിയിലുണ്ട്.

മലയാളത്തിലെ കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ തുഞ്ചത്തെഴുത്തച്ഛനെക്കുറിച്ച് 1930-ൽ മദ്രാസ്സ് ക്രിസ്ത്യൻ കോളേജിൽ വച്ചു നടത്തിയ പ്രഭാഷണങ്ങളാണ് പിന്നീട് **തുഞ്ചത്തെഴുത്തച്ഛൻ** എന്ന പേരിൽ പുസ്തകരൂപേണ വെളിയിൽ വന്നത്. മദ്രാസ്സിൽവച്ചു നടത്തിയ

പ്രഭാഷണം പിന്നീട് എറണാകുളം മഹാരാജാസ് കോളേജിൽ ആവർത്തിച്ചു. എഴുത്തച്ഛനെക്കുറിച്ചുള്ള സമഗ്ര വിമർശനത്തിന് 1930-ലേ പി. കെ. രൂപം കൊടുത്തുള്ളുവെങ്കിലും വളരെ മുൻപു മുതൽ തന്നെ എഴുത്തച്ഛന്റെ കൃതികളുമായി ഗാഢബന്ധം പുലർത്തിപോന്നിട്ടുണ്ട്. 1902-ൽ തന്നെ ആദ്ധ്യാത്മ രാമായണം കിളിപ്പാട്ടിനെക്കുറിച്ച് ഭാഷാപോഷിണിയിൽ ലേഖനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 1905-ൽ ഭാഗവതം കിളിപ്പാട്ടിന്റെ സംശോധിത സംസ്കരണം പുറത്തിറക്കി. സംഭവപർവ്വം, കർണ്ണപർവ്വം, അയോദ്ധ്യാകാണ്ഡം, ബാലകാണ്ഡം എന്നിവ വ്യാഖ്യാനിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ എഴുത്തച്ഛൻ കൃതികളെ അവലംബമാക്കിക്കൊണ്ട് നേരത്തേ നടത്തിയ ഭാഗിക വിമർശനങ്ങളുടെ പശ്ചാത്തലത്തിൽ ജന്മംകൊണ്ട ഈ സമഗ്ര വിമർശനം പി. കെ. യുടെ വിമർശനങ്ങളിൽ വച്ച് ഏറ്റവും പ്രധാനമാണെന്നു പറയാം. ഈ പ്രാചീന കവിയുടെ ജീവചരിത്രത്തെയും കൃതികളേയും കുറിച്ചുള്ള അന്വേഷണത്തിനു ശേഷം കാവ്യവിമർശനത്തിലേയ്ക്ക് കടക്കുന്നു. ഒട്ടനവധി ചിരന്തനധാരണകളെ അദ്ദേഹത്തിന് തിരുത്തിക്കുറിക്കാനായി. കവിയുടെ കടപ്പാടുകൾ കണ്ടെത്താനും ഭക്തിരസവും ഭാഷാപ്രയോഗചാതുര്യവും എങ്ങനെ കൃതിയുടെ മൂല്യത്തെ ഉയർത്തുന്നുവെന്നു വിശദീകരിക്കുവാനും സാധിച്ചു. യഥാസ്ഥിതികരേയും ഭക്തിപ്രകർഷത്തോടെ എഴുത്തച്ഛൻ കൃതികളെ സമീപിക്കുന്നവരേയും ഞെട്ടിച്ചുകൊണ്ട് വേദാന്ത പ്രതിപാദകമായ ഭാഗങ്ങൾ എഴുത്തച്ഛന്റെ കൃതികളെ ദുർബ്ബലമാക്കുകയാണു ചെയ്യുന്നതെന്ന് പി. കെ. സമർത്ഥിച്ചു. അന്തർഭാവ വിശകലനത്തിലൂടെ എഴുത്തച്ഛൻ കൃതികൾ നമ്മുടെ ക്ലാസിക്കുകളാണെന്ന് അദ്ദേഹം സ്ഥാപിക്കുന്നു. ഈ വിമർശനഗ്രന്ഥം സാർവ്വത്രികമായ അഭിനന്ദനത്തിനു പാത്രമായി. മേൽ പ്രസ്താവിച്ച മൂന്നു വിമർശന ഗ്രന്ഥങ്ങൾക്കു പുറമേ ആട്ടക്കഥ, സന്ദേശകാവ്യം, വഞ്ചിപ്പാട്ട്, കീർത്തനം എന്നീ സാഹിത്യ ശാഖകളെക്കുറിച്ച് പി. കെ. നടത്തിയ പഠനങ്ങളും ഗവേഷണ - വിമർശന മൂല്യങ്ങളുള്ള പ്രൗഢ പ്രബന്ധങ്ങളാണ്.

ആട്ടക്കഥാവിഷയകമായി അദ്ദേഹത്തിന്റെ രണ്ടു ലേഖനങ്ങളും ഒരവതാരികയും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കഥകളിയെന്ന വിഖ്യാത കലാരൂപവുമായി ബന്ധപ്പെട്ടുള്ള സാഹിത്യരൂപങ്ങളാണ് ആട്ടക്കഥകൾ. പി. കെ. യുടെ വിമർശനം ആ സാഹിത്യശാഖയുടെ പ്രത്യേകതകളും പരിമിതികളും വെളിച്ചത്തു കൊണ്ടു വരുന്നു. സാമാന്യേന ആദരിക്കപ്പെട്ടു വരുന്ന ഒരു ക്ലാസിക്കൽ കലാരൂപത്തിന്റെ ന്യൂനതകളിലൂന്നിക്കൊണ്ടുള്ളതാണ് പൊതുവേ വിമർശനം.



സന്ദേശകാവ്യ പ്രസ്ഥാനത്തേയും ആ പ്രസ്ഥാനത്തിലെ പ്രധാന കൃതികളേയും വിമർശന വിധേയമാക്കിക്കൊണ്ടുള്ള ഒരു ലേഖന പരമ്പര 1928-ൽ സാഹിത്യ രസികൻ മാസികയിൽ പി. കെ. പ്രസിദ്ധപ്പെടുത്തി. വേറെ രണ്ടു ലേഖനങ്ങളും രണ്ടവതാരികകളും കൂടി ഈ വിഷയത്തെ സംബന്ധിച്ചദ്ദേഹം എഴുതിയിട്ടുണ്ട്. മാസികത്താളുകളിൽ മറഞ്ഞു കിടന്ന വിമർശന സ്വഭാവമുള്ള ലേഖനപരമ്പര കാണാതെ മറ്റു രണ്ട് ഗവേഷണ ലേഖനങ്ങളെ മാത്രം ആസ്പദമാക്കിക്കൊണ്ട് പി. കെ. യുടെ വിമർശനം ഈ വിഷയത്തിൽ പാളിപ്പോയെന്ന് അഭിപ്രായപ്പെട്ട ചില അനന്തര കാലികരുമുണ്ട്. അക്കാലത്ത് കേരളത്തിൽ സാർവ്വത്രികമായി വാഴ്ത്തപ്പെട്ട മയൂരസന്ദേശത്തെപ്പറ്റി പി. കെ. യ്ക്ക് അത്ര തൃപ്തി ഉണ്ടായിരുന്നില്ലെന്നു കരുതാൻ വേണ്ട ന്യായങ്ങളുണ്ട്. ആധുനിക സഹൃദയരിൽ ഗണ്യമായ ഒരു വിഭാഗത്തിന്റെ മനോഭാവവും പൊതുവേ ഇതുതന്നെയാണ്.

വള്ളംകളിയോടനുബന്ധിച്ച് രൂപപ്പെട്ട വഞ്ചിപ്പാട്ടെന്ന സാഹിത്യ പ്രസ്ഥാനം ബാല്യകാലം മുതൽ പി. കെ. യെ ആകർഷിച്ചിട്ടുള്ളതാണ്. ഈ പ്രസ്ഥാനത്തിന്റെ പ്രാചീന ചരിത്രത്തെക്കുറിച്ചും അതിലെ നടുനായകമായ കുചേലവൃത്തം വഞ്ചിപ്പാട്ടിനെക്കുറിച്ചും ഉള്ള പഠനം 'കുചേലവൃത്തം വഞ്ചിപ്പാട്ടും അതിനു മുൻപും പിൻപും' എന്ന ലേഖനത്തിന്റെ പൂർവ്വഭാഗത്തു കാണാം. ഈ പഠനം കേരളസാഹിത്യ ചരിത്രത്തിൽ വഞ്ചിപ്പാട്ടുകളെക്കുറിച്ച് വിവരിക്കുന്ന സന്ദർഭത്തിൽ മഹാകവി ഉള്ളൂരിന് മാർഗ്ഗദർശകമായിട്ടുണ്ട്.

കീർത്തനങ്ങളെക്കുറിച്ചെഴുതിയ ലേഖനം ഒരു വലിയ പ്രസ്ഥാനപഠനമൊന്നുമല്ലെങ്കിൽ പോലും ആ വിഷയത്തിൽ ഏറെ പഠനങ്ങൾ ഉണ്ടായിട്ടില്ലാത്ത സാഹചര്യത്തിൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. ഇവയ്ക്കു പുറമേ ഗവേഷണ വിമർശനസ്വഭാവമുള്ള ഒറ്റപ്പെട്ട ലേഖനങ്ങൾ പലതുണ്ട്. ആട്ടക്കഥകളുടെ കൂട്ടത്തിൽ സാഹിത്യഗുണം കൊണ്ട് ഏറ്റവും ശ്രേഷ്ഠമെന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്ന നളചരിതം ആട്ടക്കഥയുടെ കർത്താവായ ഉണ്ണായിവാര്യരെയും അദ്ദേഹത്തിന്റെ കൃതികളേയും ആസ്പദമാക്കിക്കൊണ്ടുള്ള 'ഉണ്ണായി വാര്യർ' എന്ന ലേഖനം ഒരുദാഹരണമാണ്. ഇതും പ്രസംഗ വേദിയിൽ നിന്നു ജന്മം കൊണ്ടതാണ്. ഉണ്ണായി വാര്യരുടെ രചനാപ്രക്രിയയേയും കാവ്യസങ്കല്പത്തേയും കുറിച്ചുള്ള പഠനത്തിനാണ് പി. കെ. ഊന്നൽ കൊടുത്തിരിക്കുന്നത്. അക്കാലത്തുണ്ടായ ചില സാഹിത്യവിവാദങ്ങളിലും അദ്ദേഹം പ്രധാനപങ്കാളിയായിരുന്നു. ഭവഭൂതിയുടെ മാലതീമാധവത്തിന് അന്തപ്പായിയെന്ന വിമർശകൻ എഴുതിയ രൂക്ഷമായ ഖണ്ഡന വിമർശനത്തിൽ തനിക്ക് വിപ്ര

തിപത്തി തോന്നിയ ഭാഗങ്ങൾക്ക് പി. കെ. മറുപടി എഴുതി. പൊതുവേ ഭാരതീയ നാടകകാരന്മാരോട് എതിർപ്പു പ്രകടിപ്പിച്ചുകൊണ്ടുള്ളതായിരുന്നു അന്തപ്പായിയുടെ വിമർശനം. ഈ വിവാദത്തിൽ പി. കെ. സൂക്ഷ്മമായ പല കലാതത്ത്വങ്ങളേയും വ്യാഖ്യാനിച്ചു ഫലിപ്പിക്കുന്നുണ്ട്. അന്തപ്പായിയുടെ ചില തെറ്റായ ധാരണകളെ തിരുത്തുന്നുമുണ്ട്. ഈ വിവാദത്തിൽ തനിയ്ക്കു പറയാനുള്ളതു മുഴുവൻ പറയാൻ പത്രാധിപർ അവസരം കൊടുത്തില്ലെന്ന് പി. കെ. പില്ക്കാലത്തു സ്മരണമണ്ഡലത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കല്യാണസൗഗന്ധികത്തിലെ കല്യാണപദത്തിന്റെ അർത്ഥത്തെച്ചൊല്ലി സി. എം. എസ്. കോളേജ് ലക്ചററായിരുന്ന സി. ഐ. രാമൻനായരുമായി നടത്തിയ വിവാദമാണ് മറ്റൊന്ന്. കല്യാണപദത്തിന് സ്വർണ്ണമെന്ന അർത്ഥവിവക്ഷയാണുള്ളതെന്നു പി. കെ. യും മംഗളമെന്ന അർത്ഥമാണുള്ളതെന്ന് രാമൻനായരും വാദിച്ചു. ഇരുകൂട്ടരും തങ്ങളുടെ വാദമുഖങ്ങൾക്ക് ഉപോൽബലമായ തെളിവുകൾ നിരത്തുന്നുണ്ട്. കൃത്യമായ ഒരു വിധിതീർപ്പ് അവസാനം ഉണ്ടായതുമില്ല. സി. ഐ. രാമൻനായർ ഈ വിവാദത്തിലെ ഒരു ലേഖനത്തെപ്പറ്റി പില്ക്കാലത്ത് ഇങ്ങനെ രേഖപ്പെടുത്തിക്കാണുന്നു ''... സാഹിത്യപഞ്ചാനനന്റെ വിദഗ്ദ്ധ തൂലികകൊണ്ടുള്ള പ്രഹരം ഒട്ടേറെ ഏല്ക്കുവാനുള്ള മഹാഭാഗ്യം എനിയ്ക്കു കൈവരുത്തിയതും ഈ ലേഖനം തന്നെ'' **(ഈ. വി. സ്മരണകൾ)** പി. കെ. യുമായി ഒരു വാദത്തിലേർപ്പെടുന്നതുതന്നെ അഭിമാനകരവും ഭാഗ്യവുമായി അദ്ദേഹം കരുതിയിരുന്നുവെന്നു സാരം.

പി. കെ. യുടെ വിമർശന പ്രബന്ധങ്ങൾക്ക് ചില പ്രത്യേകതകളുണ്ട്. ഏതെങ്കിലും പ്രത്യേക കൃതിയെ കേന്ദ്രീകരിച്ചുള്ള വിമർശനത്തെക്കാളേറെ, ഒരു കവിയേയും അദ്ദേഹത്തിന്റെ കൃതികളേയും ഒന്നാകെ വിമർശനവിധേയമാക്കുന്ന സമ്പ്രദായമാണ് പി. കെ. അവലംബിച്ചു കാണുന്നത്. ഒറ്റ കൃതിയെ സമഗ്രമായും വിശദമായും പഠിക്കുകയെന്നത് ആധുനിക ഖണ്ഡകാവ്യങ്ങളുടെ കാര്യത്തിൽ സാധ്യമാകുന്നതു മാതിരി വിപുലമായ ക്ലാസിക് കൃതികളുടെ കാര്യത്തിൽ സാധിക്കുമെന്നു തോന്നുന്നില്ല. ഗ്രന്ഥത്തിന്റെ വൈപുല്യവും വ്യത്യസ്ത കഥാപാത്രങ്ങളുടെ വ്യത്യസ്ത സ്വഭാവവിശേഷതകളും ഭാവവൈവിദ്ധ്യവും രസാവിഷ്കാരകൗശലത്തിന്റെ വൈജാത്യവും നാനാമുഖമായ മനുഷ്യപ്രകൃതിയുടെ അത്യന്തവിചിത്രമായ ആവിഷ്കരണവും കൈക്കൊണ്ട് ക്ലാസിക് കൃതികളുടെ സർവ്വാംശസ്പർശിയായ വിപുലവിമർശനങ്ങൾ പ്രായേണ അസാദ്ധ്യമാണ്. മലയാളത്തിലെ ക്ലാസിക്കുകളുടെ തലത്തിലേയ്ക്ക് എത്തി നില്ക്കുന്ന കൃതികളുടെ പ്രാധാന്യം വ്യക്തമാക്കി അവയുടെ കാലാതിവർത്തിത്വത്തിന്റെ



അടിസ്ഥാനമെന്തെന്ന് കണ്ടെത്തുകയാണ് പി. കെ. ചെയ്യുന്നത്. അന്ധമായ ആരാധനാ മനോഭാവമാണോ അതോ ശാശ്വതമൂല്യമാണോ കാലാതിവർത്തിത്വത്തിനു കാരണമെന്നു കണ്ടെത്തി വിശദീകരിക്കുന്ന സമീപനരീതിയാണ് പി. കെ. പൊതുവെ അവലംബിച്ചു കാണുന്നത്. തുഞ്ചത്തെഴുത്തച്ഛൻ എന്ന കൃതിയുടെ ആമുഖത്തിൽ അദ്ദേഹമിങ്ങനെ പറയുന്നു. "In the interests of the continuity of letters no great author of the past should sink in to a mere *magninominis umbra* (the shadow of a great name)..... It is not safe to rest the reputation of an author like Ezhuthachan on false foundations." പ്രാചീനർക്കു ലഭിക്കുന്ന അംഗീകാരം അന്ധമായ ഭക്തികൊണ്ടോ അയഥാർത്ഥമായ അടിസ്ഥാനത്തിലോ ആവരുതെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ട്.

പി. കെ. യുടെ വിമർശന പ്രബന്ധങ്ങൾക്ക് പൊതുവേ തന്നെ നിയതമായ ഒരു ശില്പഘടന കാണാനാകും. പശ്ചാത്തലപഠനവും അന്തർഭാവപഠനവും അവയിൽ കാണാം. പഠനവിധേയരായ കവികളുടെ ജീവിതകാലം, ജീവചരിത്രപരമായ ഇതര വസ്തുതകൾ, ചരിത്രപരമായ ചുറ്റുപാടുകൾ, കവിയെ സ്വാധീനിച്ച ഇതര കൃതികൾ തുടങ്ങി അനവധി കാര്യങ്ങൾ കണ്ടെത്തിയ ശേഷമാണ് കാവ്യവിമർശനത്തിലേയ്ക്കു കടക്കുന്നത്. പ്രാചീന കൃതികളുടെ കാര്യത്തിലാകുമ്പോൾ ഗവേഷണം കൊണ്ടു മാത്രമേ ഈ വിവരങ്ങൾ കണ്ടെത്താനാവൂ. തുടർന്ന് പ്രതിപാദ്യം, പ്രതിപാദന രീതി, സഹൃദയനുണ്ടാകുന്ന അനുഭവം എന്നീ മൂന്നുപാധികളെ അടിസ്ഥാനമാക്കിയാണ് അന്തർഭാവപഠനം നിർവ്വഹിച്ചു കാണുന്നത്. 'സാഹിത്യം എന്ത്' എന്നതിനെപ്പറ്റി വിശദവും വ്യക്തവുമായ ഒരു സങ്കല്പം പി. കെ. യ്ക്കുണ്ടായിരുന്നു. ഇതാണദ്ദേഹത്തിന്റെ വിമർശനങ്ങളെ വിജയിപ്പിച്ച ഒരു ഘടകം. തന്റെ ഈ സാഹിത്യ സങ്കല്പത്തെക്കുറിച്ച് പ്രത്യേകിച്ച് പ്രബന്ധങ്ങളൊന്നും പി. കെ. എഴുതിയിട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ വിമർശന പ്രബന്ധങ്ങളിൽ നിരപ്പേ പ്രത്യക്ഷപ്പെടുന്ന പരാമർശങ്ങളിൽ നിന്നും ആ സാഹിത്യസങ്കല്പത്തിന്റെ സ്വരൂപം നമുക്കു ലഭിക്കുന്നുണ്ട്. വസ്തു, രീതി, രസം എന്നീ മൂന്നുപാധികളെ കാവ്യത്തിന്റെ സ്തംഭങ്ങളാണെന്നാണ് അദ്ദേഹം വിശേഷിപ്പിക്കുന്നത്. രീതി, രസം എന്നീ സംജ്ഞകൾ ഭാരതീയ സാഹിത്യ മീമാംസയിലെ രീതി, രസങ്ങളെയല്ല കുറിക്കുന്നതെന്ന് അദ്ദേഹം എടുത്തു പറഞ്ഞിട്ടുണ്ട്. വസ്തു അനന്തവിചിത്രമായ പ്രകൃതി അല്ലെങ്കിൽ ജീവിതം തന്നെയാണ്. കാവ്യ വിമർശകന്റെ ദൃഷ്ടിയിൽ അതു പ്രതിപാദ്യാംശമെന്നു വരുന്നു. വസ്തു തന്നെ കൺമുൻപിലുള്ളപ്പോൾ പിന്നെ കാവ്യമെന്തിനെന്ന് ചോദിച്ചേയ്ക്കാം. പ്രകൃതിയെയോ

ജീവിതത്തെയോ അതേപടി പകർത്തുന്നതല്ല കാവ്യം. തന്റെ മനസ്സിനെ പ്രകൃതി അല്ലെങ്കിൽ ജീവിതം എങ്ങനെ സ്പർശിച്ചിരിക്കുന്നു എന്നു വ്യക്തമാക്കാൻ ആവശ്യമായവയെ മാത്രമേ കലാകാരൻ പ്രകൃതിയിൽ നിന്നു സ്വീകരിക്കുന്നുള്ളൂ. വികാരസ്ഫുരണമുണ്ടാക്കാൻ പര്യാപ്തമായ വിഷയങ്ങൾ മാത്രമേ കവി സ്വീകരിക്കുന്നുള്ളൂ. വസ്തുവിന്റെ രൂപ പ്രതീതി അനുവാചകന്റെ മനസ്സിലുദിപ്പിച്ച് രസസ്ഫുരണം സാദ്ധ്യമാക്കുന്ന പ്രക്രിയയെയാണ് പി. കെ. രീതിയെന്നതുകൊണ്ടുദ്ദേശിക്കുന്നത്. സങ്കല്പശക്തി മണ്ഡലത്തിൽ കൂടിയാണ് ഒരു സംഗതി കവിയുടെ ദൃഷ്ടിയിൽ പെടുന്നതും കവിമുഖത്തു നിന്നു പുറപ്പെടുന്നതും. കവി മനസ്സിൽ ഇമേജുകൾ രൂപപ്പെടുന്നതു വിവരിച്ചിട്ട് അത് കാവ്യത്തിലൂടെ എങ്ങനെ ആവിഷ്കൃതമാകുന്നുവെന്നു പി. കെ. വിശദീകരിച്ചിട്ടുണ്ട്. "ബാഹ്യവസ്തുക്കളെ ഗ്രാഹ്യങ്ങളായ പ്രതിമകളാക്കി സ്വീകരിക്കുന്നതിനു പുറമേ സ്വ മനോധർമ്മം ആശ്രയിച്ച് കൂട്ടിയോ കുറച്ചോ ഭേദഗതി ചെയ്യുന്നതിനും കവികൾ മുതിരുന്നു. മനോലീനങ്ങളായ പ്രതിമകൾ എത്രയോ ഉള്ള സ്ഥിതിയ്ക്ക് അവയെത്തന്നെ മാറ്റിയും മറിച്ചും അന്യഥാകരിച്ചും അനുകരിച്ചും പാറ്റിയും നീറ്റിയും പലപ്രകാരത്തിൽ കവികൾ പ്രയോഗിക്കുന്നു. ബാഹ്യവസ്തു പ്രതിമകൾ മേൽ പ്രകാരം കവിഹൃദയത്തിൽ ഒരു ഹിരണ്യ ഗർഭം കഴിഞ്ഞ് കവി വാക്യങ്ങളിൽ കൂടി നിർഗമിക്കുമ്പോൾ പുറമേയുള്ള അസൽ വസ്തുവിൽ നിന്നു മെച്ചമേറിയതായോ അഥവാ ചിലപ്പോൾ ബാഹ്യലോകത്തിൽ ഉപമാനമില്ലാതെ ഒരു നവീന സൃഷ്ടിയായോ പരിണമിക്കുന്നു." ('ഉണ്ണായി വാര്യർ' എന്ന ലേഖനത്തിൽ) ഇമേജുകളെക്കുറിക്കാനാണ് പ്രതിമകൾ, പ്രതിബിംബങ്ങൾ, രൂപങ്ങൾ എന്നീ പദങ്ങൾ പി. കെ. ഉപയോഗിക്കുന്നത്. ഇങ്ങനെ രൂപം കൊള്ളുന്ന കാവ്യത്തിൽ വർണ്യവസ്തുവിന്റെ പൂർണ്ണ പ്രതീതിയ്ക്കുവേണ്ടി കവി അലങ്കാരങ്ങളെ ആശ്രയിച്ചെന്നുവരും. അവ രസോപസ്കാരകങ്ങളാകണം. ശബ്ദശുദ്ധി, പദയോജനകൊണ്ടുള്ള ശ്രവണസൗഖ്യം, വാക്യങ്ങളുടെ ഉന്മേഷശക്തി തുടങ്ങിയവ ശബ്ദങ്ങളുടെ ആസ്വാദ്യതയെ അഭിവൃദ്ധമാക്കുന്നു. ശബ്ദവിഷയകമായും, അർത്ഥവിഷയകമായും ഭാവവിഷയകമായുമുള്ള ധർമ്മങ്ങൾ ഒരുപോലെ നിറവേറ്റുന്നതാകണം കാവ്യഭാഷ. വസ്തുവിന് ആവിഷ്കരണം നല്കുന്നതുകൊണ്ടുമാത്രം കാര്യമില്ല. അവയ്ക്ക് രസിപ്പിക്കാനുള്ള ശക്തികൂടി ഉണ്ടാവണം. അതാണു സർവ്വ പ്രധാനം. ആസ്വാദകന്റെ മനോഘടനയ്ക്കും ആസ്വാദനത്തിൽ പങ്കുണ്ട്. കവി വാക്യത്തിന്റെ ആശയം ബുദ്ധിഗ്രഹിച്ചശേഷം അത് ഹൃദയത്തെ അഭിമുഖീകരിച്ച് പ്രവർത്തിക്കുകയും ഹൃദയത്തെ സ്പർശിക്കുകയും



ചെയ്യുന്നു. അത് വികാരസ്ഫുരണത്തിലേയ്ക്കും തുടർന്ന് രസാനുഭവത്തിലേയ്ക്കും നയിക്കുന്നു. രൂപ പ്രതീതി ഉളവാക്കി വികാരസ്ഫുരണം സംഭവിപ്പിച്ച് രസാനുഭവം ഉണ്ടാക്കുകയാണ് കാവ്യം. ഹൃദയാന്തർഭാഗത്ത് ലീനങ്ങളായി ശാന്തങ്ങളായി കിടക്കുന്ന രസങ്ങളെ കവി ഉച്ചലിപ്പിക്കുകയാണു ചെയ്യുന്നത്. ലോകം സച്ചിദാനന്ദസ്വരൂപമായ ആത്മാവിനാൽ വ്യാപ്തമെന്നു കരുതപ്പെടുന്നു. അപ്പോൾ സകല വസ്തുക്കളിലും ഉപാദേയമായ ഒരാനന്ദാംശം ഉണ്ടെന്നു മനസ്സിലാക്കാം. കാവ്യത്തിലൂടെ ആത്മാവ് അന്യസാധാരണമാണെന്നുള്ള സംവേദനം കൊണ്ട് വിശാലമായ ആനന്ദാനുഭൂതി ഉണ്ടാവുകയാണ്. അങ്ങനെ വസ്തു ബോധവും വ്യക്തി ബോധവും വിസ്മൃതമായി സാർവജനീനമായ ഒരു അനുഭവം സഹൃദയ മനസ്സിൽ ഉളവാക്കുകയാണ് ഉത്തമകൃതികൾ. കാവ്യാനുഭവം പരബ്രഹ്മസ്ഫുരണത്തിനു തുല്യമെന്നു ചുരുക്കം. സാന്മാർഗ്ഗികത, സമൂഹപരിഷ്കരണ യത്നങ്ങൾ, പരിഹാസരസികത എന്നിങ്ങനെ മറ്റു പല ഘടകങ്ങൾക്കും കവിതയുമായുള്ള ബന്ധത്തെക്കുറിച്ച് പി. കെ. ചിന്തിച്ചിട്ടുണ്ട്. പി. കെ. യുടെ കാവ്യസങ്കല്പത്തിന്റെ ചുരുക്കത്തിലുള്ള രൂപമാണ് ഇവിടെ പ്രതിപാദിച്ചത്. അദ്ദേഹത്തിന്റെ വിമർശന പ്രബന്ധങ്ങളിലെ സാഹിത്യ ചിന്തകൾ ക്രോഡീകരിച്ചാൽ അവയുടെ വിശദരൂപം ലഭ്യമാകും. ചിതറിക്കിടക്കുന്ന ആ സാഹിത്യ ചിന്തകളിൽ നേരിയ തോതിലുള്ള വൈരുദ്ധ്യം പോലും ദൃശ്യമാകുന്നില്ല. പാശ്ചാത്യ പൗരസ്ത്യ സാഹിത്യ ചിന്തകൾ നന്നായി അഭ്യസിച്ച ശേഷം സാഹിത്യത്തെക്കുറിച്ച് തനതായി രൂപപ്പെടുത്തിയെടുത്ത ഒരു വ്യക്തമായ ധാരണ അദ്ദേഹത്തിനുണ്ടായിരുന്നതുകൊണ്ടാണ് ചിന്തകളിൽ പൊരുത്തക്കേടുകൾ കടന്നുകൂടാത്തത്. ഈ സാഹിത്യധാരണയെ കൃതിയുടെ അന്തർഭാവപഠനത്തിന് നന്നായി പ്രയോജനപ്പെടുത്തിയതുകൊണ്ട് അദ്ദേഹത്തിന്റെ വിമർശനങ്ങൾ ഈടുറ്റവയായി മാറി.

സാഹിത്യത്തെക്കുറിച്ചുള്ളതുമാതിരി തന്നെ സാഹിത്യവിമർശനത്തെക്കുറിച്ചും സുവ്യക്തമായ അഭിപ്രായങ്ങൾ പി. കെ. യ്ക്കുണ്ടായിരുന്നു. പോഷകവിമർശനം, ഖണ്ഡന വിമർശനം എന്നു വിമർശനത്തെ പൊതുവേ രണ്ടായി തിരിക്കാറുണ്ടല്ലോ. ഒന്നിൽ വിമർശന വിധേയമാക്കുന്ന കൃതിയുടെ ആസ്വാദ്യാംശങ്ങൾക്ക് ഊന്നൽ കൊടുക്കുമ്പോൾ മറ്റേതിൽ ദോഷങ്ങൾക്ക് ഊന്നൽ കൊടുക്കുന്നു. ഇതിൽ ആദ്യത്തേതിനോട് അതായത്, പോഷക വിമർശനത്തിനോടാണ് പി. കെ. യ്ക്കു താത്പര്യം. കൃതിയുടെ ന്യൂനതകളെ കാണരുതെന്നല്ല. അവയെ കഴിയുന്നതും ശാന്തമായ രീതിയിൽ പ്രസ്താവിക്കുകയും ആസ്വാദ്യാംശങ്ങളെ ചൂണ്ടിക്കാണിച്ച്

ആസ്വാദന പ്രക്രിയയെ സഹായിക്കുകയും ചെയ്യുകയാണ് ഏറെ ഉത്തമമെന്നാണദ്ദേഹത്തിന്റെ മതം. പോഷക വിമർശനം അത്ര എളുപ്പമുള്ള കാര്യമല്ല. കാവ്യത്തിന്റെ മൗലികഭാവവുമായി താദാത്മ്യം പ്രാപിക്കാൻ കഴിയുന്ന വിമർശകനേ അതു സാദ്ധ്യമാവൂ. അനാസ്പദമായി കാവ്യത്തെ സ്തുതിക്കേണ്ടതില്ല. രസാസ്വാദമാർഗ്ഗദർശികളായ വിമർശനങ്ങൾ രചിക്കാൻ ദോഷദർശനകുതുകികൾക്ക് സാധിക്കില്ല. അന്തസ്സാരശൂന്യങ്ങളായ കൃതികളുടെ നേരെ മൗനം ഭജിക്കുകയാണുത്തമം. കൃതികളുടെ അന്തസ്സാരശൂന്യത കുറേ ഒക്കെ കാലം തെളിയിക്കും. കാലാതിവർത്തിയായി നില്ക്കുന്ന കൃതികളാണ് വിമർശനത്തിനേറ്റവും യോഗ്യങ്ങളെന്നു വരുന്നു. അത്തരം കൃതികളെ ഓരോ കാലഘട്ടത്തിലും പുനർവിചിന്തനത്തിന് വിധേയമാക്കുകയും അവയുടെ ശാശ്വതികത്വത്തിന്റെ യഥാർത്ഥ കാരണങ്ങൾ മനസ്സിലാക്കുകയും വേണം. വിമർശനം രചനാകാലത്തിന്റെ പശ്ചാത്തലത്തിൽ വേണം നടത്താനും. വിമർശകനും ചില പരിമിതികളുണ്ട്. രോഗാതുരനാണു വിമർശകനെങ്കിൽ നല്ലതുകാണാൻ കഴിയില്ല. സ്വേച്ഛയ്ക്ക് ഗുണദോഷ വിവേചനത്തിൽ നല്ല പങ്കുണ്ട്. യാഥാസ്ഥിതികത്വം, പാണ്ഡിത്യക്കുറവ്, പ്രജ്ഞാമാന്ദ്യം, വികാരചാപല്യം ഇതൊക്കെ വിമർശകനെ മൂഢനാക്കും. അയാളിൽ നിന്നുള്ള വിമർശനം ചിലന്തിവല പോലെ ദുർബ്ബലവുമായിരിക്കും. പി. കെ. യുടെ വിമർശന സങ്കല്പത്തിന്റെ ഒരു ചുരുങ്ങിയ രൂപരേഖ മാത്രമാണിത്.

വിമർശനത്തെക്കുറിച്ചും സാഹിത്യ സിദ്ധാന്തങ്ങളെക്കുറിച്ചും ഇപ്രകാരം സുവ്യക്തമായ നിലപാടുള്ള പണ്ഡിതനും സഹൃദയനുമാണ് പി. കെ. പ്രാചീന സാഹിത്യ കൃതികളെ അധികരിച്ചുള്ള അദ്ദേഹത്തിന്റെ വിമർശനങ്ങൾ മലയാളസാഹിത്യ വിമർശനത്തിന്റെ പ്രതിഷ്ഠാപകനായി അദ്ദേഹത്തെ മാറ്റി. മലയാള സാഹിത്യ വിമർശനത്തിലെ ക്ലാസിക്കുകളെന്ന വിശേഷണം അവ അർഹിക്കുന്നു. പക്ഷേ സമകാലിക കൃതികളുടെ വിമർശനത്തിൽ പി. കെ. വിജയിച്ചുവെന്നു പറയാനാവില്ല. സമകാലിക കൃതികളെപ്പറ്റി അപൂർവ്വമായി മാത്രമേ അദ്ദേഹം എന്തെങ്കിലും അഭിപ്രായം പറഞ്ഞിട്ടുള്ളൂ, അതിൽ തന്നെ സമകാലിക ഗദ്യകൃതികളോട് താത്പര്യവും സമകാലിക പദ്യകൃതികളോട് പൊതുവേ പരാങ്മുഖത്വവുമാണ് പ്രകടിപ്പിക്കുന്നത്. ആന്തരികമായ മാഹാത്മ്യവും സാരവും ഇല്ലാതെ ബാഹ്യാഡംബര പ്രധാനങ്ങളാണ് അവയെന്നാണ് അദ്ദേഹത്തിന്റെ മതം. ഈ ധാരണ സമകാലിക സാഹിത്യത്തിന്റെ സജീവ വിമർശനത്തിൽ നിന്നും അദ്ദേഹത്തെ അകറ്റി നിർത്തി. പാശ്ചാത്യ സാഹിത്യത്തെ സാത്മീകരിക്കാനാകാതെയുള്ള അനുകരണങ്ങളാണ് സമകാലിക പദ്യസാഹിത്യത്തിൽ



ഏറെയുമെന്ന അഭിപ്രായവും അദ്ദേഹത്തിനുണ്ടായിരുന്നു. 20-ാം ശതകത്തിലെ ആദ്യത്തെ ഒന്നോരണ്ടോ ദശകങ്ങളിലെ മലയാള സാഹിത്യത്തിന്റെ സ്ഥിതി നോക്കുമ്പോൾ ഇത് ഏറെക്കുറെ ശരിയുമാണ്. സ്വാഭാവികമായുള്ള ഖണ്ഡന വിമർശന വൈമുഖ്യവും സമകാലിക കവിതയിൽ നിന്നും മാറി നില്ക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചിട്ടുണ്ടാവണം. സമകാലിക സാഹിത്യത്തിന്റെ കൂട്ടത്തിൽ അല്പമെങ്കിലും വിമർശനാർഹങ്ങളെന്നു കരുതിയത് കുമാരനാശാന്റെ കൃതികളെയാണ്. അവയെ അവലോകനം ചെയ്തുകൊണ്ട് 'ശ്രീമാൻ കുമാരനാശാൻ' എന്നൊരു ലേഖനം എഴുതിയിട്ടുണ്ട്. പക്ഷേ 'കുചേലവൃത്തം വഞ്ചിപ്പാട്ടും അതിനു മുൻപും പിൻപും' എന്ന ലേഖനത്തിൽ കുമാരനാശാന്റെ കരുണ എന്ന കാവ്യത്തെ കുചേലവൃത്തം വഞ്ചിപ്പാട്ടിനോട് താരതമ്യപ്പെടുത്തിക്കൊണ്ട് പി. കെ. നടത്തിയ വിമർശനം വലിയ എതിർപ്പിനും ചർച്ചയ്ക്കും കാരണമായി. ഇതിനെ തുടർന്ന് പണ്ഡിത സദസ്സ്, കരുണയും കുചേലവൃത്തവും എന്നിങ്ങനെ രണ്ടു ഗ്രന്ഥങ്ങൾ തന്നെ മലയാളസാഹിത്യത്തിൽ ആവിർഭവിച്ചു. മറ്റു സമകാലികരെക്കുറിച്ച് അപൂർവ്വമായ ചില അഭിപ്രായ പ്രകടനങ്ങൾ നടത്തിയിട്ടുള്ളതല്ലാതെ ഗണ്യമായ വിമർശനത്തിനൊന്നും പി. കെ. തയ്യാറായിട്ടില്ല. ഒരു പക്ഷേ സമകാലിക കവിതയുമായി അഭിരമിക്കുന്നതായിരിക്കില്ല അദ്ദേഹത്തിന്റെ ഭാവുകത്വമെന്നതും അവയിൽ നിന്ന് മാറി നിന്നതിന് ഒരു കാരണമാകാം.

വിമർശനവുമായി ബന്ധപ്പെട്ട ഗണ്യമായ മറ്റു ചില സംഭാവനകൾ കൂടി പി. കെ. യിൽ നിന്നുണ്ടായിട്ടുള്ളത് വിസ്മരിക്കാനാവില്ല. ഒന്ന് പാഠനിരൂപണമാണ്. ഭാഗവതം കിളിപ്പാട്ടിനെ അപപാഠങ്ങളിൽ നിന്നു ദൂരീകരിച്ച് ശാസ്ത്രീയമായി പ്രസാധനം ചെയ്ത് അവതരിപ്പിച്ചത് മലയാള സാഹിത്യത്തിൽ Textual Criticism-ത്തിന്റെ രംഗത്ത് ഗൗരവാവഹമായി നടന്ന ആദ്യ സംരംഭമാണ്. 1905-ലാണ് ഈ പ്രസാധനം. 1903-ൽ ഇരുപത്തിനാലു വൃത്തത്തിന്റെ ഏതാനും ഭാഗങ്ങളും ഇത്തരത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഭാഗവതം പ്രസാധനത്തിന് എതിരേ അന്ന് രൂക്ഷമായ വിമർശനം ഉണ്ടാകാതിരുന്നില്ല. 'സാഹിത്യ സംബന്ധമായ ഒരു വ്യാജപ്രമാണം' എന്ന പേരിൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള പി. കെ. യെ -രൂക്ഷമായി വിമർശിച്ചു. ഒരു ശുദ്ധ പാഠ നിർണ്ണേതാവിന്റെ അധികാരത്തിൽ കവിഞ്ഞ രീതിയിലുള്ള ചില സ്വാതന്ത്ര്യങ്ങൾ ശുദ്ധപാഠനിർണ്ണയത്തിൽ പി. കെ. കൈക്കൊണ്ടത് ന്യായീകരിക്കാനുമാവില്ല. ആ കൃതിയുടെ കർത്തൃത്വത്തെ ചൊല്ലി പി. കെ. ഉന്നയിച്ച സംശയങ്ങളും വിമർശനത്തിനു കാരണമായി. പക്ഷേ പാഠവിമർശനത്തിന് (Textual Criticism) മലയാളത്തിലെ ഉത്തമമായ ആദ്യകാല മാതൃകയായി ആ പ്രസാധനം ഇന്നും നിലകൊള്ളുന്നു.

പി. കെ. യുടെ ഗണനീയമായ മറ്റൊരു സംഭാവന താരതമ്യ നിരൂപണ രംഗത്താണ്. ഏതു കൃതിയെ പരിശോധിച്ചാലും അതിനു മുൻകാലകൃതികളുമായുള്ള ബന്ധം നിർണ്ണയിക്കുകയെന്നത് അദ്ദേഹത്തിന്റെ ഒരു പ്രത്യേക സ്വഭാവമായിരുന്നു. സംസ്കൃതസാഹിത്യത്തിൽ വിപുലമായ ഗ്രന്ഥപരിചയം ഉണ്ടായിരുന്നതുകൊണ്ട് ഇതു ഫലപ്രദമായി നിർവ്വഹിക്കാനും അദ്ദേഹത്തിനു സാധിച്ചു. മലയാളത്തിലെ പ്രാചീന കവികൾക്ക് സംസ്കൃത സാഹിത്യത്തോട് എത്രമാത്രം ആധമർണ്യം ഉണ്ടായിരുന്നുവെന്ന് വരികളുദ്ധരിച്ചു തന്നെ തെളിയിക്കാനായി. കവികളുടെ കടപ്പാടുകൾ ചികഞ്ഞ് കണ്ടെത്തുന്നത് ഒരുതരത്തിൽ സാഹിത്യ ഗവേഷണവും കൂടിയാണല്ലോ.

---

# 9

## ഗവേഷകൻ

**പി.** കെ. യുടെ സാഹിത്യ ഗവേഷണം അനന്തരകാലികർക്ക് മാർഗ്ഗദർശകമായിത്തീർന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ ഗവേഷണ ഫലങ്ങൾ ഒട്ടുമിക്കതും അനന്തര കാലത്ത് അംഗീകരിക്കപ്പെടുകയും ചെയ്തു. ഒരു ഗവേഷകനാവശ്യമായ ജിജ്ഞാസയും അന്വേഷണ താത്പര്യവും യുക്തിസഹതയും സ്വതന്ത്ര ചിന്താശക്തിയും സത്യസത്പരതയും ചരിത്രബോധവും പാണ്ഡിത്യവും ഒക്കെത്തന്നെ അദ്ദേഹത്തിൽ ഇണങ്ങിച്ചേർന്നിരുന്നു. അദ്ദേഹത്തിന്റെ ഗവേഷണ ഫലമായി ചിരന്തനമായ പല വിശ്വാസങ്ങളും തിരുത്തി എഴുതപ്പെട്ടു. ചില ഉദാഹരണങ്ങൾ മാത്രമേ ഇവിടെ ചൂണ്ടിക്കാട്ടുന്നുള്ളൂ. ഭാഗവതം കിളിപ്പാട്ടിന്റെ കർത്താവ് തുഞ്ചത്തെഴുത്തച്ഛനാണെന്നായിരുന്നു പൊതുവെയുള്ള വിശ്വാസം. അതിലെ ദശമസ്കന്ധത്തിനു ശേഷമുള്ള ഭാഗം എഴുത്തച്ഛന്റേതല്ലെന്നാണ് പി. കെ. യുടെ കണ്ടെത്തൽ. ഇതിനുപോൽബലകമായ കൂടുതൽ തെളിവുകൾ പിന്നീട് പുറത്തു വന്നു. കുഞ്ചൻ നമ്പ്യാരുടെ ജീവചരിത്രപരമായ ഒട്ടനവധി വിവരങ്ങൾ പി. കെ. വെളിച്ചത്തു കൊണ്ടുവന്നു. പ്രാചീനങ്ങളായ ആറു തുള്ളൽ കൃതികൾ കണ്ടെടുത്ത് പ്രകാശിപ്പിക്കാനും അദ്ദേഹത്തിനു സാധിച്ചു. ഉത്തരരാമചരിതം കിളിപ്പാട്ടിന്റെ കർത്താവ് കുഞ്ചൻനമ്പ്യാരല്ലെന്നും എഴുത്തച്ഛനാണെന്നും തെളിയിച്ചു. കൃഷ്ണഗാഥാ കർത്താവ് ചെറുശ്ശേരി നമ്പൂതിരിയാണെന്ന് സ്ഥാപിച്ചത് പില്ക്കാലത്ത് സാർവ്വത്രികമായും അംഗീകരിക്കപ്പെട്ടു. ശ്രീരാമോദന്തം എന്ന കൃതിയുടെ അവസാനത്തിൽ കാണുന്ന ശ്ലോകത്തിന്റെ അർത്ഥമോ പ്രസക്തിയോ അജ്ഞാതമായിരുന്നു. അത് മേല്പത്തൂർ നാരായണഭട്ടതിരിയുടെ ധാതുകാവ്യത്തിലുള്ളതാണെന്നു കണ്ടെത്തിയിട്ട് അതിന്റെ അർത്ഥവും പ്രസക്തിയും പി. കെ. വിശദീകരിച്ചു. തുഞ്ചത്തെഴുത്തച്ഛന്റെ കാലവും കൃതികളും പി. കെ. നിർണ്ണയിച്ചതിന് വലിയ ഭേദഗതികളൊന്നും അനന്തരകാലികർ വരുത്തിയിട്ടില്ല.

# 10

# വൈയാകരണൻ - ഗദ്യകാരൻ

സാംസ്കാരിക സാമുദായിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പി. കെ. എഴുതിയ കൃതികളേയും ലേഖനങ്ങളേയും പറ്റി നേരത്തെ പ്രതിപാദിച്ചല്ലോ. ഇതുവരെ പ്രതിപാദിക്കാത്ത മറ്റു ഗദ്യകൃതികളെ അവലോകനം ചെയ്യുകയാണ് ഈ ഭാഗത്ത്. വ്യാകരണ ശാസ്ത്രത്തിൽ അസാമാന്യമായ പ്രതിപത്തി അദ്ദേഹത്തിനുണ്ടായിരുന്നു. ഉറക്കമിളച്ചിരുന്ന് **അഷ്ടാധ്യായി** വായിച്ചു രസിക്കത്തക്ക മനോഘടനയായിരുന്നു അദ്ദേഹത്തിന്റേതെന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. ഈ വ്യാകരണ പ്രതിപത്തി ഏതാനും വ്യാകരണ ഗ്രന്ഥങ്ങളുടേയും വ്യാകരണ ലേഖനങ്ങളുടേയും ഉത്പത്തിയ്ക്ക് കാരണമായി. അക്കൂട്ടത്തിൽ ഏറ്റവും പ്രൗഢമായ കൃതി **പ്രയോഗ ദീപിക**യാണ്. തെറ്റുകൂടാതെ മലയാളഭാഷ ഉപയോഗിക്കണമെന്നതും സംസ്കൃതത്തിലും മലയാളത്തിലും വ്യുത്പത്തിയ്ക്ക് ഉപകരിക്കണമെന്നതുമാണ് രചനാലക്ഷ്യം. ലിപിപ്രകരണം, സന്ധിപ്രകരണം, സ്ത്രീലിംഗപ്രകരണം ഇങ്ങനെ മൂന്നദ്ധ്യായങ്ങളാണു കൃതിയിൽ. ലിപിസന്ധ്യാദിവിഷയങ്ങളിൽ കടന്നു കൂടാനിടയുള്ള തെറ്റുകളെ ചൂണ്ടിക്കാട്ടി കാര്യകാരണസഹിതം തിരുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. സംസ്കൃത വ്യാകരണത്തിലും മലയാള വ്യാകരണത്തിലും ഒന്നുപോലെ അവഗാഹം നേടിയ ഒരാൾക്കു മാത്രമേ ഇത്തരമൊരു കൃതി രചിക്കാനാവൂ. സംസ്കൃതത്തിന്റെ വിപുലമായ സ്വാധീനത്തിന് വിധേയമായതോടെ മലയാളഭാഷയുടെ വ്യാകരണ കാര്യങ്ങളിലുണ്ടായ അവ്യവസ്ഥിതത്വം പരിഹരിക്കുന്നതിന് ഒരു വലിയ അളവു സഹായിച്ച കൃതിയാണ് പ്രയോഗ ദീപിക പണ്ഡിത ലോകത്ത് ഈ ഗ്രന്ഥം സജീവമായ ചർച്ചാ വിഷയമായി. പി. കെ. യുടെ ചില അഭിപ്രായങ്ങൾ ചോദ്യം ചെയ്യപ്പെട്ടു. പലതും വിവാദ വിഷയങ്ങളായി. ഈ വിവാദത്തിന്റെ പശ്ചാത്തലത്തിൽ സീതാരാമനെന്ന പ്രസിദ്ധ ഹാസ്യകവി 'പഞ്ചാസ്യവിക്രമം', 'പ്രയോഗയുദ്ധം' എന്നിങ്ങനെ രണ്ടു ഹാസ്യകവിതകൾ രചിച്ചിട്ടുണ്ട്. 'പഞ്ചാസ്യവിക്രമ'ത്തിൽ പി. കെ. യുടെ വിമർശകൻ പവനിൽ പുഴുക്കുത്തു തേടിപ്പിടിക്കുകയായിരുന്നുവെന്നു പറഞ്ഞു കാണുന്നു.



പ്രാഥമിക തലത്തിലും ഹൈസ്ക്കൂൾ തലത്തിലും ഉള്ള വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടത്തക്ക രീതിയിൽ രചിച്ച **ലഘുവ്യാകരണം**. **വ്യാകരണ പ്രവേശിക** എന്നീ രണ്ടു കൃതികൾ കൂടി അദ്ദേഹത്തിന്റെ പേരിൽ പ്രചരിക്കുന്നുണ്ട്. ജീവിതസായാഹ്നത്തിൽ പ്രൗഢങ്ങളായ ഏതാനും വ്യാകരണ ലേഖനങ്ങളും അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ആത്മകഥയെന്നു വിശേഷിപ്പിക്കാവുന്ന **സ്മരണമണ്ഡലം** അവസാനകാലത്തെഴുതിയ (1936-ൽ) ഒരപൂർണ്ണ കൃതിയാണ്. 1878 മുതൽ 1908-ൽ പി. കെ. അഭിഭാഷക വൃത്തിയിൽ പ്രവേശിക്കുന്നതുവരെയുള്ള കാലഘട്ടം ആദ്യത്തെ 13 അദ്ധ്യായങ്ങളിലായി പ്രതിപാദിതമായിട്ടുണ്ട്. 14-ാം അദ്ധ്യായം തന്റെ കാലഘട്ടത്തിലെ തിരുവിതാംകൂർ രാജകുടുംബത്തിന്റെ ചരിത്രവും 15-ാം അദ്ധ്യായം അവർണ്ണർക്ക് ക്ഷേത്രപ്രവേശനം അനുവദിച്ചതുൾപ്പെടെയുള്ള പുരോഗമന നടപടികൾ സ്വീകരിച്ച ചിത്തിര തിരുനാൾ മഹാരാജാവിന് 25 വയസ്സു തികഞ്ഞതു പ്രമാണിച്ചെഴുതിയ 5 ശ്ലോകങ്ങളുമാണ്. ഇത്രയുമാണ് ഒന്നാം ഭാഗത്തിൽ. രണ്ടാംഭാഗം അഭിഭാഷക വൃത്തിയിലെ സംഭവങ്ങൾ അയവിറക്കിക്കൊണ്ടാണാരംഭിക്കുന്നത്. ആ ഭാഗം ഏറെ മുന്നോട്ടു പോകുന്നതിനു മുൻപ് പി. കെ. കഥാവശേഷനായി. സംഭവബഹുലമായ പില്ക്കാല ജീവിതത്തിന്റെ സ്മരണകൾ അങ്ങനെ നമുക്കു നഷ്ടപ്പെട്ടു.

ഒരു ചരിത്രകാരന്റെ സൂക്ഷ്മതയോടെ പ്രധാന ജീവിതസംഭവങ്ങളെല്ലാം കാലാനുക്രമവും വസ്തുനിഷ്ഠവുമായി വിവരിക്കുന്ന സമ്പ്രദായമല്ല പി. കെ. സ്വീകരിച്ചിട്ടുള്ളത്. സ്വന്തം ജീവിതകഥയോടൊപ്പം അതുമായി നേരിട്ടു ബന്ധപ്പെടാത്തവയും സ്മൃതിമണ്ഡലത്തിൽ പൊന്തിവരുന്നവയുമായ സംഭവങ്ങൾ കൂടി സരസമായി ഇടകലർത്തി പ്രതിപാദനം നിർവ്വഹിക്കുന്ന ഒരു സമ്പ്രദായമാണ് ഇതിൽ സ്വീകരിച്ചിട്ടുള്ളത്. അമിതമായ വ്യക്തിനിഷ്ഠയിൽ നിന്നു മോചനം നേടാനും പഴയസമൂഹത്തിന്റെ സ്ഥിതി വിശേഷങ്ങളും നടപടിക്രമങ്ങളും സരസമായി വർണ്ണിക്കാനും ഇതുമൂലം അവസരം ലഭിച്ചു. സവിശേഷമായ പ്രതിപാദനവിധം കൊണ്ട് ഒരു കഥാഖ്യാനം പോലെ കൃതി ആകർഷകമായി ഭവിക്കുന്നു. വ്യക്തിപ്രകാശകങ്ങളായ വാങ്മയ ചിത്രങ്ങൾ കൃതിയിൽ നിരപ്പേ പ്രത്യക്ഷപ്പെടുന്നു. ചുറ്റുപാടും നാം കാണുന്ന ജീവിതം തന്മയത്വത്തോടെ ആവിഷ്കൃതമാകുമ്പോഴുള്ള ഒരു രസവും ചില വർണ്ണനകൾ ഉളവാക്കുന്നുണ്ട്. നർമ്മബോധവും ഫലിതപരിഹാസാദികളും കൃതിയിൽ ആദ്യന്തം നിറഞ്ഞു നില്ക്കുന്നു. അർത്ഥ തലത്തിൽ മാത്രമല്ല കൃതിയുടെ ഭാഷാതലത്തിലും ഈ ഫലിതരസം പ്രകടമാണ്. പ്രാസവും പ്രത്യേകതാളവും ഇണക്കി നിർമ്മി

ച്ചിട്ടുള്ള വാക്യഘടനയും ചില പ്രത്യേക പദങ്ങളുടെ അർത്ഥഭേദത്തോടു കൂടിയും അല്ലാതെയുമുള്ള ആവർത്തനങ്ങളും വികടപ്രയോഗങ്ങളും ഒക്കെ നർമ്മരസദ്യോതകങ്ങളായി മാറുന്നു. ഗദ്യകവിതയെന്നുതന്നെ കൃതിയെ വിശേഷിപ്പിക്കാം.

കൃതി അപൂർണ്ണമായതുകൊണ്ടു തന്നെ സംഭവബഹുലമായ അനന്തര ഭാഗത്തു നിന്നു സ്ഫുടമാകേണ്ട നായക വ്യക്തിത്വം വേണ്ടത്ര തെളിയാതെ പോയി. പൂർവ്വ ഭാഗത്തിലെ ചില പരാമർശങ്ങളുടെ വിശദീകരണം ഉത്തര ഭാഗത്തു നിന്നു ലഭിക്കേണ്ടതായുണ്ട്. അതും സാദ്ധ്യമാകാതെ വന്നു. ഇങ്ങനെ ചില തകരാറുകൾ ചൂണ്ടിക്കാട്ടാനുണ്ടെങ്കിലും മലയാളത്തിൽ അതിനു മുൻപുണ്ടായിട്ടുള്ള ആത്മകഥകളെ അപേക്ഷിച്ച് സ്മരണ മണ്ഡലം ലക്ഷണയുക്തമാണ്.

പി. കെ. യുടെ പരിചയ സീമയിൽ ഉൾപ്പെട്ടിരുന്നവരും പരേതരുമായ ആറേഴു പ്രമുഖ വ്യക്തികളെക്കുറിച്ച് അനുസ്മരണ സ്വഭാവമുള്ള ലേഖനങ്ങൾ അദ്ദേഹം പ്രസിദ്ധം ചെയ്തിട്ടുണ്ട്. അവയിൽ പലതും പരേതരുടെ വ്യക്തിത്വത്തെക്കുറിച്ചുള്ള സൂക്ഷ്മബോധം അനുവാചകരിൽ ഉളവാക്കാൻ പര്യാപ്തമായവയാണ്.

ഏതാനും ചെറുകഥകൾ പി. കെ. എഴുതിയിട്ടുണ്ടെങ്കിലും ഗണ്യമായ പ്രാധാന്യമൊന്നും അവയ്ക്കു നല്കേണ്ടതില്ല. പക്ഷേ അദ്ദേഹമെഴുതിയ ചില നർമ്മ ലേഖനങ്ങൾ ശ്രദ്ധേയങ്ങളായുണ്ട്. നർമ്മ രസത്തിന്റെ സാന്നിദ്ധ്യം വ്യാകരണ ലേഖനങ്ങളുൾപ്പെടെയുള്ള പി. കെ. യുടെ കൃതികളിലെല്ലാമുണ്ട്. പക്ഷേ ഇവയിൽ പോലും വിപുലമായ അന്വേഷണ പഠനങ്ങൾ നമുക്കു കാണാനാകും. ഉദാഹരണത്തിന് 'ശ്രീ നാരദൻ' എന്ന ലേഖനമെടുത്തു നോക്കിയാൽ അമരസിംഹൻ, മാഘൻ തുടങ്ങി പ്രാമാണികരായ ഒൻപതു സംസ്കൃത ഗ്രന്ഥകാരന്മാരുടേയും ഏതാനും പ്രമുഖ പാശ്ചാത്യ ഗ്രന്ഥകാരന്മാരുടേയും പേരെടുത്തു പറഞ്ഞിരിക്കുന്നതായി കാണാം. പതിനൊന്നോളം ആധികാരിക ഗ്രന്ഥങ്ങളെ ഉപജീവിച്ചിരിക്കുന്നു. പ്രാമാണിക ഗ്രന്ഥങ്ങളിൽ നിന്നുള്ള പതിന്നാലോളം ഉദ്ധരണികൾ കാണുന്നു. നർമ്മപ്രധാനമായ ഒരു ലേഖനത്തിന്റെ സ്ഥിതിയാണിത്. അത്തരം ലേഖനങ്ങൾ പോലും തികച്ചും ആധികാരികങ്ങളാണെന്നാണ് ഇതിനർത്ഥം. കവികളും കണക്കപ്പിള്ളമാരും, ശ്രീ നാരദൻ, കൊതുകും മൂട്ടയും, കൗസ്തുഭം തുടങ്ങിയ ലേഖനങ്ങളെ നർമ്മ പ്രധാനങ്ങളായി കണക്കാക്കാം.

പി. കെ. യുടെ ഗദ്യകൃതികളുടെ കൂട്ടത്തിൽ ഇനി പരിഗണിക്കേണ്ടത് ചരിത്രം, ശാസ്ത്രം എന്നീ വിഷയങ്ങളിലുള്ള ലേഖനങ്ങളെയാണ്.



ഇവയൊക്കെ സാഹിത്യഗുണം ഉള്ളവയുമാണ്. ചില ചരിത്രകഥകളും അദ്ദേഹം രചിച്ചിട്ടുണ്ട്. ഇന്ത്യാചരിത്രം, വിജയനഗര സാമ്രാജ്യചരിത്രം, കേരളചരിത്രം എന്നീ വിഭാഗങ്ങളിലുൾപ്പെടുത്താവുന്നവയാണ് അദ്ദേഹത്തിന്റെ ചരിത്ര ലേഖനങ്ങൾ. 'ഭാരതീയ നാട്ടുരാജ്യങ്ങൾ - ചില ചരിത്ര സാക്ഷ്യങ്ങൾ' എന്ന ലേഖനം ഭാരതീയ നാട്ടുരാജ്യങ്ങളുടെ സ്ഥാനവും ബ്രിട്ടീഷു ഗവൺമെന്റുമായുള്ള ബന്ധത്തിന്റെ സ്വഭാവവും ചർച്ചാ വിഷയമാക്കുന്ന ഒന്നാണ്. അധീശശക്തിയും നാട്ടുരാജ്യങ്ങളുമായുള്ള ഉടമ്പടി വ്യവസ്ഥകളെ അധീശശക്തി തന്നിഷ്ടത്തിനനുസരിച്ച് വ്യാഖ്യാനിക്കുന്നതും തന്നിമിത്തം നാട്ടുരാജ്യങ്ങൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങളും സോദാഹരണം അതിൽ വ്യക്തമാക്കിയിരിക്കുന്നു.

വിജയനഗര സാമ്രാജ്യത്തിന്റെ ചരിത്രം പി. കെ. സാമാന്യം നന്നായി പഠിച്ചിരുന്നു. മൂന്നു നാലു ലേഖനങ്ങൾ ഇതുമായി ബന്ധപ്പെട്ട് അദ്ദേഹം രചിച്ചിട്ടുണ്ട്. ചരിത്രരേഖകളും ബന്ധപ്പെട്ട സാഹിത്യകൃതികളും പരിശോധിച്ചിട്ടുണ്ട്. ആ സാമ്രാജ്യത്തിന്റെ തണലിൽ ജന്മംകൊണ്ട സാഹിത്യകൃതികളെക്കുറിച്ചും അദ്ദേഹം പ്രത്യേക പഠനം നടത്തിയിരിക്കുന്നു. എസ്സ്. കൃഷ്ണസ്വാമി അയ്യങ്കാരുടെ *The Source of Vijaya Nagar History* എന്ന കൃതി ഈ വിഷയസംബന്ധമായി പി. കെ. യിൽ പ്രേരണ ചെലുത്തിയിരുന്നിരിക്കാൻ സാദ്ധ്യതയുണ്ട്.

കേരള ചരിത്രവുമായി ബന്ധപ്പെട്ട ലേഖനങ്ങൾ തികച്ചും മൗലികങ്ങളാണ്. കേരളവർമ്മ വലിയകോയിത്തമ്പുരാനെ തടവിലാക്കിയതിനേയും സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയതിനെയും താരതമ്യം ചെയ്തുകൊണ്ട്, വാദി വിധികർത്താവാകരുതെന്ന നീതിന്യായ സങ്കല്പത്തെ വകവയ്ക്കാതെ ഉണ്ടായിട്ടുള്ളതാണ് ആ രണ്ടു ശിക്ഷകളെന്നു സ്ഥാപിക്കുന്ന 'അന്യാദൃശങ്ങളായ രണ്ടു രാജശിക്ഷകൾ' പി. കെ. യുടെ നീതിബോധത്തെയും ഉത്പതിഷ്ണുത്വത്തേയും വ്യക്തമാക്കുന്ന ഒന്നാണ്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുമായി സുഖകരമായ വ്യക്തിബന്ധമായിരുന്നില്ല പി. കെ. യ്ക്കുണ്ടായിരുന്നതെങ്കിലും സ്വദേശാഭിമാനിയെ നാടുകടത്തിയതിലെ അനീതി അദ്ദേഹം കാണാതിരിക്കുന്നില്ല. അമ്പലപ്പുഴ ക്ഷേത്രത്തിലെ പ്രാചീനമായ ഉത്സവക്രമങ്ങളെപ്പറ്റി വിവരിക്കുന്ന മറ്റൊരു ലേഖനവും പ്രാധാന്യമുള്ളതാണ്. തിരുവനന്തപുരം, വീരരാഘവപ്പട്ടയം, നീതിന്യായ വിചാരം തുടങ്ങിയ ലേഖനങ്ങളും പ്രാധാന്യമർഹിക്കുന്നവയാണ്.

നവീന ശാസ്ത്രവിജ്ഞാനത്തെ ജനമദ്ധ്യത്തിലേയ്ക്കെത്തിയ്ക്കാനുള്ള ബോധപൂർവ്വമായ ശ്രമം 20-ാം ശതകാരംഭത്തിൽ കേരളത്തിലുണ്ടായിരുന്നു.

കോളേജു വിദ്യാഭ്യാസം സിദ്ധിച്ചവരായിരുന്നു അതിനു മുന്നിട്ടു നിന്നു പ്രവർത്തിച്ചിരുന്നത്. സാങ്കേതികപദങ്ങൾ മലയാളത്തിലോട്ട് തർജ്ജമ ചെയ്യാനുള്ള ശ്രമങ്ങളും അന്നു നടന്നു. പി. കെ. ഒരു ശാസ്ത്രവിദ്യാർത്ഥി യായിരുന്നല്ലോ. ജീവശാസ്ത്രം, ഭൗതികശാസ്ത്രം, രസതന്ത്രം, ഖഗോള ശാസ്ത്രം, ഭൂമിശാസ്ത്രം, മുതലായ ശാസ്ത്രശാഖകളിൽ ഉൾപ്പെടുന്ന വിഷയങ്ങളെ അധികരിച്ച് അദ്ദേഹം ലേഖനങ്ങളും കൃതികളും രചിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കു വേണ്ടി സിലബസ്സനുസരിച്ചു രചിച്ച ഒരു കൃതിയാണ് മദ്രാസ്സ് പ്രസിഡൻസിയുടെ ഭൂമിശാസ്ത്രം പി. കെ. യുടെ ശാസ്ത്ര ലേഖനങ്ങൾ വിജ്ഞാനപ്രദങ്ങളും രസനീയങ്ങളുമാണ്. പ്രതിപാദ്യ വിഷയത്തിൽ സൂക്ഷ്മജ്ഞാനം ആർജ്ജിച്ചിരുന്നതുകൊണ്ട് ആശയ കാലുഷ്യം അവയെ സ്പർശിച്ചിട്ടില്ല. പക്ഷേ 20-ാം ശതകത്തിന്റെ ആദ്യ ശതകങ്ങളിൽ നിന്നും ശാസ്ത്രം ഇന്ന് ഏറെ വളർന്നു. അതുകൊണ്ടു തന്നെ പി. കെ. പ്രതിപാദിക്കുന്ന ശാസ്ത്രകാര്യങ്ങൾ ഇന്ന് അതിസാധാരണ ങ്ങളോ പഴഞ്ചനോ ഒരു പക്ഷേ പുറന്തള്ളപ്പെട്ടവ തന്നെയോ ആയെന്നു വരാം. ഈ ന്യൂനത ശാസ്ത്രീയകാര്യങ്ങൾ പ്രതിപാദിക്കുന്ന ഏതൊരു ലേഖനത്തിനും കാലക്രമേണ സംഭവിക്കാവുന്ന ദുര്യോഗവുമാണ്. പി. കെ. യുടെ ലേഖനങ്ങൾക്ക് ആശയകാലഹരണം സംഭവിച്ചാലും പ്രചാരലോപം ഉണ്ടാവുകയില്ല. ചില ടെക്നിക്കുകൾ ഉപയോഗിച്ച് അദ്ദേഹം അവയെ നിത്യശോഭാകരങ്ങളാക്കിയിരിക്കുന്നു. ചില പ്രശ്ന ങ്ങളെ അവതരിപ്പിച്ച് അവയ്ക്ക് ശാസ്ത്രീയവും സരസവുമായ രീതി യിലൂടെ ഉത്തരം കണ്ടെത്തുന്ന രീതിയിലാണ് ചില ലേഖനങ്ങൾ. 'മാലതീ മാധവം നാടകത്തിലെ ചവർപ്പുള്ളതും ശീതളവുമായ ആമോദം' എന്ന പ്രയോഗം അനൗചിത്യമാണോ എന്ന പ്രശ്നത്തിന്റെ പരിശോധനയെന്ന നിലയിലാണ് 'ഗന്ധസംബന്ധമായ ചിന്തകൾ' എന്ന ലേഖനം രചിച്ചിരി ക്കുന്നത്. ഭാരതീയ സിദ്ധാന്തങ്ങളേയും സങ്കല്പങ്ങളേയും പുരാണകഥ കളേയും ആധുനിക ശാസ്ത്രവിജ്ഞാനവുമായി യുക്തികൊണ്ടും ഭാവന കൊണ്ടും ബന്ധിപ്പിക്കുന്ന രീതിയിലുള്ള ലേഖനങ്ങളുമുണ്ട്. വിഷയ ത്തിന്റെ വൈദേശിക സ്വഭാവത്തെ ലഘൂകരിച്ച് നർമ്മ രസത്തിലൂടെ അനുവാചകനെ പ്രതിപാദ്യവുമായി അടുപ്പിക്കാൻ ഇതു സഹായകമാണ്. സൂര്യന്റെയും വരുണന്റെയും വീര്യം, ഘടത്തിൽ സംഘടിച്ച് അഗസ്ത്യനു ണ്ടായെന്നും ആ അഗസ്ത്യൻ സമുദ്രം കുടിച്ചുവറ്റിച്ചെന്നുമുള്ള കഥയെ തീയും വെള്ളവും ചേരുമ്പോഴുണ്ടാകുന്ന ആവി ഉപയോഗിച്ച് കപ്പലുക ളോടിച്ച് സമുദ്രതരണം ചെയ്യുന്ന രീതിയുമായി സമന്വയിപ്പിച്ചിരിക്കുന്നത് ഒരുദാഹരണം. അലംകൃതമായ ഭാഷാശൈലി, നൂതനകല്പനകൾ,



അപൂർവ്വങ്ങളായ പദങ്ങളുടെ സന്നിവേശം, പ്രാസഭംഗി തുടങ്ങിയവ കൊണ്ട് ആ ലേഖനങ്ങളെ ആകർഷകങ്ങളാക്കിത്തീർക്കുന്നു.

**പ്രശ്നം, മുണ്ഡകം, മാണ്ഡൂക്യം, കേനം, കാഠകം, ഐതരേയം, ഈശാവാസ്യം, തൈത്തിരീയം, ഛാന്ദോഗ്യം, ബൃഹദാരണ്യകം** എന്നീ ഉപനിഷത്തുകളെ പി. കെ. യും മഹോപാദ്ധ്യായൻ എൻ. രാമൻപിള്ളയും ചേർന്ന് ശങ്കരഭാഷ്യസഹിതം മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തി ട്ടുണ്ട്. മലയാള ലിപിയിൽ മന്ത്രം, പദം തിരിച്ചുള്ള അർത്ഥം, ഭാഷ്യം, ചിലേടത്ത് ആവശ്യമായ അടിക്കുറിപ്പുകൾ ഇതാണു വിവർത്തനത്തിന്റെ ക്രമം. ഇതിനുപുറമേ **പരമാർത്ഥസാരം** എന്ന വേദാന്തഗ്രന്ഥത്തിനു വിശദമായ ഒരു വ്യാഖ്യാനവും പി. കെ. രചിക്കാനാരംഭിച്ചു. പക്ഷേ അതു പൂർത്തിയായതായറിവില്ല.

# 11

# കവി

ഗദ്യകാരനെന്ന നിലയിൽ ഏറെ പ്രസിദ്ധനായ പി. കെ. ഒരു നല്ല കവിയും കൂടിയായിരുന്നു. അദ്ദേഹം ജീവിച്ചിരുന്ന കാലത്തുതന്നെ രണ്ടു പദ്യകൃതികൾ പുസ്തകരൂപത്തിൽ പ്രകാശിപ്പിച്ചിട്ടുണ്ട്. 1918-ൽ (1093 ME) പ്രസിദ്ധപ്പെടുത്തിയ **ശ്രീമൂലമുക്താവലിയും** 1934-ൽ പ്രസിദ്ധപ്പെടുത്തിയ **കാവ്യമേഖലയും**. മറ്റു പദ്യകൃതികൾ ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെ പുറത്തു വന്നവയാണ്. ഈ ലേഖകൻ തന്നെ അദ്ദേഹത്തിന്റെ കിട്ടാവുന്നിടത്തോളമുള്ള പദ്യകൃതികൾ സമാഹരിക്കുകയും പി. കെ. യുടെ പുത്രൻ T. N. K. നായർ 1995-ാമാണ്ട് **കാവ്യമേഖല** എന്ന പേരിൽ തന്നെ അതു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

സാഹിത്യ സാമ്രാജ്യത്തിലേയ്ക്ക് പ്രവേശനം മുൻകാലത്ത് കവിയ്ക്കു മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആധുനിക കാലഘട്ടത്തെ അപേക്ഷിച്ച് കവിതയോടുള്ള താത്പര്യവും കാവ്യരചനാ സാമർത്ഥ്യവും മുൻകാലങ്ങളിൽ കൂടുതലായിരുന്നു. പദ്യരചന കുറേക്കൂടി സാർവ്വത്രികവുമായിരുന്നു. വിവാഹമംഗളാശംസകൾ, പിറന്നാൾ മംഗളാശംസകൾ തുടങ്ങിയവ മാത്രമല്ല കത്തിടപാടുകൾ പോലും അന്ന് പലപ്പോഴും പദ്യത്തിലായിരുന്നു. സാഹിത്യരംഗത്തേയ്ക്കുള്ള പ്രവേശനത്തിന്റെ പ്രഥമ സ്ഫുരണങ്ങൾ ശ്ലോകനിർമ്മിതിയിലൂടെയാണ് ദൃശ്യമായിരുന്നത്. ജന്മായത്തമായ സർഗ്ഗവൈഭവം ഉണ്ടായിരുന്ന പി. കെ. യും ബാല്യകാലം മുതൽ തന്നെ പദ്യരചനയിൽ സാമർത്ഥ്യം പ്രകടമാക്കിയിരുന്നു. അദ്ദേഹത്തിന്റെ ബാല്യകാല കവിതകളെക്കുറിച്ചുള്ള ചില വിവരങ്ങൾ വി. കെ. ഗോപാലൻ നായർ എഴുതിയ **സാഹിത്യപഞ്ചാനനൻ പി.കെ. നാരായണപിള്ള അഥവാ ആയുഷ്കാലചിന്തകൾ** എന്ന കൃതിയിൽ നിന്നും പി. കെ. പരമേശ്വരൻ നായർ എഴുതിയ ജീവചരിത്രത്തിൽ നിന്നും പി. കെ. യുടെ തന്നെ **സ്മരണമണ്ഡലത്തിൽ** നിന്നും ലഭിക്കുന്നു.

ബാല്യകാലകവിതകൾ ഏറെയും വിനോദത്തിനുവേണ്ടിയും സഹപാഠികൾ തമ്മിലുള്ള മത്സരത്തിന്റെ ഫലമായും ജന്മം കൊണ്ടിട്ടുള്ള



വയാണ്. സതീർത്ഥ്യരെ കളിയാക്കിക്കൊണ്ടുള്ള കവിതകൾ പലതും അക്കാലത്തു രചിച്ചിട്ടുണ്ട്. അവയിൽ ചിലതിൽ നിന്നും പില്ക്കാലത്ത് ഉദ്ധരിക്കപ്പെട്ട വരികൾ മാത്രമേ ഇന്നു ശേഷിക്കുന്നുള്ളൂ. അക്കാലത്തെ രചനകൾ പലതും പരിചിതമായ തുള്ളൽകൃതികളുടെ രീതിപിടിച്ചുള്ളവയാണ്. അക്കാലത്തു പുറത്തുവന്ന പ്രൗഢകൃതിയായ **മയൂരസന്ദേശ**ത്തിന്റെ ഹാസ്യാനുകരണമെന്നു കരുതാവുന്ന **കാകസന്ദേശം** എന്നൊരു കൃതിയും ബാല്യത്തിൽ പി. കെ. രചിച്ചതായി കാണുന്നു. കവി തന്നെ അതിനെ നശിപ്പിക്കുകയും ചെയ്തു. തുള്ളൽ കൃതികളുമായുള്ള ഗാഢപരിചയവും **യുധിഷ്ഠിരവിജയം** പോലുള്ള സംസ്കൃത കൃതികളുടെ അഭ്യസനവും പി. കെ. യ്ക്ക് അസാമാന്യമായ പദസ്വാധീനം ഉളവാക്കിക്കൊടുത്തു. ഇത് കവിതാവാസനയേയും രചനാസാമർത്ഥ്യത്തേയും പോഷിപ്പിച്ചു. പൊതുവേ ബാല്യകാല കവിതകളിലെ കടുംവർണ്ണത്തിലുള്ള ഹാസ്യം പരാക്ഷേപതൃഷ്ണ തീണ്ടാത്ത നേർത്ത നർമ്മബോധമായി അനന്തരകാലത്തെ സൃഷ്ടികളിൽ രൂപം മാറുന്നു. ഹൈസ്ക്കൂൾ വിദ്യാഭ്യാസകാലത്തു തന്നെ പദ്യത്തിൽ നിന്നും ഗദ്യത്തിലേയ്ക്ക് ചുവടു മാറ്റിച്ചവിട്ടിയെങ്കിലും പൂർണ്ണമായും കവിതയോട് വിട പറഞ്ഞില്ല. ഇടവിട്ടിടവിട്ടും ഏറിയും കുറഞ്ഞും മലയാളത്തിലും സംസ്കൃതത്തിലും പി. കെ. യുടെ കവിതാസപര്യ അന്ത്യകാലം വരെ തുടർന്നുപോയി. പക്ഷേ ഗൗരവാവഹമായ ഒരു സാഹിത്യപ്രവർത്തനമായി സ്വന്തം കവിതാരചനയെ അദ്ദേഹം കണക്കാക്കിയിരുന്നില്ല.

മൂലം തിരുനാൾ മഹാരാജാവിന്റെ ഷഷ്ടിപൂർത്തി പ്രമാണിച്ച് 1917-ൽ മഹാരാജാവിന് സമർപ്പിച്ച കൃതിയാണ് **ശ്രീമൂലമുക്താവലി** വസ്തുനിർദ്ദേശരൂപമായിട്ടാണ് കാവ്യാരംഭം. കേരളഭൂമിയുടെ ഉത്പത്തിയെപ്പറ്റിയുള്ള ഐതിഹ്യം, കേരളഭൂമിയുടെ ഐശ്വര്യം, മുൻരാജാക്കന്മാരുടെ ഭരണം, തലസ്ഥാനത്തിന്റെ മഹത്വം, രാജകുടുംബത്തിലെ സന്തോഷകരവും ദുഃഖകരവുമായ സംഭവങ്ങൾ, ഭരണപരിഷ്കാരങ്ങൾ, നാടിന്റെ അഭിവൃദ്ധി തുടങ്ങി നാനാ കോടികളെ സ്പർശിച്ചുകൊണ്ടുള്ള 121 ശ്ലോകങ്ങളാണ് കാവ്യത്തിൽ, പൊതുവേ കാഠിന്യമേറിയ ഒരു ഭാഷാശൈലിയാണ് പ്രമുഖ പദ്യകൃതികളിൽ പി. കെ. സ്വീകരിച്ചു കാണുന്നത്. രാജസ്തുതിപരമായ കാവ്യമാണെങ്കിലും ഉന്നതമായ ഒരു നിഷ്പക്ഷത കവി ദീക്ഷിച്ചിട്ടുണ്ടെന്നു തോന്നുന്നു. കാവ്യത്തെ സൂക്ഷ്മമായി വായിച്ചു പഠിക്കാനുദ്യമിക്കുന്ന പണ്ഡിതന്മാർക്കു മനസ്സിലാകത്തക്ക രീതിയിൽ. അപ്രിയവും നായകോല്ക്കർഷത്തിനു വിഘാതവുമായ സത്യങ്ങളെ പരോക്ഷമായും, വിദഗ്ദ്ധമായും കവി ചില ശ്ലോകങ്ങളിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. ഈ

കാവ്യം വായിച്ച് കവിക്ക് വീരശൃംഖല കൊടുക്കണമെന്നു കരുതിയ രാജാവ് ചില ശ്ലോകങ്ങളുടെ ഗൂഢാർത്ഥം മനസ്സിലാക്കിയതോടെ തന്റെ നിലപാടു മാറ്റി സമ്മാനത്തെ ഒരു മോതിരത്തിലൊതുക്കിയതായി കേട്ടിട്ടുണ്ട്. അന്ധമായ സ്തുതിയാകാതെ രസഭംഗം വരാത്തതരത്തിൽ തന്നെ നിഷ്പക്ഷഭാവം നിലനിർത്താൻ കവിയ്ക്കു കഴിഞ്ഞിരിക്കുന്നു.

പി. കെ. യുടെ അസാധാരണമായ മറ്റൊരു കാവ്യമാണ് **കിമപികാവ്യം**. കാവ്യസംജ്ഞയിൽ തന്നെ ഒരുതരം അസാധാരണത്വം കാണാം. എന്തെന്നില്ലാത്ത ഒരു കാവ്യം എന്നാവണം സംജ്ഞാർത്ഥം. മഹാകാവ്യമാണോ ഖണ്ഡകാവ്യമാണോ എന്നു വ്യവച്ഛേദിക്കാനാകാത്ത തരത്തിൽ കാവ്യത്തിന്റെ രൂപവിഷയകമായ അനിർണ്ണീതാവസ്ഥയെ ദ്യോതിപ്പിക്കുന്നതാണോ ഈ കാവ്യസംജ്ഞയെന്നും സംശയിക്കേണ്ടിയിരിക്കുന്നു. മഹാകാവ്യത്തിന്റെ രൂപരേഖയാണു കാവ്യത്തിൽ കാണുന്നതെങ്കിലും ലക്ഷണയുക്തമായ മഹാകാവ്യരചനയ്ക്ക് കവി ഉദ്യുക്തനായതാണെന്നു തീർത്തു പറയാനാവില്ല. ആരംഭത്തിൽ വന്ദന ശ്ലോകങ്ങൾക്കുശേഷം നർമ്മരസം തുളുമ്പുന്ന രീതിയിൽ സാങ്കല്പികമായ കാവ്യരചനാഹേതു കവി വിശദീകരിക്കുന്നു. മുജ്ജന്മത്തിലെ ചില സംഭവങ്ങളാണ് ഇങ്ങനെ ഒരു കാവ്യം രചിക്കുന്നതിന് കാരണമായത്. ഒരു താപസശ്രേഷ്ഠൻ രചിച്ച കാവ്യത്തെപ്പറ്റി, കഴിഞ്ഞ ജന്മത്തിൽ, ആത്മാർത്ഥമായി തനിക്കു തോന്നിയ അഭിപ്രായം പ്രകടിപ്പിച്ചുവെന്നും അതിഷ്ടപ്പെടാത്ത താപസൻ 'സ്ത്രീ പ്രധാനമായ ഭൂമിയിൽ പാമരമൗലിയായി ഭാഷണം കൊണ്ട് വയറു നിറയ്ക്കുന്നവനായി അടുത്ത ജന്മം ജനിക്കട്ടെ' എന്നു ശപിച്ചുവെന്നും ശാപമോക്ഷം അർത്ഥിച്ചപ്പോൾ ശാപപദങ്ങളുടെ ശ്ലേഷാർത്ഥപ്രകാരമുള്ള ഫലം അനുഭവിച്ച് രക്ഷപ്പെടുമെന്നനുഗ്രഹിച്ചുവെന്നുമാണ് മുജ്ജന്മകഥ. സ്ത്രീപ്രധാനമായ മരുമക്കത്തായ ദായക്രമം നിലവിലുള്ള സമൂഹത്തിൽ, പോരാത്തതിന് സ്ത്രീ ഭരിക്കുന്ന സന്ദർഭത്തിൽ, വഞ്ചിഭൂമിയിൽ (പാമര ശബ്ദത്തിന് വള്ളത്തിൽ പായ്കെട്ടാൻ നിർത്തുന്ന തടിയെന്നും - അർത്ഥമുണ്ട്.) ഭാഷണം കൊണ്ടുപജീവനം നയിക്കുന്ന അഭിഭാഷകനായി ജനിച്ച് ശാപമോക്ഷം നേടുമെന്നാണ് ശ്ലേഷാർത്ഥം. സ്ത്രീകളെക്കുറിച്ചുള്ള അനാദരവ് ശരിയല്ലെന്നും ആ പാപക്ഷയത്തിനായി വധൂഗുണമയമായ കാവ്യം രചിക്കണമെന്നും താപസൻ ഉപദേശിച്ചു. അതാണ് ഈ കാവ്യത്തിന്റെ ഉത്പത്തിഹേതു. തുടക്കത്തിലെ ഈ വിനോദ രസ പ്രചുരിമ കാവ്യം മുമ്പോട്ടു പോകുന്നതോടെ ഗൗരവഭാവം കൈക്കൊള്ളുന്നു. ഒരുപക്ഷേ മഹാകാവ്യ പ്രസ്ഥാനത്തെ കളിയാക്കാൻ വേണ്ടി എഴുതിത്തുടങ്ങിയ കാവ്യം മുമ്പോട്ടു പോയപ്പോൾ ലക്ഷ്യം മാറിയതാവാം. കാവ്യം അപൂർണ്ണമായതു



കൊണ്ട് കൃത്യമായ ഒരു വിധിത്തീർപ്പ് ഇക്കാര്യത്തിൽ സാദ്ധ്യവുമല്ല. മൂന്നു സർഗ്ഗവും നാലാം സർഗ്ഗത്തിൽ 44 ശ്ലോകവും രചിച്ചിട്ടുണ്ട്. കവിയുടെ ജന്മദേശവുമായി ബന്ധപ്പെട്ട ഒരു ചരിത്ര കഥയാണ് ഇതിവൃത്തമായി സ്വീകരിച്ചിട്ടുള്ളത്. കായംകുളം രാജാവും വേണാട്ടു രാജാവായിരുന്ന മാർത്താണ്ഡവർമ്മയും തമ്മിൽ നടക്കുന്ന യുദ്ധത്തിൽ കായംകുളത്തെ സഹായിക്കാൻ അമ്പലപ്പുഴ രാജാവ് ഗൂഢമായി ഒരു സൈനിക സംഘത്തെ നിയോഗിച്ചതും ആ സംഘത്തലവന്റെ കാമുകിയെ അമ്പലപ്പുഴ രാജാവ് ബലാല്ക്കാരമായി വശത്താക്കാൻ ശ്രമിച്ചതും അവൾ രക്ഷപ്പെട്ട് മാർത്താണ്ഡവർമ്മയുടെ സംരക്ഷണയിൽ എത്തിച്ചേർന്നതുമായ ഒരു കഥയാണ് കാവ്യപ്രമേയം. ഇനിയും വളരെ ഭാഗങ്ങൾ കൂടി എഴുതിയെങ്കിലേ ഇതിവൃത്തത്തിന് സാമാന്യമായ ഒരു പരിണതി ഉണ്ടാവുകയുള്ളൂ.

മഹാകാവ്യത്തിന്റെ അടിത്തറയാണ് പൊതുവേ ദൃശ്യമാകുന്നത്. സാമാന്യം ദീർഘവും സങ്കല്പസുഷ്ടവുമായ ആമുഖം, ചരിത്രേതിവൃത്തം, സർഗ്ഗാന്തത്തിലെ വൃത്തമാറ്റം, രസവൈവിദ്ധ്യം എന്നിവയൊക്കെയുണ്ട്. ചന്ദ്രോദയം, സൂര്യോദയം, യുദ്ധം, രാജമന്ത്രണം, ദൂതസംപ്രേഷണം തുടങ്ങി മഹാകാവ്യലക്ഷണങ്ങളിൽ ഉൾപ്പെടുന്ന പലതും എഴുതിയെടത്തോളം ഭാഗത്തു തന്നെ കാണാം.

മലയാളത്തിലെ പ്രാചീനകവീശ്വരന്മാരായ തുഞ്ചത്തെഴുത്തച്ഛനും, ഉണ്ണായിവാര്യരും, കുഞ്ചൻ നമ്പ്യാരും സ്വർഗ്ഗത്തിൽ ഒന്നിച്ചുകൂടി കേരളത്തിലെ നവീന സ്ഥിതിഗതികളെപ്പറ്റിയുള്ള സ്വാഭിപ്രായം, പ്രകടിപ്പിക്കുന്ന രീതിയിൽ ദ്രാവിഡ വൃത്തത്തിൽ എഴുതിയ ഒരു കവിതയാണ് 'ഒരു സ്വർഗ്ഗ്യ സമാഗമം' 1930-ൽ ആണിതിന്റെ രചന. ആ പ്രാചീന കവീശ്വരന്മാരുടെ ശൈലിയെ രൂപതലത്തിലും ഭാവതലത്തിലും അതിവിദഗ്ദ്ധമായി അനുകരിക്കാൻ പി. കെ. യ്ക്കു കഴിഞ്ഞു.

1929-ൽ പ്രസിദ്ധപ്പെടുത്തിയ സാഹിത്യചരിത്ര പ്രാധാന്യമുള്ള മറ്റൊരു കവിതയാണ് ഭേകഗാഥ'. സമകാലിക കവികളും പി. കെ. യുമായുള്ള അഭിപ്രായ വ്യത്യാസം മൂർച്ഛിച്ചിരുന്ന ഒരു കാലഘട്ടത്തിൽ കാവ്യഗുണമില്ലാതെ ധാരാളമായി ആവിർഭവിച്ച ഖണ്ഡകാവ്യങ്ങളെ പരിഹസിച്ചുകൊണ്ടും അവയുടെ തള്ളിക്കയറ്റത്തെ നിയന്ത്രിക്കാൻ വേണ്ടിയും രചിച്ച കവിതയാണിത്. കുളത്തിൽ നീർക്കോലി തവളയെപ്പിടിക്കുന്നതാണ് വിഷയം. രൂക്ഷമായ പരിഹാസമാണ് കൃതിയിൽ നിറഞ്ഞു നിൽക്കുന്നത്. ദ്രാവിഡ വൃത്തത്തിലാണ് രചന. ഖണ്ഡന വിമർശന സ്വഭാവമുള്ള ബർലസ്കിന്റെ കൂട്ടത്തിൽ ഇതിനെ ഉൾപ്പെടുത്താം.

വെറും നേരം പോക്കിനുവേണ്ടി രചിച്ച മറ്റൊരു കവിതയാണ് 'കൈലാസദർശനം'. ഊണിൽ ഗണപതിയോടു മത്സരിക്കാനായി ആഗ്രഹിച്ച ഒരു നമ്പൂതിരിയെ ദേവർഷികൾ കൈലാസത്തിലെത്തിക്കുന്നതും ഉമാമഹേശ്വരന്മാരെ ദർശിക്കാൻ ശ്രമിച്ച ആ സാഹസികനെ നന്ദികേശ്വരൻ തൂക്കിയെടുത്തെറിയുന്നതുമാണ് ഇതിവൃത്തം. പഴയ ചില ഐതിഹ്യങ്ങളെ സംയോജിപ്പിച്ചാണ് ഇതിവൃത്തം രൂപപ്പെടുത്തിയിരിക്കുന്നത്. നർമ്മരസപ്രധാനമായ ഇതിവൃത്തത്തെ പ്രതിപാദന വിധം കൊണ്ട് കുറേക്കൂടി ഹാസ്യാത്മകമാക്കാൻ പി. കെ. യ്ക്കു കഴിഞ്ഞിട്ടുണ്ട്.

വൃഷ്ടിവിംശതിയെന്ന മറ്റൊരു കൃതി വർഷകാല വർണ്ണനയാണ്. വർഷകാലത്തെ പോലെ തന്നെ പ്രചണ്ഡവും, കോമളവും സ്ഫുടവും ശാവും ദുർഘടവും ഒക്കെയായ ശൈലി ഇടകലർത്തി രചിച്ചിട്ടുള്ളതാണിത്. ഘടകർപ്പരന്റെ വർഷകാല വർണ്ണനയുള്ള കാവ്യം കാണുന്നതിനു മുൻപാണ് താനിതു രചിച്ചതെന്ന് അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്.

ഇവയ്ക്കു പുറമേ, ക്രിസ്തുഭഗവാൻ പീലാത്തോസിന്റെ മുൻപിൽ നില്ക്കുന്ന രംഗത്തെ ചിത്രീകരിച്ചു കൊണ്ട് ഒരു കവിതയും പി.കെ. ദ്രാവിഡ വൃത്തത്തിൽ രചിച്ചിട്ടുണ്ട്. പല സന്ദർഭങ്ങളിലായി രചിച്ച കുറേ മംഗള ശ്ലോകങ്ങളും ആശംസകളും ചരമ ശ്ലോകങ്ങളും കൂടി അദ്ദേഹത്തിന്റെ മലയാളത്തിലുള്ള കവിതകളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു.

സംസ്കൃത വൃത്തത്തിലെഴുതിയ കൃതികളിൽ പൊതുവേ അതികഠിനമായ ഒരു ഭാഷാശൈലിയാണ് സ്വീകരിച്ചു കാണുന്നത്. അതിലളിതമായി എഴുതാനറിയാഞ്ഞിട്ടല്ല, അങ്ങനെയുള്ള മനോഹര ശ്ലോകങ്ങൾ ഗണ്യമായ തോതിലുണ്ടുതാനും. എന്നാലും പാണ്ഡിത്യത്തിന്റെ മിന്നലാട്ടം ഇല്ലാതെ കവിതയ്ക്കു സ്വാദുണ്ടാവില്ലെന്ന പക്ഷക്കാരനാണ് പി. കെ. അദ്ദേഹമെഴുതുന്നത് പാമരന്മാരെ ലക്ഷ്യം വച്ചല്ല. പണ്ഡിതന്മാർക്കു വേണ്ടിയാണ്. അതുകൊണ്ടുതന്നെ സാമാന്യന്മാർക്ക് അർത്ഥ ഗ്രഹണ ക്ലേശം ഉളവാക്കുന്ന ശ്ലോകങ്ങളാണേറെയും. ശബ്ദം കൊണ്ടിന്ദ്രജാലം കാട്ടുന്നതിനും അപൂർവ്വപദങ്ങളെ പ്രയോഗിക്കുന്നതിനും കവി പ്രത്യേക സാമർത്ഥ്യം പ്രകടിപ്പിക്കുന്നു. പ്രാസഭ്രമം വളരെയധികമാണ്. യമക ശ്ലേഷാദികൾ സാർവ്വത്രികമായിത്തന്നെ പ്രയോഗിച്ചിട്ടുണ്ട്. ഭാവാനുരോധമായി വിഭിന്ന വൃത്തങ്ങൾ സ്വീകരിച്ചാണു രചന. മനോഹരങ്ങളായ കല്പനകളും അലങ്കാര പ്രയോഗങ്ങളും ധാരാളമായുണ്ട്. കാല്പനിക കവിതയുടെ അളവു കോലുകൾ കൊണ്ട് പി. കെ. യുടെ കവിതയെ അളക്കാനാവില്ല.



സംസ്കൃതത്തിലും പി. കെ. കാവ്യരചന നടത്തിയിട്ടുണ്ട്. അവ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടവയുമാണ്. നർമ്മത്തിനും ഹാസ്യത്തിനും സ്ഥാനം നല്കാതെ ഗൗരവമായും ഹൃദയസ്പൃക്കായും കവിത രചിച്ച സന്ദർഭങ്ങളിലൊക്കെ സംസ്കൃത ഭാഷയെയാണ് അദ്ദേഹം സ്വീകരിച്ചു കാണുന്നത്. മനസ്സിനെ ഉൽക്കടമായി സ്പർശിക്കുന്ന ഭക്തി, ശോകം മുതലായ ഭാവങ്ങൾക്കു പ്രാമുഖ്യമുള്ള കവിതകളേറെയും സംസ്കൃതത്തിലാണ്. ശിവദശകം, കുമാരീസ്തോത്രനക്ഷത്രമാല, ഹരിണാലയ മഹാദേവപഞ്ചകം തുടങ്ങിയ സ്തോത്രങ്ങളും, കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, ഏ. ആർ. രാജരാജവർമ്മ, ചട്ടമ്പിസ്വാമികൾ എന്നിവരുടെ ചരമത്തിൽ അനുശോചിച്ചു കൊണ്ടെഴുതിയ ശ്ലോകങ്ങളും ഉദാഹരണങ്ങളാണ്. കവി മനസ്സിനെ തുറന്നു കാട്ടുന്ന ഭാവപ്രധാനമായ ഈ സംസ്കൃതകവനങ്ങളിൽ ലളിതമായ ഒരു ഭാഷാ ശൈലിയാണ് സ്വീകരിച്ചു കാണുന്നത്. ശബ്ദംകൊണ്ടുള്ള ഇന്ദ്രജാലങ്ങളോ പാണ്ഡിത്യ പ്രകടനമെന്നു തോന്നിക്കുന്ന വർണ്ണനകളോ അധികമില്ലാതെ പ്രശാന്തമായ ഒരു ചാരുതയാണ് അവയിൽ പൊതുവെ ദൃശ്യമാകുന്നത്. ഭാവസംവേദനത്തിൽ പ്രത്യേകം ശ്രദ്ധിച്ചിട്ടുള്ള ഈ സംസ്കൃത കവനങ്ങളെ പരിഗണിക്കാതെ പി. കെ. യിലെ കവിയെ വിലയിരുത്തുന്നതു ശരിയല്ല.

# 12

# പ്രസംഗകൻ

ജനമദ്ധ്യത്തിൽ പി. കെ. യെ പ്രസിദ്ധനും പ്രിയങ്കരനുമാക്കി മാറ്റിയതിൽ ഒരു വലിയ പങ്ക് അദ്ദേഹത്തിന്റെ പ്രസംഗങ്ങൾക്കുണ്ട്. പാണ്ഡിത്യത്തോടൊപ്പം പ്രഭാഷണ ചാതുര്യവും അദ്ദേഹത്തിൽ മേളിച്ചിരുന്നു. വിദ്യാർത്ഥിയായിരുന്ന ഘട്ടം മുതൽ തന്നെ സമർത്ഥനായ ഒരു പ്രഭാഷകനെന്ന് പേരെടുക്കാൻ അദ്ദേഹത്തിനു സാധിച്ചു. അദ്ധ്യാപക വൃത്തിയിലേർപ്പെട്ടതോടെ ആ പ്രഭാഷണ ചാതുര്യം കൂടുതൽ വികാസമാർജ്ജിച്ചു. കോടതി മുറികളിലും നാനാപ്രകാരേണയുള്ള പൊതുസദസ്സുകളിലും നിയമസഭയിലും ഒക്കെ ആ സരസ പ്രഭാഷണങ്ങൾ ജനഹൃദയങ്ങളെ വശീകരിച്ചു.

പി. കെ. യുടെ പ്രധാനപ്പെട്ട പല പ്രബന്ധങ്ങളും പ്രസംഗവേദികളിൽ ഉടലെടുത്തവയാണ്. വിദ്യാർത്ഥിയായിരുന്നപ്പോൾ തന്നെ കോളേജു മലയാളസാമ്രാജ്യത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പ്രസംഗങ്ങൾ പൊതുജനശ്രദ്ധയെ ആകർഷിച്ചിട്ടുണ്ട്. സമകാലിക മലയാളസാഹിത്യത്തെ വിലയിരുത്തിക്കൊണ്ടു ചെയ്ത ഒരു പ്രസംഗം **ഭാഷാപോഷിണി**യിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. പില്ക്കാലത്ത് **കുഞ്ചൻ നമ്പ്യാർ** പോലെയുള്ള പ്രൗഢവിമർശന ഗ്രന്ഥങ്ങളും പ്രസംഗവേദിയിൽ നിന്നു ജന്മം കൊണ്ടവയാണെന്നു നേരത്തേ സൂചിപ്പിച്ചുവല്ലോ. പി. കെ. യുടെ സാഹിത്യ പരിഷത് പ്രസംഗങ്ങളും പ്രാധാന്യമർഹിക്കുന്നവയാണ്. 1927-ൽ (ME 1102) ഇടപ്പള്ളിയിൽ വച്ചു നടന്ന പ്രഥമ സാഹിത്യ പരിഷത് സമ്മേളനത്തിൽ പ്രഥമാദ്ധ്യക്ഷൻ പി. കെ. ആയിരുന്നു. 1930-ൽ (ME 1105) തിരുവനന്തപുരത്തുവച്ചു നടന്ന സാഹിത്യ പരിഷത് സമ്മേളനത്തിലും അദ്ദേഹത്തിന് അദ്ധ്യക്ഷസ്ഥാനമുണ്ടായിരുന്നു. 1931-ൽ കൊല്ലത്തും 1932-ൽ എറണാകുളത്തും വച്ചു നടന്ന സാഹിത്യ പരിഷത് സമ്മേളനങ്ങളിലും പി. കെ. ആദ്ധ്യക്ഷ്യം വഹിച്ചു. കൊല്ലം സാഹിത്യപരിഷത്തിൽ വച്ച് സമകാലിക സാഹിത്യത്തെപ്പറ്റിയുള്ള പി. കെ. യുടെ പരാമർശങ്ങൾ രൂക്ഷമായ അഭിപ്രായ വ്യത്യാസത്തിന് കാരണമായി. ചില പ്രസംഗകർ പഴയ ചില കാവ്യപ്രസ്ഥാനങ്ങളെ രൂക്ഷമായെതിർക്കുകയും ചെയ്തു. ഈ വിവാദത്തെപ്പറ്റി **കേസരി**പത്രത്തിൽ അതിന്റെ പത്രാധിപരും അനന്തര



കാലത്ത് പ്രസിദ്ധ വിമർശകനായി പേരെടുക്കുകയും ചെയ്ത എ. ബാലകൃഷ്ണപിള്ള മുഖപ്രസംഗമെഴുതി. ആ മുഖപ്രസംഗം പി. കെ. പ്രഭൃതികളെ രൂക്ഷമായെതിർത്തുകൊണ്ടുള്ളതായിരുന്നു. പി. കെ. യുടെ സാഹിത്യ പഞ്ചാനനത്വത്തെ സാഹിത്യജംബുകത്വമെന്ന് ബാലകൃഷ്ണപിള്ള കളിയാക്കി. കൊല്ലം സമ്മേളനത്തിലെ അദ്ധ്യക്ഷപ്രസംഗമൊഴികെയുള്ള മറ്റ് അദ്ധ്യക്ഷ പ്രസംഗങ്ങളും എല്ലാ ഉപസംഹാര പ്രസംഗങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഗഹനമായ സാഹിത്യ തത്ത്വങ്ങളേ ചില പ്രസംഗങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. സമകാലിക സാഹിത്യത്തിന്റെ ന്യൂനതകളെ ശക്തമായ ഭാഷയിൽ ചിലയിടത്തു ചൂണ്ടിക്കാട്ടിയിട്ടുമുണ്ട്.

സാമൂഹിക പരിഷ്കരണത്തിനു വേണ്ടിയുള്ള ശക്തമായ വാദകോലാഹലങ്ങൾ മുഴങ്ങിക്കൊണ്ടിരുന്ന അക്കാലത്ത് അമ്മാതിരി വിഷയങ്ങൾ ചർച്ചയ്ക്കെടുക്കുന്ന പല പൊതുസമ്മേളനങ്ങളിലും ആദ്ധ്യക്ഷ്യം വഹിക്കാനും ഉജ്ജ്വലമായ പ്രഭാഷണങ്ങൾ കൊണ്ട് ജനങ്ങളെ പ്രബുദ്ധരും പുരോഗമനോന്മുഖരും ആക്കാനും പി. കെ. യ്ക്കു സാധിച്ചിട്ടുണ്ട്. 1911-ൽ (1086 ME) അരൂർ വച്ചുകൂടിയ കേരളീയ നായർ സമാജ വാർഷികത്തിലെ പ്രസംഗം 1922-ലെ കൊല്ലം നായർ സമ്മേളനത്തിലെ അദ്ധ്യക്ഷ പ്രസംഗം 1922-ൽ തിരുവല്ലായിൽ വച്ചു നടന്ന ഹൈന്ദവ മഹാസമ്മേളനത്തിലെ അദ്ധ്യക്ഷ പ്രസംഗം 1926-ൽ വർത്തമാനപ്പത്ര റഗുലേഷനെതിരെ നടത്തിയ പ്രസംഗം തുടങ്ങിയവ ഇക്കൂട്ടത്തിൽ പെടുന്നവയാണ്. പി. കെ. യുടെ നിയമസഭാ പ്രസംഗങ്ങൾ ചരിത്രരേഖകളായി മാറിയവയാണ്.

ഇംഗ്ലീഷിനും മലയാളത്തിനും പുറമേ സംസ്കൃതത്തിലും തമിഴിലും ഭംഗിയായി പ്രസംഗിക്കാൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നു. ഒരു സദസ്സിൽ, സദസ്യരുടെ ആവശ്യപ്രകാരം ഇങ്ങനെ നാലുഭാഷകളിലും പ്രസംഗിച്ചിട്ടുമുണ്ട്. ഇംഗ്ലീഷിൽ പി. കെ. യുടെ ഉച്ചാരണ ശുദ്ധിയുടെ കാര്യത്തിൽ ചിലർ സംശയം പ്രകടിപ്പിച്ചിട്ടുണ്ടെങ്കിലും ആ പ്രസംഗത്തിന്റെ ഹൃദ്യതയും ആശയ സമ്പുഷ്ടതയും സാർവ്വത്രികമായി പ്രകീർത്തിക്കപ്പെട്ടിട്ടുണ്ട്.

സവിശേഷവും സാഹിത്യസ്ഫുരിതവുമായ ശൈലീവിലാസം, സ്വതന്ത്രചിന്തയുടെ സാന്നിദ്ധ്യം, ആശയാനുസൃതമായ ഭാഷ, സമയോചിതമായ ഫലിതപരിഹാസങ്ങൾ തുടങ്ങിയവ ആ പ്രസംഗങ്ങളിൽ മേളിച്ചിരുന്നു. വസ്തുതകളെ അപഗ്രഥിച്ച് വേണ്ട രീതിയിൽ യുക്തിയുക്തമായി അവതരിപ്പിക്കാനുള്ള കഴിവ് പി. കെ. യ്ക്കുണ്ടായിരുന്നു. അതിനുവേണ്ടി ഉപാഖ്യാനങ്ങളോ കല്പിതകഥകളോ യഥേഷ്ടം ചേർത്ത് സ്വാരസ്യത്തെ വർദ്ധിപ്പിച്ച് ആശയങ്ങളെ ശക്തമായി ശ്രോതാക്കളുടെ മനസ്സിൽ പതിപ്പിക്കാൻ പി. കെ. യുടെ പ്രസംഗങ്ങൾക്ക് പ്രത്യേക കഴിവുണ്ട്.

# 13

# ഗൃഹസ്ഥാശ്രമി

**പി.** കെ. യുടെ ഗാർഹസ്ഥ്യ ജീവിതത്തെക്കുറിച്ച് ഇതുവരെ പ്രതിപാദിച്ചില്ല. സന്തുഷ്ടവും മേൽക്കുമേൽ അഭിവൃദ്ധിയ്ക്ക് സഹായകവുമായ ഒരു ഗാർഹസ്ഥ്യ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. തികച്ചും അദ്ദേഹത്തിന് അനുയോജ്യയായിരുന്നു പ്രിയതമ. തിരുവിതാംകൂറിലെ ഉദ്യോഗസ്ഥ പ്രമാണിമാരുടേയും സമുദായസ്നേഹികളുടേയും കൂട്ടത്തിൽ മുൻപിൽ നിന്നിരുന്ന ദിവാൻ പേഷ്കാർ കണ്ടനാട്ടു നാരായണമേനോന്റെ ദ്വിതീയ പുത്രി പാറുക്കുട്ടിയമ്മയാണ് പി. കെ. യുടെ സഹധർമ്മിണി. സ്ത്രീകൾക്ക് ഉന്നതവിദ്യാഭ്യാസം നല്കുന്നതിൽ മേനോന് താത്പര്യമുണ്ടായിരുന്നില്ലെങ്കിലും ഗൃഹഭരണാദികളിൽ അവരെ പ്രാപ്തരാക്കുന്നതിനും മനോവികാസം ഉളവാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വിദ്യാഭ്യാസം അവർക്കു നല്കുന്നതിൽ അദ്ദേഹം വിമുഖനായിരുന്നില്ല. മിഡിൽ സ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം തന്റെ പെൺമക്കളെ സ്ക്കൂളിലയയ്ക്കാതെ വീട്ടിലിരുത്തി അനുയോജ്യരായ അദ്ധ്യാപകരെ ഏർപ്പെടുത്തി സംഗീതം, സാഹിത്യം മുതലായവയിൽ വേണ്ട പരിശീലനം നല്കുകയാണദ്ദേഹം ചെയ്തത്. സംസ്കൃതം, ഇംഗ്ലീഷ്, മലയാളം മുതലായ ഭാഷകളും പൊതുവിഷയങ്ങളും അവർ സാമാന്യേന അഭ്യസിച്ചു.

പില്ക്കാലത്തു തന്റെ ശ്വശുരനായിത്തീർന്ന കണ്ടനാട്ടു നാരായണമേനോൻ പി. കെ. യ്ക്കു അപരിചിതനായിരുന്നില്ല. കോട്ടയത്ത്, പി.കെ. അഭിഭാഷകവൃത്തിയുമായി കഴിഞ്ഞിരുന്ന സന്ദർഭത്തിലാണ് മേനോന്റെ മകളുമായുള്ള വിവാഹാലോചന നടന്നത്. വധുവിൽ ഉണ്ടായിരിക്കേണ്ടതായി അദ്ദേഹം ആഗ്രഹിച്ചിരുന്ന ഗുണങ്ങൾ, നന്നായി ഗൃഹഭരണം നിർവ്വഹിക്കാനുള്ള കഴിവും കാര്യഗ്രഹണപാടവവും സാഹിത്യ വാസനയും മിതവ്യയശീലവും മറ്റുമായിരുന്നു. ഈ വക ഗുണങ്ങൾ പാറുക്കുട്ടിയമ്മയ്ക്കുണ്ടെന്നു മനസ്സിലായതോടെ പി. കെ. വിവാഹത്തിനു സന്നദ്ധനായി. നാരായണമേനോൻ അന്നു പത്മനാഭപുരം പേഷ്ക്കാരായിരുന്നു. മേനോന്റെ അന്നത്തെ താമസസ്ഥലമായിരുന്ന തക്കലവച്ച് 1910-ൽ ആ



വിവാഹം നടന്നു. തുടർന്ന് പി. കെ.' പ്രിയതമയുമൊത്ത് കോട്ടയത്ത് താമസമായി. ഈ ദാ മ്പത്യ ബന്ധം തിരക്കേറിയ അഭിഭാഷക ജീവിതത്തിൽ മേല്ക്കുമേൽ വിജയം കൈവരിക്കുന്നതിലുള്ള ഉത്സാഹം ഉളവാക്കിയതോടൊപ്പം തന്നെ സംഗീതസാഹിത്യാദികളിലേയ്ക്ക് അദ്ദേഹത്തെ പ്രത്യാനയിക്കുകയും ചെയ്തു. കുറച്ചുകാലമായി മുടങ്ങിക്കിടന്ന സാഹിത്യപ്രവർത്തനങ്ങൾ പുനരാരംഭിച്ചത് വിവാഹാനന്തരമാണ്. 1908-നു ശേഷം പി. കെ. യുടെ ലേഖനങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് 1911-ൽ വിവാഹശേഷമാണ്. പിന്നെ അന്ത്യകാലംവരേയും നിരന്തരമായിത്തന്നെ അദ്ദേഹം ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. വിവാഹാനന്തരം ജീവിതത്തിനു പ്രത്യേകിച്ചൊരു ചിട്ടയും ക്രമവുമുണ്ടാകുകയും തൊഴിൽപരമായി വളരെ അഭിവൃദ്ധിപ്പെടുകയും ചെയ്തു. പല വലിയ കേസ്സുകളിലേയും വക്കാലത്ത് അദ്ദേഹത്തിന് ലഭിച്ചു. കോട്ടയം ബാറിലെ പ്രധാന അഭിഭാഷകരുടെ കൂട്ടത്തിൽ ഒരാളായി അദ്ദേഹം ഉയർന്നു.

ഗൃഹഭരണത്തിൽ അസാമാന്യ വൈദഗ്ദ്ധ്യം പ്രിയതമയ്ക്ക് ഉണ്ടായിരുന്നതു കൊണ്ട് ഗൃഹഭരണ ക്ലേശങ്ങൾ കാര്യമായൊന്നും പി. കെ. യെ അലട്ടിയിട്ടില്ല. മുഴുവൻ സമയവും തൊഴിൽപരമായ കാര്യങ്ങൾക്കും സാഹിത്യാദികൾക്കും പൊതുപ്രവർത്തനങ്ങൾക്കും വേണ്ടി വിനിയോഗിക്കാൻ സാധിച്ചത് ഇത്തരമൊരു ദാമ്പത്യ ബന്ധമായതു കൊണ്ടാണ്. കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിലോ മറ്റു ദൈനംദിന ഗൃഹഭരണകാര്യങ്ങളിലോ അദ്ദേഹത്തിന്റെ ശ്രദ്ധ പതിയേണ്ട ആവശ്യമേ ഇല്ലായിരുന്നു. 1923-ൽ പി. കെ. പ്രാക്ടീസ് തിരുവനന്തപുരത്ത് ഹൈക്കോടതിയിലേയ്ക്കു മാറ്റുന്നതുവരെ കോട്ടയത്തു തന്നെയായിരുന്നു താമസം. തിരുവനന്തപുരത്തെത്തിയതോടെ ഗാർഹിക കാര്യങ്ങളിലെ ഉത്തരവാദിത്വം കുറെക്കൂടി കുറഞ്ഞിരിക്കാനാണു സാദ്ധ്യത. പിന്നെ മരണപര്യന്തം തിരുവനന്തപുരത്തു തന്നെയായിരുന്നു പി. കെ. യുടെ സ്ഥിരതാമസം. ഔദ്യോഗിക മണ്ഡലത്തിലും സമൂഹത്തിൽ പൊതുവേയും ശ്വശുരനുണ്ടായിരുന്ന ഉന്നതനില പി. കെ. യുടെ പ്രസിദ്ധിയ്ക്കും ഉന്നമനത്തിനും കുറേ ഒക്കെ സഹായകമായിത്തീർന്നിരിക്കാനും സാദ്ധ്യതയുണ്ട്.

സന്തോഷകരമായ ഈ ദാമ്പത്യബന്ധം ഒരു പുത്രിയ്ക്കും അഞ്ചു പുത്രന്മാർക്കും ജന്മം നല്കി. പി. കല്യാണിക്കുട്ടിയമ്മയാണ് പി. കെ. യുടെ ഏക പുത്രി. ടി. എൻ. ഗോപാലൻ നായർ, ടി. എൻ. പരമേശ്വരൻ നായർ, ടി. എൻ. ഗോപിനാഥൻ നായർ, മേജർ ജനറൽ ടി. എൻ. രാമചന്ദ്രൻ നായർ (Rtd), ലെഫ്റ്റനന്റ് കേണൽ ടി. എൻ. കുഞ്ഞിരാമൻ നായർ (Rtd)

എന്നിവരാണ് പി. കെ. യുടെ പുത്രന്മാർ. മലയാളത്തിലെ പ്രശസ്തനായ ഒരു നാടകകൃത്തും സംഗീതനാടക അക്കാദമിയുടെ ചെയർമാനുമായിരുന്നു ടി. എൻ ഗോപിനാഥൻ നായർ. ആകാശവാണിയിലും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഹൈക്കോടതിയിലെ ന്യായാധിപ സ്ഥാനത്തു നിന്നും വിരമിച്ചശേഷം പൊതു പ്രവർത്തനത്തിലാണ് പി. കെ. ശ്രദ്ധ കേന്ദ്രീകരിച്ചത്. തിരുവനന്തപുരത്തുവച്ച് പൗരസ്ത്യ സമ്മേളനത്തിന്റെ യോഗം നടത്തുന്നതിനുള്ള ആലോചനകൾ 1936-ൽ പി. കെ. യുടെ നേതൃത്വത്തിൽ നടന്നു. പക്ഷേ അതിൽ സംബന്ധിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. മാനസികവും ബുദ്ധിപരവുമായ അമിതപരിശ്രമങ്ങളും വേണ്ടത്ര വ്യായാമമില്ലായ്മയും മറ്റും അദ്ദേഹത്തെ ശാരീരികമായി ദുർബ്ബലനാക്കിത്തീർത്തിരുന്നു. ക്രമേണ രോഗപീഡകൾ ആരംഭിച്ചു. കാൽവിരൽ ഒരിക്കൽ എന്തിലോ തട്ടിമുറിഞ്ഞത് ക്രമേണ വലിയ വ്രണമായി മാറി. പ്രമേഹരോഗവുമുണ്ടായിരുന്നു; പനിയും ബാധിച്ചു. ഡോക്ടർമാർ പരിശോധിച്ച് വിരൽ ഛേദിക്കണമെന്ന് ആദ്യം അഭിപ്രായപ്പെട്ടു. രണ്ടുദിവസംകൂടി കഴിഞ്ഞപ്പോൾ കാൽ തന്നെ ഛേദിക്കണമെന്ന നിലയിലായി. രോഗിയോടു വിവരം പറഞ്ഞപ്പോൾ, പ്രതീക്ഷയ്ക്കു വിപരീതമായി ശാന്തമായി അതിനനുമതി നല്കുകയാണുണ്ടായത്. 1936-ൽ (1111 ഇടവം 11 ME) അദ്ദേഹത്തിന്റെ വലതുകാൽ ശസ്ത്രക്രിയയിലൂടെ ഛേദിച്ചു. ഈ സ്ഥിതിയിലും തികഞ്ഞ സമചിത്തതയും നർമ്മബോധവും അദ്ദേഹത്തിനുണ്ടായിരുന്നു. ഡോക്ടർ പരിശോധനയ്ക്ക് ചെന്നപ്പോൾ "Doctor, you thought that I would not stand the operation; however it is true that I cannot stand after the operation" എന്നിങ്ങനെ സരസമായാണ് സംസാരിച്ചതെന്ന് പി. കെ. പരമേശ്വരൻ നായർ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ''കാലൻ കാലിൽ പിടിച്ചപ്പോൾ ഗൗളിവാലു കളഞ്ഞിട്ട് പോകുന്നതുപോലെ താൻ കാലു കളഞ്ഞു രക്ഷപ്പെട്ടു'' എന്നും ഒരു സുഹൃത്തിനോടു പറഞ്ഞു. മറ്റൊരവസരത്തിൽ താൻ അകാലിയും (കാലില്ലാത്തവൻ) സിക്കു (രോഗി)മായിത്തീർന്നുവെന്നും നേരമ്പോക്കു പറഞ്ഞു. ക്രമേണ രോഗവിമുക്തനായി പ്രവൃത്തി മണ്ഡലത്തിലേയ്ക്ക് മടങ്ങി വന്നു. ആത്മകഥാസ്വഭാവമുള്ള **സ്മരണമണ്ഡലത്തിന്റെ** രചന ഈ ഘട്ടത്തിലാണാരംഭിച്ചത്. ഓർമ്മശക്തിക്കും മനോഹരമായ ശൈലീവിലാസത്തിനും യാതൊരു ഹാനിയും രോഗം മൂലം ഉണ്ടായില്ലെന്നു ആ കൃതി തെളിയിയ്ക്കുന്നു. നർമ്മബോധം വർദ്ധിച്ചിട്ടുണ്ടെങ്കിലേ ഉള്ളൂ. കാലുമുറിച്ചതിനുശേഷം ഒരു സ്നേഹിതനെഴുതിയ കത്തിന്റെ അടിയിൽ 'മുക്കാലേ അരയ്ക്കാൽ



നാരായണപിള്ള, എന്നാണ് തന്റെ പേരെഴുതിയത്. ഏറെത്താമസിയാതെ വീണ്ടും രോഗബാധ തലപൊക്കി. ചെവിക്കുള്ളിൽ വന്ന കുരുവായിരുന്നു ഇത്തവണ അസുഖം. ഒരു മാസത്തിലേറെക്കാലത്തെ ആശുപത്രിവാസം കൊണ്ട് അതും ഭേദപ്പെട്ടു. വീണ്ടും സാഹിത്യ പ്രവർത്തനങ്ങളിൽ വ്യാപൃതനായി. ചില വ്യാകരണ ലേഖനങ്ങളും ഈ ഘട്ടത്തിൽ രചിച്ചു. ക്രമേണ ശരീര ക്ഷീണം കൂടിവരുകയും അന്ത്യഘട്ടത്തിലേയ്ക്ക് കടക്കുകയുമായിരുന്നു. പുസ്തകങ്ങളോടും വായനയോടുമുള്ള താത്പര്യം അന്ത്യദിനം വരേയും നില നിന്നു. നേരത്തെ തന്നെ മുക്കാൽ പങ്കും വായിച്ചു കേട്ടിരുന്ന **കേരളവർമ്മദേവൻ** എന്ന പുസ്തകം മുഴുവനും വായിച്ചു കേൾക്കണമെന്നു മരണദിനത്തിന്റെയന്നു നിർബന്ധം പിടിക്കുകയും സന്ധ്യയോടെ അതു മുഴുവൻ വായിച്ചു കേൾക്കുകയും ചെയ്തു. തുടർന്ന് ആഹാരവും കഴിഞ്ഞ് ബന്ധുജനങ്ങളോടൊപ്പം സംസാരിച്ചിരുന്നിട്ട് കൂടെ ഉണ്ടായിരുന്ന ഡോക്ടറോട് 'ഇന്നു പോകണ്ട' എന്നു പറഞ്ഞിട്ട് ശയ്യയിലേയ്ക്കു പോയ പി. കെ. പിന്നെ ഉണർന്നില്ല. 1938 ഫെബ്രുവരി മാസത്തിലാണ് (1113 മകരം 28 ME) ഇതു സംഭവിച്ചത്.

ജീവിതമെന്നാൽ പി. കെ. യ്ക്ക് അവിരാമമായ പ്രയത്നം തന്നെയായിരുന്നു. ഇങ്ങനെ കൃത്യാന്തരബാഹുല്യത്തോടെ ജീവിതത്തിന്റെ വിജയസോപാനങ്ങൾ ഒന്നൊന്നായി കടന്നുപോയ പി. കെ. യുടെ ഗാർഹിക ജീവിതം ഒരു നേരിയ രേഖമാതിരി പരിണമിച്ചുവെന്നും വാസ്തവത്തിൽ ഗൃഹജീവിതത്തിന് ഏറെക്കുറെ ബാഹ്യനായിട്ടാണ് അദ്ദേഹം കാലം കഴിച്ചതെന്നും ജീവചരിത്രകാരൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഗാർഹികമണ്ഡലം അശേഷം ക്ലേശകരമായിരുന്നില്ല. 'മനോനുകൂലയായ സഹധർമ്മിണി, സൗശീല്യനിധികളായ സന്താനങ്ങൾ, ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരുന്ന ധനസ്ഥിതി, ഉദ്ദിഷ്ടകാര്യങ്ങളിൽ വിജയം എന്നിങ്ങനെയുള്ള സാഹചര്യങ്ങൾ ഗാർഹിക സൗഭാഗ്യത്തെ നാൾക്കുനാൾ വർദ്ധിപ്പിക്കുകയാണു ചെയ്തതെന്നും' അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. പക്ഷേ ഗാർഹികമായ ഈ സന്തോഷവും സമാധാനവും പി. കെ. യെ അലസനാക്കിയില്ല. കൃത്യാന്തരങ്ങളിൽ നിന്നും അദ്ദേഹത്തെ പിൻതിരിപ്പിച്ചുമില്ല. സാഹിത്യത്തിലും രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലും കൂടുതൽ ഊർജ്ജസ്വലമായി, പ്രവർത്തിക്കാനുള്ള പ്രേരണ നല്കുകയേ ചെയ്തുള്ളൂ.

---

# 14

# ഉപസംഹാരം

**20-ാം** ശതകാരംഭത്തിൽ നാനാരംഗങ്ങളിലും ദൂരവ്യാപകമായ പരിവർത്തനങ്ങൾ വരുത്തിക്കൊണ്ട് സമൂഹത്തെ മുന്നോട്ടു നയിക്കാൻ കെല്പുള്ള കുറേ പ്രഗല്ഭമതികൾ കേരളത്തിലുണ്ടായിരുന്നു. സംസ്കൃതത്തിലും ഇംഗ്ലീഷിലും മികച്ച പാണ്ഡിത്യം നേടിയവരും സമതുലിതമായ വികാരവിചാരങ്ങളോടു കൂടിയവരുമായിരുന്നു അവർ. അന്ധമായ വികാരാവേശത്തിനു വശംവദമാകാതെ യുക്ത്യധിഷ്ഠിതമായ രീതിയിൽ പുരോഗമനോന്മുഖമായ ഒരു ജീവിതവീക്ഷണമായിരുന്നു അവരുടേത്. അവരാരും വെറും യാഥാസ്ഥിതികരോ തീവ്രവാദികളോ ആയിരുന്നില്ല. തങ്ങളുടെ പ്രവൃത്തി മണ്ഡലങ്ങളിൽ, കർമ്മനിരതമായ ജീവിതം നയിച്ച് ഉജ്ജ്വലവിജയം നേടാൻ അവരിൽ മിക്കവർക്കും സാധിച്ചു. അക്കൂട്ടത്തിൽ, രാഷ്ട്രീയം, സാമൂഹികം, സാമുദായികം, സാഹിത്യം എന്നുതുടങ്ങി അനേകം പ്രവൃത്തിമണ്ഡലങ്ങളിൽ വ്യാപരിച്ച് വിജയം നേടാനും സമൂഹപുരോഗതിയെ ത്വരിപ്പിക്കാനും സാധിച്ച വ്യക്തിയാണ് പി. കെ. നാരായണപിള്ള.

പക്ഷേ 20-ാം ശതകത്തിന്റെ ആദ്യത്തെ ഏതാനും ദശകങ്ങൾ പിന്നിട്ടതോടെ ഇപ്രകാരം സമതുലിതമായ വികാരവിചാരങ്ങളോടുകൂടിയ പ്രതിഭാശാലികൾ അപ്രത്യക്ഷരാവുകയും വിചാരത്തേക്കാൾ വികാരത്തിനും സമചിത്തതയേക്കാൾ ആവേശത്തിനും മുൻതൂക്കമുള്ള ഒരു തലമുറ രംഗത്തു വരികയും ചെയ്തു. എല്ലാ രംഗങ്ങളിലും യുക്തിയെ പുറംതള്ളിക്കൊണ്ട് വികാരാവേശവും സങ്കുചിത ചിന്താഗതികളും ക്രമേണ പ്രാബല്യം നേടിവരുന്ന കാലഘട്ടമാണിത്. ഇത്തരം ചിന്താഗതികളുമായി പൊരുത്തപ്പെടാനാവാതെ വന്നപ്പോൾ ഒട്ടനവധി സാമൂഹിക പരിഷ്കരണങ്ങൾക്കുവേണ്ടി വീറോടെ വാദിച്ചു വിജയം വരിച്ച അദ്ദേഹത്തിന്റെ പൂർവ്വകാല ചരിത്രം അനന്തരകാലികർ വിസ്മരിച്ചു. വെറും യാഥാസ്ഥിതികനെന്ന ധാരണ അദ്ദേഹത്തെപ്പറ്റി പ്രബലമാവുകയും ചെയ്തു.

സാഹിത്യരംഗത്ത് കാല്പനികത അതിന്റെ പാരമ്യത്തിലെത്തി. തുടർന്ന് കാല്പനികാനന്തര സാഹിത്യ സിദ്ധാന്തങ്ങൾക്ക് അമിത പ്രചാരം



കിട്ടുകയും അവയുടെ ഒട്ടൊക്കെ അന്ധമായ അനുകരണങ്ങൾ കൊണ്ട് മലയാളസാഹിത്യരംഗം നിറയുകയും ചെയ്തു. ഈ പരിതസ്ഥിതികളുമായി പൊരുത്തപ്പെട്ടു പോകാൻ പി. കെ. യ്ക്കു സാധിച്ചില്ല. ആംഗല-സംസ്കൃത കൃതികളിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്ന അദ്ദേഹത്തിന് സമകാലിക സാഹിത്യം കുട്ടിക്കളി മാതിരിയേ അനുഭവപ്പെട്ടുള്ളു. പ്രമുഖ കാല്പനിക കവിയായ ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ കവിതകളെ മിഠായിക്കവിതകളെന്നാണ് അദ്ദേഹം വിശേഷിപ്പിച്ചിരുന്നത്. സിംബോളിസം പോലുള്ള പ്രസ്ഥാനങ്ങളിൽ ആവിർഭവിച്ച കൃതികളും അദ്ദേഹത്തിനു രുചിച്ചില്ല. ആ പ്രസ്ഥാനങ്ങളിൽ കേരളത്തിലുണ്ടായ ആദ്യകാല കൃതികൾ അത്ര മെച്ചപ്പെട്ടവയും ആയിരുന്നില്ല. സമകാലിക സാഹിത്യത്തോടുള്ള ഈ പരാങ്മുഖത്വം പഴഞ്ചൻ സംസ്കൃതപണ്ഡിതനെന്ന് അദ്ദേഹത്തെ അനന്തരകാലികർ തെറ്റിദ്ധരിക്കുന്നതിനു വഴിയൊരുക്കി. എന്നാൽ തന്റെ കാലഘട്ടം വരെയുള്ള ആംഗല സാഹിത്യവുമായും സാഹിത്യചിന്തയുമായും നല്ല പരിചയം പി. കെ. യ്ക്കുണ്ടായിരുന്നുവെന്നതാണ് വാസ്തവം. കോംറിഡ്ജ്, കാൻറ്, ബനഡിറ്റോ ക്രോച്ചേ തുടങ്ങിയവരുടെ കൃതികളൊക്കെ അദ്ദേഹത്തിനു സുപരിചിതമായിരുന്നു.

ചുരുക്കത്തിൽ അനന്തരകാലത്ത് ഏറെ തെറ്റിദ്ധരിക്കപ്പെട്ട ഒരു പ്രതിഭാശാലിയും പുരോഗമനവാദിയും ആണ് സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള. നവീന പഠനങ്ങൾ അദ്ദേഹത്തിന്റെ മഹത്വം കണ്ടെത്താതിരിക്കില്ല.

# തിരഞ്ഞെടുക്കപ്പെട്ട ഗ്രന്ഥസൂചി


അന്തപ്പായി, സി. **ഭാഷാനാടക പരിശോധന**, തൃശ്ശൂർ, സി. എ. പോറം

ആര്യഭടൻ . **കരുണയും കുചേലവൃത്തവും**, ആലപ്പുഴ, ജയറാം പ്രിന്റിംഗ് വർക്സ്, M.E 1111

കുഞ്ഞപ്പ, മൂർക്കോത്ത് . **മലയാള മനോരമ സംസ്കാര തരംഗിണി** കോട്ടയം; മലയാള മനോരമ പബ്ലീഷിംഗ് ഹൗസ്: 1973

കൃഷ്ണപിള്ള, എൻ. **കൈരളിയുടെ കഥ**, SPCS: 1975

ഗംഗാധരൻ, തിക്കുറിശ്ശി . **കേരളവർമ്മയും മലയാള ഗദ്യവും** കോട്ടയം, SPCS, 1984.

ഗോപാലൻ നായർ, വി. കെ. സാഹിത്യപഞ്ചാനനൻ **പി. കെ. നാരായണപിള്ള അഥവാ ആയുഷ്കാല ചിന്തകൾ**, ആലപ്പുഴ, ഭാസ്കര രാജൻ പ്രസ്സ് M.E.1118

ഗോപിനാഥൻ നായർ, റ്റി. എൻ. **എന്റെ ആൽബം**, കോട്ടയം SPCS: 1978

ജോസഫ് മുണ്ടശ്ശേരി . **കൊഴിഞ്ഞ ഇലകൾ 3-ാം ഭാഗം**, തൃശിവപേരൂർ, മംഗളോദയം: 1966

നാരായണപിള്ള പി. കെ. സാഹിത്യപഞ്ചാനനൻ **പഞ്ചാനനന്റെ വിമർശത്രയം**, കേരളസാഹിത്യ അക്കാദമി തൃശ്ശൂർ: 1980

**സാഹിത്യപഞ്ചാനനന്റെ കൃതികൾ** (4 ഭാഗങ്ങൾ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്: 1993, 1995 **കാവ്യമേഖല**, ടി. എൻ. കുഞ്ഞുരാമൻ നായർ: 1995

**പ്രയോഗദീപിക**, ശ്രീരാമവിലാസം കൊല്ലം: 1113 **വ്യാകരണപ്രവേശിക**, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്: 1995 ലഘുവ്യാകരണം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്: 1995

നാരായണപിള്ള സി. **ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ള**. ജി. രാമചന്ദ്രൻ: 1117

പത്മനാഭൻ, മന്നത്ത്. **മന്നത്തിന്റെ സമ്പൂർണ്ണകൃതികൾ** കോട്ടയം, വിദ്യാർത്ഥിമിത്രം : 1977

പത്മനാഭപിള്ള, ശ്രീകണ്ഠേശ്വരം. **കുഞ്ചൻ നമ്പ്യാർ മണിപ്രവാളം**, കൊല്ലം, വിദ്യാഭിവർദ്ധിനി: 1090

പരമേശ്വരൻ നായർ, പി. കെ. **സാഹിത്യപഞ്ചാനനൻ**, കേരളസാഹിത്യ അക്കാദമി: 1993

ബാലകൃഷ്ണപിള്ള, എ. **കേസരിയുടെ മുഖപ്രസംഗങ്ങൾ**, കോട്ടയം SPCS: 1967

ഭാഗീരഥിഅമ്മ, തമ്പുരാൻ, എം. രാഘവവർമ്മ രാജാ. **ഏ. ആർ. രാജരാജവർമ്മ 3-ാം ഭാഗം**, ഹരിപ്പാട്, മിനർവാ പ്രസ്സ്: 1961

മാധവൻ, പി. കെ. **ടി. കെ. മാധവന്റെ ജീവചരിത്രം** രണ്ടാംഭാഗം, കൊല്ലം, ശ്രീരാമവിലാസം: 1112 ME

രാമൻനായർ, സി. ഐ. **ഈ. വി. സ്മരണകൾ**, മാന്നാനം, സെൻറ് ജോസഫ്സ് പ്രസ്സ്: 1120 ME

**കല്യാണസൗഗന്ധികവാദപ്രതിവാദം 2-ാം പ.**, കോട്ടയം, ആർ. ഗോവിന്ദ പിള്ള: 1109

വേലായുധൻപിള്ള, പി. വി. **മലയാളസാഹിത്യ വിമർശനം**, കോട്ടയം, NBS: 1981

ശങ്കരമേനോൻ, കെ. പി. **കേസരിയുടെ കഥ**, കോട്ടയം, ഡി.സി. ബുക്സ്: 1978

ശ്രീധരൻ പിള്ള (സീതാരാമൻ) . **ഹാസ്യലഹരി**, തൃശ്ശൂർ മംഗളോദയം: ME 1124

സാം, എൻ. **മലയാളത്തിലെ സാഹിത്യാനുകാലികങ്ങൾ ഒരു പഠനം**, പി.എച്ച്.ഡി. പ്രബന്ധം, കേരള സർവ്വകലാശാല: 1984

സുകുമാർ അഴീക്കോട് . **മലയാളസാഹിത്യ വിമർശനം**, ശുകപുരം, വള്ളത്തോൾ വിദ്യാപീഠം: 1981